# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

## SECOND SESSION—1955.

*Saturday, the 19th March, 1955.*

Vol. XIII ] . OFFICIAL REPORT [ No. 2

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Saturday, the 19th March, 1955, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

## ORAL ANSWERS

† കാർഷിക കലാശാല.

✻ 18. [1] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിൽ അടുത്ത വിദ്യാലയവർഷം മുതൽ ഒരു കാർഷികകലാശാല ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനകം അതിനുവേണ്ട എന്തെല്ലാം പ്രവൃത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(സി) അതിന്റെ ആസ്ഥാനം എവിടെയായിരിക്കണമെന്നാണ് ഗവണ്മെന്റുദ്ദേശിക്കുന്നത്;

(ഡി) അതിലേയ്ക്കു മൊത്തം എന്തു ചെലവുവരും;

(ഈ) കേന്ദ്രഗവണ്മെന്റിൽ നിന്നും ഈ സ്ഥാപനത്തിന് എന്തെങ്കിലും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ;

† Question put by Shri P. Viswambaran with the permission of the Chair.

(എഫ്) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) ഉണ്ട്.

(ബി) കെട്ടിടങ്ങളും സ്ഥലവും വാങ്ങിക്കുന്നതിനും, ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനും, പുസ്തകങ്ങൾ, സാമഗ്രികൾ മററു ചെലവുകൾ മുതലായവയ്ക്കുമായി അടുത്ത കൊല്ലത്തെ ബഡ്ജററിൽ വേണ്ട തുക കൊള്ളിക്കുന്നതിന് ഏർപ്പാടു ചെയ്തിട്ടുണ്ട്. കൂടാതെ കലാശാലാപദ്ധതി പൂർണ്ണമാക്കുന്നതിനുള്ള ചെലവു 2-ാം പഞ്ചവത്സരപദ്ധതിയിൽ ചേർക്കുന്നതിനും ഏർപ്പാടു ചെയ്തിട്ടുണ്ട്.

(സി) ഇൻഡ്യാഗവണ്മെൻറിലേയ്ക്കയച്ച പദ്ധതിയിൽ തിരുവനന്തപുരത്തു നിന്നു 5 മൈൽ തെക്കുള്ള വെള്ളായണിയിൽ ആയിരിക്കുമെന്നാണു സൂചിപ്പിച്ചിട്ടുള്ളതു്.

(ഡി) മൊത്തം 88.5 ലക്ഷം രൂപ ചെലവുവരുമെന്നുദ്ദേശിക്കുന്നു.

(ഇ, എഫ്) ഈ സ്ഥാപനത്തിനു കേന്ദ്രഗവണ്മെൻറിൽ നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രഗവണ്മെൻറിന്റെ തീരുമാനം ആയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഈ അസംബ്ലിയിലെ മെംബർ അല്ലാത്ത ഒരാൾ മന്ത്രിയുമായിട്ടു് ഈ അവസരത്തിൽ സംസാരിക്കുന്നതു് അനുവദിക്കത്തക്കതാണോ?

**Mr. Speaker:** Ministers can consult Officers.

ശ്രീ. എൻ. ജീ. ചാക്കോ: വെള്ളായണിക്കായൽ തിരഞ്ഞെടുക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. എ. എ. റഹിം: ശുദ്ധജലതടാകം നെൽകൃഷിയ്ക്കു് ഏററവും പററിയതാണെന്നു കണ്ടതുകൊണ്ടാണ് തിരഞ്ഞെടുത്തതു്.

ശ്രീ. കെ. കരുണാകരൻ: ഈ പദ്ധതിയുടെ കൂട്ടത്തിൽ ഒല്ലൂർക്കര എന്ന സ്ഥലത്തെ സംബന്ധിച്ചിടത്തോളം ആലോചിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. എ. റഹിം: ആലോചിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, അങ്ങനെ ഓരോ സ്ഥലത്തെപ്പററിയും ആലോചിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. എ. റഹിം: അതു സാധിക്കുകയില്ല.

ഡിസ്പെൻസറി

* 19. [2] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55-ൽ എത്ര ഡിസ്പെൻസറികൾ ആസ്പത്രികളായി ഉയർത്തിയിട്ടുണ്ട്;

(ബി) എന്തു് ഉപാധിയിലാണ് ആശുപത്രികൾ സ്ഥാപിക്കുന്നതു്;

(സി) വ്യാവസായികമായും ജനസംഖ്യാപരമായും ഒരു ഉയർന്ന പട്ടണമായ പുനലൂരിൽ ഒരു നല്ല ആശുപത്രിയുടെ ആവശ്യമുണ്ടെന്നുള്ളതു ഗവണ്മെൻറ് അംഗീകരിക്കുന്നുണ്ടോ;

(ഡി) ഇതേപ്പററി എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) ഒന്നും ഉയത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മററ് സ്ഥലങ്ങളിലെപ്പോലെ പുനലൂരിലും ഒരു ആശുപത്രി ആവശ്യമാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ഗോപാലൻ: പുനലൂർ ഒരാശുപത്രിയുടെ ആവശ്യം ഉണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യമില്ലേ?

ശ്രീ. എ. എ. റഹിം: ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടു്.

ശ്രീ. പി. ഗോപാലൻ: അങ്ങനെയാണെങ്കിൽ അവിടെ ആശുപത്രി സ്ഥാപിക്കാത്തതു് എന്തു കാരണത്താലാണെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: അതെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

ശ്രീ. പി. ഗോപാലൻ: ഗവണ്മെൻറ് ആലോചിക്കുന്നതാണ് എന്നു പറഞ്ഞാൽ എത്ര സമയം ആലോചനയ്ക്കു് വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: ആവശ്യമുള്ളിടത്തോളം സമയം വേണ്ടിവരും.

## മിഡ്‌വൈഫറി കേന്ദ്രങ്ങൾ

* 20. [3] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് എത്ര മിഡ്‌വൈഫറി കേന്ദ്രങ്ങൾ പ്രവർത്തനം നടത്തിവരുന്നുണ്ടു്;

(ബി) കൂടുതലായി എത്ര കേന്ദ്രങ്ങൾ തുറക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടു്;

(സി) പഞ്ചായത്തുകൾതോറും മിഡ്‌വൈഫറി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) 353

(ബി) 24.

(സി) ഈ കാര്യം ഗവണ്മെൻറിൻെറ പര്യാലോചനയിലിരിക്കുകയാണു്.

ശ്രീ. പി. ഗോപാലൻ: പഞ്ചായത്തുകൾതോറും മിഡ്‌വൈഫറി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു പഞ്ചായത്തുകൾക്കുണ്ടായിട്ടുള്ള സാമ്പത്തിക കഴിവുകേടുകൾ പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടു്.

ശ്രീ. പി. ഗോപാലൻ: അവർക്കാവശ്യമായ ധനസഹായം ചെയ്യാൻ ഗവണ്മെൻറു വിചാരിക്കുന്നുണ്ടോയെന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. എ. എ. റഹിം: അതൊരു പ്രത്യേക ചോദ്യമായി ചോദിക്കണം.

ശ്രീ. എം. വി. ചെറിയാൻ: കഴിഞ്ഞ കൊല്ലം മിഡ്‌വൈഫറി കേന്ദ്രങ്ങളിൽ പരിശീലനം നൽകിയിട്ടില്ലേ?

ശ്രീ. എ. എ. റഹിം: ഉണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: സംസ്ഥാനത്തുള്ള പഞ്ചായത്തുകളിൽ മിഡ്‌വൈഫറി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു് എത്ര കൊല്ലം വേണ്ടി വരുമെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: ഏകദേശം 5 കൊല്ലം വേണ്ടിവരുമെന്നാണു തോന്നുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: സംസ്ഥാനത്തേയ്ക്കു് ആവശ്യമുള്ള മിഡ്‌വൈഫുകളെ 5 കൊല്ലം കൊണ്ടു് പരിശീലനം നൽകി ശരിപ്പെടുത്താനുള്ള നടപടികൾ എടുക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: ഉണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ഓരോ കൊല്ലവും എത്ര മിഡ്‌വൈഫുകളെ നിയമിക്കേണ്ടതാണെന്നുള്ളതിലേയ്ക്കു് വല്ല വ്യവസ്ഥയും ഉണ്ടോ?

ശ്രീ. എ. എ. റഹിം: ഇത്രപേരെ നിയമിക്കണമെന്നു ഖണ്ഡിതമായ വ്യവസ്ഥയില്ല. ഇപ്പോൾ 100 ആളുകൾക്കു് രണ്ടുകൊല്ലത്തിലൊരിക്കൽ പരിശീലനം കൊടുക്കുന്നുണ്ടു്. ഇങ്ങനെ പരിശീലനം നൽകുന്നതു നിമിത്തം അടുത്ത അഞ്ചുവർഷക്കാലംകൊണ്ടു് എല്ലാ പഞ്ചായത്തുകളിലും മിഡ്‌വൈഫുകളെ നിയമിക്കാൻ സാധിക്കുമെന്നാണു ഗവണ്മെൻറു വിചാരിക്കുന്നതു്.

ശ്രീമതി. കെ. ആർ. ഗൗരി: ഇപ്പോൾ പരിശീലനം സിദ്ധിച്ചിട്ടുള്ളവർ എത്രപേരുണ്ടെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: അതു് പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. ടി. കെ. ദിവാകരൻ: പരിശീലനം സിദ്ധിച്ചിട്ടുള്ള മിഡ് വൈഫുകളെ ഏതേതു പഞ്ചായത്തുകളിലേയ്ക്കാണു നിയമിക്കാൻ പോകുന്നതെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: അത്യാവശ്യമായ പഞ്ചായത്തുകളിൽ നിയമിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു്. അതായതു്, യാതൊരുവിധത്തിലുള്ള വൈദ്യസഹായവും ലഭിക്കാൻ ഇടയില്ലാത്ത സ്ഥലങ്ങളിലായിരിക്കും മിഡ്‌വൈഫുകളെ നിയമിക്കുന്നതിൽ മുൻഗണന നൽകുന്നതു്.

ശ്രീ. എൻ. ജി. ചാക്കോ: ഈ വർഷത്തിൽ പത്തൊൻപതു മിഡ്‌വൈഫറി കേന്ദ്രങ്ങൾ പുതിയതായി ആരംഭിക്കുമെന്നു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടു്. എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അതു പ്രത്യേകം ഒരു ചോദ്യമായിട്ടു ചോദിക്കണം.

മി. സ്പീക്കർ: ചോദ്യം 6.

ശ്രീ. പി. ആർ. മാധവൻപിള്ള: സർ, ചോദ്യം അഞ്ചിൽ (എ)-യ്ക്കുള്ള ഉത്തരം കിട്ടിയിട്ടില്ല.

മി. സ്പീക്കർ: ആ വകുപ്പിനുള്ള ഉത്തരം നൽകുന്നതായിരിക്കും.

## ഐക്യകേരളം.

*21. [5] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തമിഴ് ഭൂരിപക്ഷപ്രദേശങ്ങളൊഴിച്ചുള്ള തിരുവിതാംകൂർ-കൊച്ചി സംസ്ഥാനവും മലബാറും ചേർത്തു് ഐക്യകേരളം രൂപീകരിക്കുന്നതിനെപ്പററി ഗവൺമെൻറിൻെറ മനോഭാവം എന്താണു്;

(ബി) ഐക്യകേരള രൂപീകരണത്തിനു സഹായകമായ എന്തെങ്കിലും നടപടി അടുത്തകാലത്തു് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(സി) ഭാഷാസംസ്ഥാനങ്ങളെ സംബന്ധിച്ചു് അധികാരമേറെറടുക്കുന്നതിനു മുമ്പുണ്ടായിരുന്ന മനോഭാവംതന്നെയാണോ ഇന്നും ഭരണകക്ഷിക്കുള്ളതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി, സി) ഐക്യകേരളമോ അതുപോലെയുള്ള പുതിയ സംസ്ഥാനങ്ങളോ ഉണ്ടാക്കേണ്ടതു് ഒരു സ്റ്റേററ ഗവൺമെൻറിൻെറ അഭിപ്രായം അനുസരിച്ചല്ല. അതുകൊണ്ടു് അതേപ്പററി ഈ ഗവൺമെൻറ് ഒരഭിപ്രായം ഇതുവരെ രൂപീകരിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: ഉന്നതാധികാര കമ്മീഷൻ ഇവിടെ വന്ന അവസരത്തിൽ ഐക്യകേരളം വേണമെന്നുള്ളതിലേയ്ക്കു് ഒരു മെമ്മോറാണ്ഡം കൊടുത്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ കൊടുത്തിട്ടുണ്ടെന്നാണു് എൻെറ ഓർമ്മ. അങ്ങനെയാണെങ്കിൽത്തന്നെയും ഈ ഗവൺമെൻറ് ഈ കാര്യത്തെപ്പററി ഒരഭിപ്രായരൂപീകരണം ചെയ്യുകയെന്നുള്ളതു്

നിയമപ്രകാരം സാദ്ധ്യമല്ല. ഇതു് subtle ആയിട്ടു വാദിക്കേണ്ട കാര്യമല്ല. അങ്ങനെ വാദിക്കുകയും അല്ല ചെയ്യുന്നതു്. ഇൻഡ്യാ ഗവണ്മെൻറാണു് ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടതു്. അതിനുവേണ്ടി പാർലമെൻറിൽ ഒരു ബിൽ അവതരിപ്പിക്കണം. അതിനുശേഷം ഈ നിയമസഭയിലെ അംഗങ്ങൾ ആ കാര്യത്തിൽ ചർച്ചകൾ നടത്തണം. ഇങ്ങനെയാണു് ഇതിന്റെ നടപടികൾ പോകുന്നതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഐക്യകേരളവാദത്തെപ്പററി ഇതിനു മുമ്പുണ്ടായിരുന്ന അഭിപ്രായം തന്നെയാണോ ഇപ്പോഴും ഈ ഗവണ്മെൻറിനുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുമാറിയിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : സർ, മറുപടി വ്യക്തമല്ല. ഇപ്പോഴത്തെ ഭരണകക്ഷിയുടെ മനോഭാവം എന്താണെന്നാണു് ചോദിച്ചിട്ടുള്ളതു്?

മി. സ്പീക്കർ : ഭരണകക്ഷിയുടെ മനോഭാവം മാറിയിട്ടില്ലെന്നാണു് മുഖ്യമന്ത്രി പറയുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഭാഷാസംസ്ഥാനത്തെപ്പററി ഒരു ബിൽ ഈ നിയമസഭയിൽ വരുമ്പോൾ ഈ ഗവണ്മെൻറിനും ഒരഭിപ്രായം ഉണ്ടാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടാകും.

ശ്രീ. പി. ആർ. മാധവൻപിള്ള : ഐക്യകേരളത്തിനെപ്പററി കാൺഗ്രസ്സുകക്ഷി ഉന്നതാധികാരക്കമ്മീഷൻ മുമ്പാകെ വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഐക്യകേരളപ്രശ്നം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളവും ഒരു പ്രധാനപ്രശ്നമായിത്തീരുകയില്ലായെന്നാണോ അഭിപ്രായം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 1950-ൽ തന്നെ ഭരണഘടനയിൽ ഈ കാര്യത്തെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഇപ്പോൾ ഈ ഗവണ്മെൻറിനു് ഒന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ഭാസ്കരൻ നായർ : ഇൻഡ്യൻ പ്രസിഡൻറിനു് ഈ കാര്യത്തെപ്പററി അഭിപ്രായം രൂപീകരിക്കുന്നതിനു് സാഹായികമായി ഈ ഗവണ്മെൻറിനുള്ള അഭിപ്രായം എന്താണെന്നു് അറിയിച്ചുകൂടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രസിഡൻറിനു ഒരഭിപ്രായം രൂപീകരിക്കുന്നതിനാണു് ഉന്നതാധികാരക്കമ്മീഷനെ നിയമിച്ചിട്ടുള്ളതു്.

ശ്രീ. പി. ഭാസ്കരൻ നായർ : അങ്ങനെയായാൽ ഈ ഗവണ്മെൻറിന്റെ അഭിപ്രായം എങ്ങനെ അറിയിക്കാൻ സാധിക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിയമപ്രകാരമായി ഈ ഗവണ്മെൻറിനു് ഈ ഗവണ്മെൻറിന്റെ എക്സിക്യൂട്ടീവു് പൌവർ സംബന്ധിച്ചിടത്തോളം മാത്രമേ അഭിപ്രായം പറയാൻ സാധിക്കുകയുള്ളു.

അദ്ധ്യാപകന്മാരുടെ ശമ്പളത്തിലും അലവൻസിലുമുള്ള വ്യത്യാസം.

*** 22.** [6] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തുല്യജോലിക്ക് തുല്യശമ്പളം എന്ന തത്വം അംഗീകരിച്ച് സർക്കാർസ്കൂളുകളിലും, പ്രൈവററ സ്കൂളുകളിലും പണിയെടുക്കുന്ന അദ്ധ്യാപകന്മാരുടെ ശമ്പളക്രമത്തിൽ ഇന്നു നിലവിലുള്ള വ്യത്യാസം പരിഹരിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) അദ്ധ്യാപികമാർക്ക് അനുവദിച്ചുകൊടുക്കാറുള്ള പ്രസവകാല അവധിക്ക് ഐകരൂപ്യം വരുത്താത്തതു് എന്തു കാരണത്താലാണ്;

(സി) പ്രൈവററും ഗവണ്മെൻറും സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ അലവൻസിൽ ഇന്നുള്ള വ്യത്യാസം പരിഹരിക്കാൻ ആലോചിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്. പ്രൈവററ പ്രൈമറിസ്കൂളിലെ അദ്ധ്യാപകന്മാർക്ക് സർക്കാർ പ്രൈമറി സ്കൂളിലെ അദ്ധ്യാപകന്മാർക്ക് നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിൽതന്നെ കൊടുക്കണമെന്നും അതിലുണ്ടാകുന്ന നഷ്ടത്തിനെ പരിഹരിക്കുന്നതിനുവേണ്ടി മാനേജുമെൻകാർക്ക് കൂടുതൽ ഗ്രാൻറ കൊടുക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപികമാർക്ക് പ്രസവകാലാവധി അനുവദിച്ചുകൊടുക്കുന്നതിനെപ്പററി ഐകരൂപ്യം വരുത്തീട്ടില്ല. ആ കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്.

(സി) ആലോചിച്ചുവരുന്നു.

ശ്രീ. ടി. എ. മജീദ് : പ്രൈവററസ്കൂൾ അദ്ധ്യാപകന്മാർ ഉന്നയിച്ചിട്ടുള്ള അവകാശങ്ങളെപ്പററി വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്തു് അവകാശങ്ങളെപ്പററിയാണു ചോദിക്കുന്നതു്.

ശ്രീ. ടി. എ. മജീദ് : അവർ ഉന്നയിച്ചിട്ടുള്ള അവകാശങ്ങൾ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർ പലതും ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ് : അതിൽ എന്തിനെയെങ്കിലും പററി വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തീരുമാനിക്കേണ്ട കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : പ്രസവ അവധിയിൽ പ്രവേശിക്കുന്ന സർക്കാർ സ്കൂളുകളിലെയും പ്രൈവററ സ്കൂളുകളിലെയും അദ്ധ്യാപികമാർക്ക് ശമ്പളം കൊടുക്കുന്നതു് ഒരേ ക്രമത്തിലാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

ശ്രീമതി കെ. ആർ. ഗൗരി : പ്രസവകാലാവധിയിൽ പ്രസവിക്കുന്ന അദ്ധ്യാപികമാർക്കു് മുഴുവൻ ശമ്പളവും കൊടുക്കുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർക്കാർ സ്കൂളുകളുടെ കാര്യത്തിലാണെങ്കിൽ പകുതി ശമ്പളം കൊടുക്കുന്നുവെന്നാണു് എന്റെ ഓർമ്മ.

ശ്രീമതി കെ. ആർ. ഗൗരി : പ്രൈവറ്റ സ്കൂളുകളിൽ മുഴുവൻ ശമ്പളം കൊടുക്കാത്തതിനു പുറമെ ഗവണ്മെന്റ് സ്കൂളുകളിലും മുഴുവൻ ശമ്പളവും കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വെക്കേഷൻ അവധി ധാരാളമുള്ളതുകൊണ്ടു പ്രസവകാലാവധിയെ സംബന്ധിച്ചിടത്തോളം ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : വെക്കേഷൻകാലത്തെ പ്രസവിക്കാവൂ എന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയാണെങ്കിൽ കുറെക്കൂടി സൗകര്യമായിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : മുഴുവൻ ശമ്പളവും കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

ശ്രീ. പി. കെ. യശോധരൻ : (ബി)-യുടെ ചോദ്യമായ അദ്ധ്യാപികമാർക്കു് അനുവദിച്ചുകൊടുക്കാറുള്ള പ്രസവകാലാവധിക്കു് ഐകരൂപ്യം വരുത്താത്തതു് എന്തു കാരണത്താലാണെന്നുള്ളതിനു്, അതു പ്രായോഗികമാക്കാൻ സാധിച്ചിട്ടില്ലെന്നാണു മറുപടി. അതു് എന്തു കാരണത്താലാണു് എന്നാണറിയേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കുന്നുണ്ടെന്നാണു മറുപടി പറഞ്ഞതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : പ്രസവകാലാവധി സംബന്ധിച്ചു് പ്രൈവറ്റ് സ്കൂളുകൾക്കും സർക്കാർ സ്കൂളുകൾക്കും തമ്മിലുള്ള വ്യത്യാസമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വ്യത്യാസം ഉണ്ടു്. കാരണം അടുത്തകാലംവരെ പ്രൈവറ്റസ്കൂളുകളിലെ സർവ്വീസ് കണ്ടിഷൻസ് സംബന്ധിച്ചു ഗവണ്മെന്റിനു യാതൊരു കാര്യവുമില്ലെന്ന നിലയാണു സ്വീകരിച്ചിരുന്നതു്. അതിനാൽ ഈവക കാര്യങ്ങൾ അവിടെ ഇൻസിസ്റ്റ് ചെയ്യുന്നതിനു സാദ്ധ്യമായില്ല. 1950-ൽ ആണു തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം പ്രൈവറ്റ് സെക്കണ്ടറിസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ സർവീസ് കണ്ടിഷൻസ് ആദ്യമായി തീരുമാനിച്ചതു്. അങ്ങനെ തീരുമാനിച്ചതുതന്നെയും വേണ്ടിടത്തോളം തൃപ്തികരമായിട്ടില്ലെന്നാണു് പരാതി. അതിനെപ്പറ്റിയാണു് ആലോചിച്ചുവരുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : പ്രൈവറ്റസ്കൂളുകളിലെ അദ്ധ്യാപികമാർക്കു ഇത്രമാസം പ്രസവാവധി കൊടുക്കണമെന്നു നിയമമുണ്ടോ?

**ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** ഞാൻ പറഞ്ഞതു പ്രൈവററ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെയും അദ്ധ്യാപികമാരുടെയും സർവ്വീസ് കണ്ടിഷൻസ് തീരുമാനിച്ചിരുന്നില്ല എന്നാണ്.

**ശ്രീ. എ. താണുപിള്ള:** ഇന്നു ഗവണ്മെൻറ സ്കൂളുകളിലെപ്പോലെ ആക്കിയിട്ടുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു്?

**ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** ഏറക്കുറെ.

**ശ്രീ. എ. താണുപിള്ള:** സർ, ഞാൻ സ്പെസിഫിക്കായിട്ടു ചോദിക്കുകയാണ്. ഏറെക്കുറെ എന്നല്ല. പ്രൈവററ് സെക്കണ്ടറിസ്കൂളുകളെ സംബന്ധിച്ചിടത്തോളം സക്കാർ സെക്കണ്ടറിസ്കൂളുകളിലെപ്പോലെ സർവ്വീസ് കണ്ടീഷൻസ് ഏകീകരിക്കാൻ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടോ?

**ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** അടിസ്ഥാനതത്വത്തെ സംബന്ധിച്ചിടത്തോളം അങ്ങിനെ ചെയ്യണമെന്നാണു തീരുമാനിച്ചിട്ടുള്ളതു്. ഉദാഹരണമായി സക്കാർ സെക്കണ്ടറിസ്കൂളുകളിലെ ഗ്രാഡുവേററ് ടീച്ചേഴ്സിനു 50–150 രൂപയാണ് കൊടുക്കുന്നതു്. ആ മിനിമം ഗ്രേഡ് പ്രൈവററ് സെക്കണ്ടറിസ്കൂളുകളിലും കൊടുക്കണമെന്നു തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ സക്കാർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അതിൽനിന്നും ഒരു വലിയ ഗ്രേഡ് 50–150-ൽ ഉള്ള ടീച്ചേഴ്സിൽനിന്നും ഒരു ക്ലിപ്തഅനുപാതപ്രകാരം പ്രമോട്ടുചെയ്യുവാൻ മാററിവച്ചിട്ടുണ്ട്. എന്നാൽ പ്രൈവററ് സെക്കണ്ടറിസ്കൂളുകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഈ നിയമം അതേപടി പ്രായോഗികമാക്കാൻ അല്പം വിഷമമുണ്ട്. അതായതു് പ്രൈവററ് സെക്കണ്ടറിസ്കൂളുകളുടെ ഗ്രാഡുവേററ് ടീച്ചേഴ്സിൻെറ ലിസ്ററ് എടുക്കുവാൻ സാധിച്ചിട്ടില്ല. ഏതായാലും അതേപ്പററിയും ആലോചിച്ചുകൊണ്ടിരിക്കയാണ്.

**ശ്രീ. എ. താണുപിള്ള:** പ്രൈവററസ്കൂളുകളിലെ വാദ്ധ്യാന്മാരുടെ നിയമനം മുതലായവ സംബന്ധിച്ച് ഒരു ഐകരൂപ്യം വരുത്താൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

**ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** അതു സാദ്ധ്യമാണെന്നു തോന്നുന്നില്ല. പക്ഷെ ആലോചിക്കാം.

**ശ്രീ. എ. താണുപിള്ള:** ശമ്പളം ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിൽ നൽകുന്നതുപോലെ പ്രൈവററ് സ്കൂളുകൾക്കും നൽകാനാണോ ഉദ്ദേശിക്കുന്നതു്?

**ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** കോഡിൽ നിശ്ചയിക്കാൻ പോകുന്നതു സക്കാർ സ്കൂളുകളിൽ കൊടുക്കുന്നതുപോലെ കൊടുക്കണം എന്നാണ്. അതിനാവശ്യമുള്ള ഗ്രാൻറ കൊടുക്കണമെന്നും വ്യവസ്ഥ ചെയ്യുവാൻ പോകയാണ്.

**ശ്രീ. എ. താണുപിള്ള:** ഡിയർനസ് അലവൻസിനെ സംബന്ധിച്ചിടത്തോളമോ?

**ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** അതും ഇതിൽ ഉൾപ്പെടും.

**ശ്രീ. എ. താണുപിള്ള:** കൊച്ചിയിലെ റൂൾ ഇവിടെയും ബാധകമാക്കുന്നുണ്ടല്ലോ; അവിടെ ചെറിയ തുകയാണോ ഗ്രാൻറായി കൊടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു രൂപയ്ക്കു് പന്ത്രണ്ടണ മുതൽ പതിനാലു് അണ വരെയാണു് അവിടെ ഗ്രാൻറായി കൊടുക്കുന്നതു്. അതാണു് ഇവിടെയും കൊടുക്കുവാൻ പോകുന്നതു്. ബാക്കിയുള്ളതു മാനേജുമെൻറ് കൊടുത്തുകൊള്ളണം.

ശ്രീ. എ. താണുപിള്ള : ബാക്കിയുള്ളതു മാനേജുമെൻറുകൾ കൊടുത്തിട്ടില്ലെന്നു പരാതിയുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ പരാതിയുണ്ടെങ്കിൽ അതിനു വാദ്ധ്യാന്മാരാണു കുററക്കാർ. ശമ്പളം കിട്ടിക്കഴിഞ്ഞിട്ടാണു അക്വിററൻസ് ഒപ്പിട്ടുകൊടുക്കേണ്ടതു്. അതിനുമുൻപു് ഒപ്പിട്ടു കൊടുക്കേണ്ട കാര്യമില്ല.

ശ്രീ. എ. താണുപിള്ള : അങ്ങനെയാണെങ്കിൽ ഒരു പക്ഷെ മാനേജുമെൻറുകൾ സ്കൂളുകൾനിറത്തുവാൻ ആലോചിക്കുന്നുവെങ്കിൽ അതേറെറടുക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : പ്രൈവററസ്കൂൾ ടീച്ചേഴ്സിനു പ്രോവിഡൻറ് ഫണ്ടു് മുതലായവ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള പദ്ധതി 1950-ൽത്തന്നെ പൂർത്തിയായി എങ്കിലും പിന്നീടു കംട്രോളറുടെ ഡിപ്പാർട്ടുമെൻറിൽ നിന്നുണ്ടായ വൈഷമ്യങ്ങൾമൂലം അതു പരിപൂർണ്ണമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. എങ്കിലും ഉടൻതന്നെ പൂർത്തിയായി നടപ്പിൽവരുത്തുന്നതിനുള്ള നടപടി എടുത്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള : ഇതനുസരിച്ചു ചില അദ്ധ്യാപകന്മാർ മുമ്പു പററിയിട്ടുള്ള ശമ്പളം തിരിച്ചുകൊടുക്കേണ്ടതായി വന്നിട്ടുണ്ടു് എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെക്കുറിച്ചും ആലോചിക്കാവുന്നതാണു്.

## മരുന്നു് സപ്ലൈ ചെയ്യുന്ന ഏജൻസികൾ.

* 23. [8] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികൾക്കു് വേണ്ട മരുന്നു് ഗവണ്മെൻറിനു് സപ്ലൈ ചെയ്യുന്ന മെഡിക്കൽ ഏജൻസികൾ ഏതെല്ലാമാണു്;

(ബി) ആശുപത്രികളിൽ അവശ്യം വേണ്ട മരുന്നു ലഭിക്കാതെ വരുന്നതിനുള്ള കാരണം ഈ ഏജൻസികളുടെ അനാസ്ഥയാണോ; അല്ലെങ്കിൽ കാരണങ്ങളെന്തെല്ലാം;

(സി) സംസ്ഥാനത്തെ മിക്ക ആശുപത്രികളിലും വേണ്ട മരുന്നു ലഭിക്കുന്നില്ലയെന്ന പരാതികളെക്കുറിച്ചന്വേഷിക്കുവാൻ ഒരു കമ്മിററിയെ നിയമിക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. ഏ. ഏ. റഹിം) :

(എ) നിശ്ചിതമായ ഏതെങ്കിലും ഏജൻസികൾമുഖേനമാത്രമേ വാങ്ങിക്കൂ എന്ന പതിവില്ല. ടെൻഡറുകൾ ക്ഷണിച്ച് അവയുടെ ഗുണദോഷങ്ങളെ പരിഗണിച്ച് സപ്ലൈ ചെയ്യാൻ ഉത്തരവു കൊടുക്കുകയാണ്.

(ബി) സ്റ്റോഴ്സ് പർച്ചേസ് സെക്ഷൻമുഖാന്തിരം ടെൻഡറുകൾ ക്ഷണിച്ച് ഉത്തരവു കൊടുക്കുന്നതിൽ സ്വാഭാവികമായി കുറെ കാലതാമസം വരാറുണ്ട്.

(സി) മരുന്നു വാങ്ങിക്കാൻ അനുവദിച്ചിട്ടുള്ള പണം മുഴുവനും ഉപയോഗിച്ച് മരുന്നുകൾ വാങ്ങി ആശുപത്രികളിൽ വിതരണം ചെയ്യുന്നുണ്ട്. വരുന്ന ബഡ്ജററിൽ ഇതിലേയ്ക്കു കൂടുതൽ തുക കൊള്ളിച്ചിട്ടുമുണ്ട്. അതുകൊണ്ട് ഒരു അന്വേഷണക്കമ്മിററിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ആശുപത്രികൾക്കാവശ്യമുള്ള ഇൻസുലിൻ.

* 24. [9] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ മെഡിക്കൽകോളേജ് ഹോസ്പിററലിൽ (ഉള്ളൂർ) ഇൻസുലിൻ എന്ന മരുന്ന് ലഭിക്കുന്നില്ലയെന്ന് പ്രസംഗിച്ച ഭാഗം ഈ മന്ത്രിസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മരുന്ന് കൂടുതൽ വരുത്തുവാൻ ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇൻസുലിൻ എന്ന മരുന്ന് ഏതു മെഡിക്കൽ ഏജൻസിയിൽ നിന്നാണ് ഗവണ്മെൻറ് വാങ്ങിവരുന്നതു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. ഏ. ഏ. റഹിം) : (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത മരുന്ന് ഈ വർഷം ബ്രിട്ടീഷ് ഡ്രഗ് ഹൗസ്, ലണ്ടനിൽനിന്നാണ് വാങ്ങിച്ചതു്.

ആലപ്പുഴ-ചേർത്തല തോടുവെട്ട്.

* 25. [10] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ-ചേർത്തല തോടുവെട്ടുപണി എത്രനാൾകൊണ്ടു പൂർത്തിയാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നു;

(ബി) തോടുവെട്ടുപണി പൂർത്തിയാക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) കഴിയുന്നതും വേഗം തീർക്കണമെന്നാണു് ഉദ്ദേശം.

(ബി) സ്വീകരിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ചോദ്യത്തിനു് മറുപടി പറഞ്ഞതു് മന്ത്രിമാരുടെ പുറകിലുള്ള ഒരു മെംബറാണു്. ഇതനുവദനീയമാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: മറുപടി പറഞ്ഞതു് മന്ത്രി തന്നെയാണു്.

ശ്രീ. ആർ. സുഗതൻ: ചേർത്തലത്തോടു് കുറെ വെട്ടിയിട്ടു് വളരെ കാലം നിറുത്തിവയ്ക്കുകയുണ്ടായി. അതുകൊണ്ടു് കുറെ ആളുകൾ വെള്ളം കിട്ടാതെ വിഷമിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: തോടുവെട്ടുജോലി വളരെ ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ: ജോലി തുടങ്ങിയിട്ടു് ഒന്നരമാസമല്ലേ ആയുള്ളു?

ശ്രീ. കെ. ഐ. വേലായുധൻ: എങ്കിലും ജോലി വളരെ വേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ: മുൻപു ചെയ്തതുപോലെ ഇനിയും ജോലി നിറുത്തിവയ്ക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ ആവശ്യത്തിലേയ്ക്കു് എന്തു തുക കൊള്ളിച്ചിട്ടുണ്ടു്?

ശ്രീ. കെ. ഐ. വേലായുധൻ: ഒന്നേകാൽ ലക്ഷം രൂപ.

ശ്രീമതി കെ. ആർ. ഗൗരി: ഇത്രയും തുകകൊണ്ടു് തോട്ടുപണി പൂർത്തിയാകുമോ?

ശ്രീ. കെ. ഐ. വേലായുധൻ: പതിനേഴര ലക്ഷം രൂപകൂടി ചെലവുചെയ്താൽ പണി പൂർത്തിയാക്കുവാൻ സാധിക്കുമെന്നു തോന്നുന്നു.

## പ്രൈവറ്റ് ട്രാൻസ്പോർട്ടുറൂട്ട്.

*26. [11] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു് എംപ്ലായീസ് യൂണിയൻ അംഗങ്ങൾക്കു് റൂട്ടു് നിശ്ചയിക്കുമ്പോൾ, പക്ഷപാതപരമായി ട്രാൻസ്പോർട്ടുമേലധികാരികൾ പ്രവർത്തിച്ചുവരുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

ശ്രീ. ആർ. സുഗതൻ: സർ, ഞാൻ പ്രൈവറ്റ ട്രാൻസ്പോർട്ടിനെസംബന്ധിച്ചു് ചില കാര്യങ്ങൾ മനസ്സിലാക്കുവാനാണു് ഈ ചോദ്യം കൊണ്ടു് ഉദ്ദേശിച്ചതു്. അതു് ഈ ചോദ്യത്തിൽ വരാത്തതിനാൽ ഞാൻ ചോദിക്കുന്നില്ല.

## പി. എസ്. പി. ഗവണ്മെൻറ് ചെയ്തിട്ടുള്ള നടപടികൾ.

✻ 27. [12] ശ്രീ. കെ. സി. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പി. എസ്. പി. ഗവണ്മെൻറിൻെറ വല്ല നടപടികളും ഈ ഗവണ്മെൻറ് റദ്ദാക്കുകയോ, മാററം വരുത്തുകയോ, നടപ്പിലാക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പി. എസ്. പി. ഗവണ്മെൻറിൻെറ ചില നടപടികൾ ഈ ഗവണ്മെൻറ് റദ്ദാക്കി. മററു ചില നടപടികൾക്ക് അല്പം മാററം വരുത്തിയിട്ടുണ്ട്. ഇവയൊഴികെ ബാക്കിയുള്ളത് മുഴുവൻ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ബർട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ മാററിക്കൊണ്ടുള്ള ഉത്തരവ് റദ്ദുചെയ്തിട്ടുണ്ട്. പഞ്ചവത്സരപദ്ധതി, ഡെവലപ്പ്മെൻറുകമ്മിററികൾ മുതലായവയിൽ ചില്ലറ മാററങ്ങൾ വരുത്തിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ്: കോട്ടയം പോലീസ് ഇൻസ്പെക്ടർ ആയിരുന്ന വേണുഗോപാലനെ പി. എസ്. പി. ഗവണ്മെൻറ് തിരുവനന്തപുരത്തു മാററിയ ഉത്തരവ് ഈ ഗവണ്മെൻറ് റദ്ദുചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കോട്ടയം പോലീസ് ഇൻസ്പെക്ടർ ശ്രീ. വേണുഗോപാലനെ തിരുവനന്തപുരത്തേയ്ക്കു മാററുവാൻ ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചതായി അറിയുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ്: ശ്രീ. വേണുഗോപാലൻ തിരുവനന്തപുരത്ത് ചാർജ്ജ് എടുക്കാനായി വരികയും അതു സാദ്ധ്യമാകാതെ തിരിയെ പോകുകയും ഉണ്ടായി എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാൻപാടില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: അവിശ്വാസപ്രമേയം പാസ്സായതിനു ശേഷം പി. എസ്. പി. ഗവണ്മെൻറ് എന്തെങ്കിലും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കാം. അതിനധികാരവും ഉണ്ട്.

ശ്രീ. എ. താണുപിള്ള: ബർട്ടൺ ഹിൽ ഗേൾസ് ഹൈസ്കൂൾ മാററണമെന്നുള്ള ഉത്തരവു മാററാനുണ്ടായ കാരണം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അനേകം ആളുകൾ ഒപ്പിട്ടിട്ടുള്ള ഒരു പെററിഷൻ ഈ ഹൗസിലെതന്നെ ഒരു മെംബറായ ശ്രീ. കെ. ബാലകൃഷ്ണൻ തന്നിരുന്നു. അതിനും പുറമെ തിരുവനന്തപുരം കാർപ്പറേഷനിലെ കൗൺസിലറന്മാർ നിവേദനം നടത്തിയിട്ടുണ്ടായിരുന്നു. അതോടുകൂടിത്തന്നെ ശ്രീ. ബാലകൃഷ്ണനു എതിരായി നിന്നു മത്സരിച്ചു തോററ ശ്രീ. ദാസ് അവർകളും ഒരു നിവേദനം നൽകി. മാത്രമല്ല

ആ പ്രദേശത്തുള്ള ജനങ്ങൾ സ്കൂൾ മാററിയാൽ വൈഷമ്യങ്ങളുണ്ടെന്നും പറയുകയുണ്ടായി. ഏകദേശം ഒന്നര ലക്ഷത്തോളം രൂപ ഇതിന്നു ചെലവു വരുമെന്നു കണ്ടു. അനേകം സ്കൂളുകൾക്കു ഓല മേയാതെയും വേലി ഇല്ലാതെയും മററു ഉപകരണങ്ങൾ ഇല്ലാതെയും കുട്ടികളും അദ്ധ്യാപകന്മാരും വൈഷമ്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഒന്നര ലക്ഷം രൂപ സ്കൂൾ മാററുന്നതിനുവേണ്ടി മാത്രം ചെലവു വരുത്തുകയും അങ്ങനെ മാററുന്നതുതന്നെ ആ പ്രദേശത്തുള്ള ജനങ്ങൾക്കു ഉപദ്രവമാണെന്നും കണ്ട സ്ഥിതിക്കു ഈ സന്ദർഭത്തിൽ അതു ശരിയായിരിക്കുകയില്ലെന്നാണു തോന്നുന്നതു്.

ശ്രീ. എ. താണുപിള്ള : ആ സ്കൂൾ മന്ത്രി പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരിശോധിച്ചിട്ടില്ല. എം. എൽ. എ. ആയ ശ്രീ. ബാലകൃഷ്ണൻ, മി. ദാസ് മുതലായ ആളുകൾ ഇതിനെക്കുറിച്ചു നിവേദനം തന്നതുകൊണ്ടു് അതിനെ അവിശ്വസിക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള : സ്കൂൾ വളരെ അപായകരമായ നിലയിലാണു നില്ക്കുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു സുരക്ഷിതമാക്കാൻ വേണ്ട ഏർപ്പാടു ചെയ്യുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള : അവിടെ കളിസ്ഥലമില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതും ഉണ്ടാക്കാം.

ശ്രീ. എ. താണുപിള്ള : അതിനുള്ള സ്ഥലം അവിടെ ഇല്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ഫയലിൽ ഒന്നും കാണുന്നില്ല. അവിടെ കളിസ്ഥലമില്ലാത്തതുകൊണ്ടാണു് അതു് മാററാൻ ഉത്തരവിട്ടതെന്നു ഫയലിൽ കാണുന്നില്ല.

ശ്രീ. എ. താണുപിള്ള : വീതി കുറഞ്ഞ ചെറിയ ചെറിയ ഉലവലുകളിലാണു സ്കൂൾ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതെന്നറിയാമോ? അതായതു് അഞ്ചടി വീതിയുള്ള സ്ഥലത്തു ചില ക്ലാസ്സു കെട്ടിടങ്ങളും അതു കഴിഞ്ഞാൽ പിന്നെ 20 അടി താഴ്ചയുള്ള സ്ഥലത്തു മററു ക്ലാസ്സു കെട്ടിടങ്ങളും പിന്നെയും പത്തോ ഇരുപതോ അടി താഴ്ചയിൽ വേറെ ക്ലാസ്സു കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നതായിട്ടറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആയിരിക്കാം.

ശ്രീ. എ. താണുപിള്ള : പെൺകുട്ടികൾക്കുള്ള യൂറിനലുകളിലും ലാട്രിനുകളിലും അന്യ ആളുകൾ കേറിയിരിക്കുന്നതായി അറിയാമോ? അതായതു് ഒരു അടമാനമില്ലാതെ സ്കൂൾവക സാമഗ്രികൾ സൂക്ഷിക്കുന്നതിനും സ്കൂൾ കുട്ടികൾക്കു സുരക്ഷിതമായി കഴിയുവാനും നിവൃത്തിയില്ലാത്ത രീതിയിൽ ആണു കെട്ടിടം സ്ഥിതിചെയ്യുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയാണെങ്കിൽ തന്നെയും അവിടെയുള്ള ആളുകൾക്കു് ആ പ്രദേശത്തുതന്നെ സ്കൂൾ വേണമെന്നു നിർബന്ധമുണ്ടെന്നു പറഞ്ഞു.

ശ്രീ. എ. താണുപിള്ള: സ്കൂളിനടുത്തുള്ള ആരെങ്കിലും കെട്ടിടവാടക കുറഞ്ഞുപോകുമെന്നു കരുതി ഇങ്ങനെ ഒരു ഹർജി ഹാജരാക്കിയതാണെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ചെയ്യുന്നവർ കാണുമെങ്കിലും ശ്രീ. കെ. ബാലകൃഷ്ണനെപ്പോലെയുള്ള ഉത്തരവാദിത്തപ്പെട്ട ഒരു ജനപ്രതിനിധി അങ്ങിനെ ചെയ്യുമെന്ന് ഞാൻ കരുതിയിട്ടില്ല.

ശ്രീ. എ. താണുപിള്ള: വളരെക്കാലമായി മൂന്നു നാലു ഹെഡ്മിസ്ട്രസ്സുകൾ സ്കൂൾ അവിടെനിന്നും മാററണമെന്ന് ശുപാർശ ചെയ്തിട്ടുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. എ. താണുപിള്ള: ആ സ്കൂൾ മന്ത്രിതന്നെ നേരിട്ട് പരിശോധിച്ചശേഷം തീരുമാനം ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീരുമാനം ചെയ്തുകഴിഞ്ഞു. പരിശോധിക്കുന്നതിന് വിരോധമില്ല.

ശ്രീ. എ. താണുപിള്ള: സ്കൂൾ മാററണമെന്നുദ്ദേശിച്ച സ്ഥലവും ഇപ്പോഴിരിക്കുന്ന സ്ഥലവും തമ്മിൽ ഒരു ഫർലാംഗിൽ കൂടുതൽ അകലമില്ലെന്നു മന്ത്രിക്ക് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാട്ടുകാരും പ്രത്യേകിച്ച് ആ സ്ഥലത്തുനിന്നും ജയിച്ച സ്ഥാനാർത്ഥിയും തോററ സ്ഥാനാർത്ഥിയും സ്കൂൾ അവിടെനിന്നും മാറേറണ്ടതില്ലെന്ന് പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയും ഒന്നരലക്ഷം രൂപയോളം ചെലവാക്കാതെ കഴിക്കാമെന്നു വിചാരിച്ചും സ്കൂൾ മാറേറണ്ടെന്നു തീരുമാനിച്ചതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഡെവലപ്പ്മെൻറ കമ്മിററികളിൽ എന്തെല്ലാം മാററങ്ങൾ വരുത്തിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡെവലപ്പ്മെൻറ കമ്മിററികളിൽ പല പാർട്ടികളുടേയും പ്രാതിനിധ്യമുണ്ടെങ്കിലും കോൺഗ്രസ്സ് പാർട്ടിയുടെ അംഗസംഖ്യയും മററും പരിഗണിക്കുമ്പോൾ വേണ്ടിടത്തോളം പ്രാതിനിധ്യം ആ പാർട്ടിക്ക് നൽകിയിട്ടില്ലെന്ന് ഗവണ്മെൻറിന് അഭിപ്രായമുണ്ട്. അതിനാൽ മുൻ ഗവണ്മെൻറ് നാമിനേററ ചെയ്ത അംഗങ്ങളെ ആരെയും മാററാതെ ഓരോ കമ്മിററിയിലും ഒന്നും രണ്ടും അംഗങ്ങളെ കൂടുതലായി നാമിനേററ ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: മുൻ ഗവണ്മെൻറ നാമിനേററ ചെയ്തതിൽ രാജിവച്ച ആളുകളെ വീണ്ടും നാമിനേററ ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങിനെ ചെയ്യാനുള്ള കാരണം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരെ ആദ്യം നാമിനേററ ചെയ്തിരുന്നതു് അവരോടു ചോദിച്ചല്ല. അന്നവർക്ക് ആ കമ്മിററിയിൽ സർവ്വ് ചെയ്യാൻ സമ്മതമില്ലായിരുന്നു. ഇന്നവർക്ക് സമ്മതമുണ്ട്.

<u>ശ്രീ. ഏ. താണുപിള്ള</u> : മുൻ ഗവണ്മെൻറ് നാമിനേററ ചെയ്തതു ഓരോ കക്ഷിയിൽനിന്നും എത്രപേരെ വീതമാണെന്നും കാൺഗ്രസ്സിനു് പ്രാതിനിധ്യം കിട്ടിയിട്ടില്ലെന്നു് പറയുന്നതു എന്തുകൊണ്ടാണെന്നും പ്രസ്താവിക്കാമോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : ഒൻപതു അംഗങ്ങളുള്ള സെൻട്രൽ കമ്മിററിയിൽ കാൺഗ്രസ്സ് പാർട്ടിയിൽനിന്നും രണ്ടുപേരെയാണ് എടുത്തിട്ടുള്ളതു്. പി. എസ്സ്. പി. യിൽ നിന്നും അതിലേയ്ക്കു് രണ്ടംഗങ്ങളെ എടുത്തിട്ടുണ്ടു്. അഞ്ചു് അംഗങ്ങൾ വീതമുള്ള തിരുവനന്തപുരം, കോട്ടയം കൊല്ലം എന്നീ ഡെവലപ്പ്മെൻറ് കമ്മിററികളിലേയ്ക്കു് കാൺഗ്രസ്സ് പാർട്ടിയിൽനിന്നും ഓരോ അംഗത്തെയാണ് എടുത്തിട്ടുള്ളതു്. അഞ്ചു് അംഗങ്ങളുള്ള തൃശ്ശൂർ കമ്മിററിയിൽ കാൺഗ്രസ്സ് പാർട്ടിയിൽനിന്നും മൂന്നു് അംഗങ്ങളെ എടുക്കുകയുണ്ടായെങ്കിലും ആ സമയത്തു തന്നെ അതിൽ ഒരാൾ കിടക്കയിൽ നിന്നു് എഴുന്നേൽക്കാൻ വയ്യാതെ രോഗബാധിതനായി കിടക്കുകയായിരുന്നു.

<u>ശ്രീ. ഏ. താണുപിള്ള</u> : ആ ആൾ അതിനുശേഷം ഈ സഭയിൽ പങ്കെടുത്തിട്ടില്ലേ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : ഒരു വിപൽഘട്ടത്തിൽ ഇവിടെ അററൻറ ചെയ്തു.

<u>ശ്രീ. ടി. കെ. ദിവാകരൻ</u> : ഇപ്പോഴത്തെ കമ്മിററികളിലെ അംഗസംഖ്യ എത്രയാണ്?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : ഓരോ കമ്മിററിയിലെയും അംഗസംഖ്യയോടു് രണ്ടു് കൂട്ടുകയാണെങ്കിൽ ഇപ്പോഴത്തെ അംഗസംഖ്യയാകും.

<u>ശ്രീ. ടി. കെ. ദിവാകരൻ</u> : തിരുവനന്തപുരത്തു് എം. എൽ. എ. മാരുടെ എണ്ണമനുസരിച്ചാണോ കൂടുതലായി കാൺഗ്രസ്സിൽ നിന്നും കമ്മിററിയിലേയ്ക്കു് ആളെടുത്തതു്?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : രണ്ടംഗങ്ങളെക്കൂടി നാമിനേററ ചെയ്തു. അവർ കാൺഗ്രസ്സുകാരാണ്.

<u>ശ്രീ. കെ. ബാലകൃഷ്ണൻ</u> : തിരുവനന്തപുരത്തു രണ്ടംഗങ്ങളെക്കൂടി എടുത്തതു വളരെ അധികം കാൺഗ്രസ്സുകാർ തിരുവനന്തപുരത്തുള്ളതുകൊണ്ടാണോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : ഉണ്ടായാൽ കൊള്ളാമെന്നു തോന്നിയതുകൊണ്ടാണ്.

<u>ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള</u> : കാൺഗ്രസ്സുപാർട്ടിയിൽ എത്ര എം. എൽ. എ. മാർ ഉണ്ടെന്നു പറയാമോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : അന്വേഷിച്ചു നോക്കണം.

<u>ശ്രീ. കെ. ബാലകൃഷ്ണൻ</u> : ഇത്തരം കമ്മിററികൾ സങ്കുചിതമായ പാർട്ടി മനോഭാവം കൂടാതെ സംഘടിപ്പിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : അങ്ങിനെയാണ്.

ശ്രീ. ആർ. പ്രകാശം: തിരുവനന്തപുരത്തെ ഡെവലപ്പ്മെൻറ കമ്മിററിയിൽ എല്ലാ പാർട്ടിയിൽപ്പെട്ട അംഗങ്ങളുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസു വേണം.

ശ്രീ. ആർ. പ്രകാശം: കമ്മ്യൂണിസ്ററ പാർട്ടിയിൽപ്പെട്ട ഒരംഗം പോലും ഇപ്പോഴത്തെ കമ്മിററിയിൽ ഇല്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്റ്റേററ് ആകെക്കൂടി എടുത്തു നോക്കുമ്പോൾ എല്ലാ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഉണ്ടാകും.

ശ്രീ. ആർ. പ്രകാശം: അങ്ങിനെയാണെങ്കിൽ എല്ലാ ദിക്കിലും കോൺഗ്രസ്സുകാർ വന്നതെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാ ദിക്കിലുമുള്ള അംഗസംഖ്യ കൂട്ടി. അതുപോലെ ഇവരുടേയും കൂട്ടി.

ശ്രീ. കെ. സി. ജാർജ്: കോൺഗ്രസ്സിന് അഞ്ചിൽ എത്ര വേണമെന്നാണ് മന്ത്രിയുടെ അഭിപ്രായം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ നീതിയനുസരിച്ചു ചെയ്തു.

ശ്രീ. എ. താണുപിള്ള: ഈ കമ്മിററികളിൽ കോൺഗ്രസ്സുകാരും കഷ്ടിച്ചുവന്നാൽ അപൂർവ്വം ചില പി. എസ്സ്. പി. ക്കാരും മാത്രമേ പാടുള്ളൂ എന്ന നയം ഇപ്പോൾ കോൺഗ്രസ്സ് മാററിയിരിക്കയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു ഡബിൾ ചോദ്യമാണ്. അതിനു മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ശ്രീ. കൊടകര കേശവമേനോനെ ഈ കമ്മിററിയിലേയ്ക്കു് എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. പി. വിശ്വംഭരൻ: തിരഞ്ഞെടുപ്പിൽ തോററ കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ കമ്മിററിയിലേയ്ക്കെടുക്കുന്ന നയം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുൻഗവണ്മെൻറ തുടർന്ന നയം സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. പി. വിശ്വംഭരൻ: മുൻഗവണ്മെൻറ അങ്ങിനെ ആരെയാണ് എടുത്തിട്ടുള്ളതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പേരിപ്പോൾ ഓർമ്മയില്ല.

ശ്രീ. പി. വിശ്വംഭരൻ: ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ കമ്മിററിയിൽ പി. എസ്സ്. പി. ടിക്കററിൽ ഇലക്ഷനു നിന്നു തോററ ഒരംഗവുമില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണ് എൻെറ ഓർമ്മ.

അദ്ധ്യാപകന്മാരുടെ ശമ്പളം.

*28. [13] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്ക് ഇന്നു നൽകിവരുന്ന പ്രതിമാസ ശമ്പളം എത്ര;

(ബി) ഇപ്പോൾ കൊടുത്തുവരുന്ന ശമ്പളം അപര്യാപ്തമാണെന്നു ഗവണ്മെൻറ കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു പ്രതിവിധി ചെയ്യുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1-8-52-നു മുമ്പ് കൊച്ചിയിൽ നിയമിതരായവരും നിയമനം ഡിപ്പാർട്ടുമെൻറ് അംഗീകരിച്ചിട്ടുള്ളതുമായ പ്രൈവറ്റ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളവും അലവൻസും ഇങ്ങനെയാണ്:

(1) ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകക്ക് ഒരു രൂപയ്ക്കു് 14 അണ 10 പൈസ ക്രമത്തിനു് 30-50 സ്കെയിലിൽ ശമ്പളവും 20 രൂപ ക്ഷാമബത്തയും.

(2) ട്രെയിനിംഗ് കഴിയാത്തവക്ക് 1 രൂപയ്ക്കു 12 അണ 10 പൈസ ക്രമത്തിൽ 30-50 രൂപ സ്കെയിലിൽ ശമ്പളവും 20 രൂപ ക്ഷാമബത്തയും.

(3) ഹെഡ്മാസ്റ്റന്മാക്ക് ട്രെയിനിംഗ് അദ്ധ്യാപകന് കിട്ടുന്ന ശമ്പളത്തിനും ക്ഷാമബത്തയ്ക്കും പുറമെ 2 രൂപ 12 അണ പ്രത്യേക അലവൻസും. എന്നാൽ 1-8-52 കഴിഞ്ഞു് കൊച്ചിയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകന്മാക്കും തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട എല്ലാ പ്രൈവറ്റപ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കും കിട്ടുന്ന ഗ്രാൻറ ഇപ്രകാരമാണ്. അദ്ധ്യാപകന് 30 രൂപ. ഹെഡ്മാസ്റ്റക്ക് 35 രൂപ.

(ബി) ഗവണ്മെൻറ കൊടുക്കുന്നതു് ഗ്രാൻറാണ്. അതു് അപര്യാപ്തമാണെന്നു കരുതുന്നുണ്ട്.

(സി) പ്രൈവറ്റ പ്രൈമറിസ്കൂൾ അദ്ധ്യാപകന് പ്രതിമാസം സക്കാർ സ്കൂൾ അദ്ധ്യാപകൻെറ ശമ്പളം കൊച്ചിയിലെ ഗ്രാൻറ ഇൻ എയിഡ് റൂൾസ്പ്രകാരം കൊടുക്കാൻ തീരുമാനിച്ചു.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: ഇപ്പോൾ അദ്ധ്യാപകന്മാക്ക് കിട്ടിവരുന്ന ശമ്പളം അപര്യാപ്തമാണെന്നു കരുതുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടാണ് ശമ്പളസ്കെയിലുകൾ പരിഷ്കരിച്ചിരിക്കുന്നതു്.

### പണിമുടക്കു്.

※ 29. [14] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകർ 1955 ഫെബ്രുവരിയിൽ പണിമുടക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്തു് ആവശ്യത്തിലേയ്ക്കായിട്ടാണു് അവർ പണിമുടക്കിയതു്;

(സി) അവർ പണിമുടക്കു് പിൻവലിക്കുവാൻ കാരണമെന്താണു്;

(ഡി) അവരുടെ ശമ്പളം കൂട്ടുന്നതിനു ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രൈവററ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാർ ചിലർ 1955 ഫെബ്രുവരിയിൽ പണിമുടക്കുകയുണ്ടായി.

(ബി) അവർ പണിമുടക്കിയതു് താഴെ പറയുന്ന സങ്കടങ്ങൾക്കു് നിവൃത്തി സമ്പാദിക്കാനായിരുന്നു എന്നാണു് കാണുന്നതു്.

ശമ്പളം, അലവൻസ്, അവധി എന്നിവയിൽ സർക്കാർസ്കൂൾ അദ്ധ്യാപകരുമായി സമഗണനവേണം. എൻ. ജി. ഒ. മാരുടെ മക്കൾക്കുള്ള ഫീസിളവു് അവരുടെ മക്കൾക്കും അനുവദിക്കണം. എൻ. ജി. ഒ. മാക്കുള്ള ചികിത്സാനുകൂല്യങ്ങൾ അവക്കും കിട്ടണം. പ്രൊവിഡൻറുഫണ്ടു് ഉടനെ സ്ഥാപിക്കണം. അവരും മാനേജരന്മാരും തമ്മിലുള്ള തക്കങ്ങൾ തീർപ്പാൻ ഒരു ട്രിബ്യൂണൽ ഉടനെ സ്ഥാപിക്കണം. ഒരു അദ്ധ്യാപകൻെറ എല്ലാ സ്കൂളിലെ സർവ്വീസിനും പരിപൂർണ്ണ ഗണനകൊടുക്കണം. അവരുടെ സംഘടനയ്ക്കു് അംഗീകരണവും ഗ്രാൻറും കൊടുക്കണം.

(സി) അവരുടെ സങ്കടങ്ങൾ പരിഹരിക്കുന്ന കാര്യം ഗവണ്മെൻറിൻെറ അടിയന്തിര ആലോചനയിൽ ഇരിക്കുന്നു. ചിലതെല്ലാം പരിഹരിച്ചിട്ടുണ്ടു്.

(ഡി) അവരുടെ ശമ്പളക്കാര്യത്തിൽ എന്തുചെയ്യാനുദ്ദേശിക്കുന്നു എന്നു് ഇന്നുതന്നെ സഭയിൽ പ്രസ്താവിച്ചു കഴിഞ്ഞു.

### Social Welfare Advisory Board.

※30. [15] **Shri P. Kunjan:** Will the Chief Minister be pleased to state:

(*a*) how many members are there in the State Social Welfare Advisory Board in Travancore-Cochin;

(*b*) who constituted the Board, this Government or the Central Government; and

(*c*) is there any representation for scheduled castes?

*Chief Minister* **(Shri Panampilli Govinda Menon)**: (*a*) There are 9 members in the State Social Welfare Advisory Board in Travancore-Cochin;

(b) the Board was constituted by the State Government with the concurrence of the Central Social Welfare Board.

(c) the representatives do not appear to have been selected on consideration of their caste.

**Shri P. Kunjan:** May I know the names of the Members of the Board ?

**Shri Panampilli Govinda Menon:** The names of the Members are these—

1. Sry. P. Thankamma, Secretary, Mahilamandiram, Trivandrum. (*Chairman*)
2. Miss. Sosa Mathew, Secretary, Y. W. C. A. Kerala Branch, Thiruvalla.
3. Mrs. Leela Damodara Menon, Ottappalam.
4. Mrs. Pattom Thanu Pillai.
5. Shri Cherian Thomas, District Organiser, Bhoodan Committee, Kottayam.
6. Mrs. Pavizham Madhavan Nair, Ernakulam.
7. Sry. P. Janaki Amma, Chairman, Municipal Council, Ernakulam.
8. Mrs. K. A, Mathew, Thiruvalla.
9. Secretary to Government, Education Department.

ശ്രീമതി കെ. ആർ. ഗൗരി: ഈ കമ്മിററികളിൽ ഇവർക്കെല്ലാം പ്രാതിനിദ്ധ്യം കൊടുത്തതു് എന്തടിസ്ഥാനത്തിലാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തടിസ്ഥാനത്തിൽ ചെയ്തു എന്നു് ഫയലിൽ കാണുന്നില്ല. ഇതിൽ നാലുപേരെ സെൻട്രൽ ബോർഡിന്റെ നിർദ്ദേശമനുസരിച്ചു് നാമിനേററ ചെയ്തതാണു്. മിസ്സ്. ശോശാമ്മ മാത്യു, ലീലാ ദാമോദരമേനോൻ, മിസ്സസ്സ് പട്ടം താണുപിള്ള, ശ്രീ. ചെറിയാൻ തോമസ്സ് ഇവരാണു് നാലുപേർ. മററുള്ളവരെ ഈ ഗവണ്മെന്റിന്റെ അഭിപ്രായമനുസരിച്ചു് നാമിനേററചെയ്തു എന്നാണു് കാണുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: ലീലാ ദാമോദരമേനോൻ തിരുവിതാംകൂർ–കൊച്ചിക്കാരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. ദാമോദരമേനോൻ ഈ സ്റ്റേററകാരനാണു്.

ശ്രീമതി കെ. ആർ. ഗൗരി; അദ്ദേഹം മലബാറിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു എം. പി. ആണെന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മേൽവിലാസം കൊടുത്തിട്ടുള്ളതു് ഒററപ്പാലം എന്നാണല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: തിരുവിതാംകൂർ-കൊച്ചിയിൽ വേറെ സ്ത്രീകളെ ഇല്ലാത്തതുകൊണ്ടാണോ മലബാറിൽനിന്നും എടുത്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെനിക്കു നിശ്ചയമില്ല.

ശ്രീമതി കെ. ആർ. ഗൗരി: തിരുവിതാംകൂർ-കൊച്ചിയിൽ ഒരു മഹിളാസംഘം ഉള്ളതിന് ഈ കമ്മിററിയിൽ പ്രാതിനിധ്യം കൊടുക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ചെയർമാൻ തന്നെ ഇതിന്റെ സെക്രട്ടറിയാണ്.

ശ്രീമതി കെ. ആർ. ഗൗരി: അതു മഹിളാമന്ദിരമാണ്. അതു വെറും ഒരു ഇൻസ്റ്റിററ്യൂഷനാണെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു ഇൻസ്റ്റിററ്യൂഷനായിരിക്കണം. വെറും ഇൻസ്റ്റിററ്യൂഷനാണെന്ന് അറിഞ്ഞുകൂടാ.

ശ്രീമതി കെ. ആർ. ഗൗരി: അതു പൂജപ്പുര നടത്തുന്നതാണെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീമതി കെ. ആർ. ഗൗരി: മഹിളാസംഘടനയ്ക്ക് പ്രാതിനിധ്യം കൊടുത്തിട്ടില്ലാത്തതുകൊണ്ട് ഇനിയെങ്കിലും അതിനു പ്രാതിനിധ്യം കൊടുക്കുന്നതിനു ശ്രമിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതൽ അംഗങ്ങളെ ചേർക്കാൻ നിവൃത്തിയുണ്ടോ എന്നറിവില്ല. ഇതു സെൻട്രൽ ഗവണ്മെൻറിന്റെ പ്ലാൻ അനുസരിച്ച് നടത്തുന്നതാണ്. കൂടുതൽ അംഗങ്ങളെ എടുക്കുമോ എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി: സ്ത്രീകളുടെ ഇടയിൽ സാമൂഹ്യപ്രവർത്തനം നടത്തുന്ന മഹിളാസംഘടനയുടെ പ്രതിനിധിയെ കോ-ഓപ്റ്റ് ചെയ്യേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ബോർഡിലേയ്ക്ക് കോ-ഓപ്റ്റ് ചെയ്യപ്പെടുത്തിയിട്ടുള്ള ആളുകളെ എടുത്തുകഴിഞ്ഞു. അതുകൊണ്ട് വേറെ അർഹതയുള്ളവരാരും ഇല്ലെന്ന് അർത്ഥം വരുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: ആ സ്ഥിതിക്ക് അവരെക്കൂടി എടുക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതൽ ആളുകളെ എടുക്കാമോ എന്നറിഞ്ഞതിനു ശേഷമേ അതിനു മറുപടി പറയുവാൻ നിവൃത്തിയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: അതിനെപ്പററി അന്വേഷിച്ച് സാദ്ധ്യതയുണ്ടെങ്കിൽ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നോക്കാം.

ശ്രീ. എൻ. ജി. ചാക്കോ: ഈ സഭയിലെ ഏക വനിതാ മെംബറെക്കൂടി നോമിനേററ് ചെയ്യുമോ?

**Mr. Speaker:** That is a very pertinent question.

**Shri Panampilli Govinda Menon:** And it is a good suggestion too (Laughter).

ശ്രീ. ടി. കെ. ദിവാകരൻ: സോഷ്യൽ വെൽഫെയർ വക്കു് സ്ത്രീകൾക്കു മാത്രമേ ആകാവൂ എന്നു് നിർബന്ധമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ബോർഡിൽ ഒരു പുരുഷനുമുണ്ടു്. ശ്രീ. ചെറിയാൻ തോമസ്സു് പുരുഷനാണു്. അദ്ദേഹം വെൽഫെയർ പ്രവർത്തനം നടത്തുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: സോഷ്യൽ വെൽഫെയർ പ്രവർത്തനം സ്ത്രീകളുടെ ഇടയിൽ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രധാനമായി സ്ത്രീകളുടേയും കുട്ടികളുടേയും ഇടയിലാണു് ഉദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: ശ്രീ. ചെറിയാൻ തോമസ്സു് എന്തു സാമൂഹ്യപ്രവർത്തനമാണു് നടത്തുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അദ്ദേഹം ഭൂദാനകമ്മിററിയുടെ ഒരു ആർഗനൈസറാണു്.

## സാങ്കേതിക വിദ്യാലയങ്ങൾ.

* 31. [16] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സാങ്കേതികവിദ്യാലയങ്ങൾ ഉദ്ധരിക്കുന്നതിനു് വേണ്ട മാറ്റങ്ങളെപ്പററി അന്വേഷിച്ചു് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചിട്ടു് എത്ര കാലമായി;

(ബി) റിപ്പോർട്ടു കിട്ടിയിട്ടു് എത്ര കാലമായി;

(സി) അതിന്മേൽ ഗവണ്മെൻറു് വല്ല ഉത്തരവും പാസ്സാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സാങ്കേതികവിദ്യാലയങ്ങൾ ഉദ്ധരിക്കുന്നതിനു വേണ്ട മാറ്റങ്ങളെപ്പററി അന്വേഷിച്ചു് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 26–6–1952-ൽ ഒരു കമ്മിററിയെ നിയമിച്ചു.

(ബി) 4–6–1954-ൽ ഈ കമ്മിററിയുടെ റിപ്പോർട്ടു കിട്ടി.

(സി) റിപ്പോർട്ടിൻെറ പല ഭാഗങ്ങളും ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്. ഈ കമ്മിററിയുടെ റിപ്പോർട്ടു് അനുസരിച്ചു സാങ്കേതികവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു 13 രൂപ വീതം ഗ്രാൻറു് ഉണ്ടായിരുന്നതു് 40 രൂപയായി വർദ്ധിപ്പിച്ചു് രണ്ടു ദിവസത്തിനുമുമ്പു് ആർഡർ പാസ്സാക്കിയിട്ടുണ്ടു്. വർദ്ധിപ്പിച്ച ഗ്രാൻറു് അടുത്ത ഏപ്രിൽ 1-ാംനു- മുതൽ അദ്ധ്യാപകന്മാർക്കു കിട്ടുന്നതാണു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞൻ: ഈ കമ്മിററിയുടെ പ്രവർത്തനത്തിനുവേണ്ടി എത്ര രൂപ ഗവണ്മെൻറിനു ചെലവു വന്നിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ് വേണം.

ശ്രീ. പി. വിശ്വംഭരൻ: ഈ വർദ്ധിപ്പിച്ച ഗ്രാൻറ് അടുത്ത ഏപ്രിൽ 1-ാംതീയതിമുതൽ കിട്ടുന്നതാണെന്ന് പറഞ്ഞു. ഏതു ഏപ്രിൽ മുതലാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്ത ഏപ്രിൽ 1-ാം തീയതി മുതൽ.

## പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം.

※ 32. [17] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പ്രൈവറ്റ് സെക്കണ്ടറി പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളത്തിൽ എന്തു പരിഷ്കാരമാണ് ഗവണ്മെൻറ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതു്;

(ബി) അതു് എന്നു നടപ്പിൽ വരുത്തും;

(സി) ഈയിനത്തിൽ ഗവണ്മെൻറിനു് ഒരു വർഷത്തിൽ വരുന്ന ചെലവു് കണക്കാക്കപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഈ ചോദ്യത്തിനു് ഇന്നു ഉത്തരം നൽകിക്കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, പാർട്ടു് (സി) യുടെ ഉത്തരം ലഭിച്ചാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ സംഗതികളെല്ലാം ബഡ്ജററിൽ വിവരമായി പ്രതിപാദിക്കുന്നുണ്ടു്.

## കയർ മിനിമം വേജസ്സ്.

※ 33. [18] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 ഡിസംബർ 1-ാംനു- മുതൽ കയർ മിനിമംവേജസ്സ് നടപ്പിലാക്കുന്നതിനുവേണ്ടി ഗവണ്മെൻറ് കർശനനടപടികൾ എടുക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം കഴിഞ്ഞ നിയമസഭാസമ്മേളനം പാസ്സാക്കുകയുണ്ടായില്ലേ;

(ബി) അതിന്മേൽ ഗവണ്മെൻറ് എന്തു നടപടികൾ എടുത്തു;

(സി) മിനിമംവേജസ്സ് ഉൽപ്പാദകർ നൽകുന്നില്ല എന്നു് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു്;

(ഡി) മിനിമംവേജസ്സ്, കൊടുക്കാത്ത ഉൽപ്പാദകരുടെമേൽ എന്തു് ശിക്ഷാനടപടികൾ എടുത്തിട്ടുണ്ടു്;

(ഇ) മിനിമംവേജസ് വാങ്ങാൻവേണ്ടി സമാധാനപരമായ ജാഥയും സത്യാഗ്രഹവും നടത്തിയ തൊഴിലാളികളുടെ മേൽ ഉൽപ്പാദകരും ഗുണ്ടാകളും ചേർന്ന് കയ്യേററം നടത്തിയതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(എഫ്) അത്തരം പരാതികളിന്മേൽ എന്തു നടപടികൾ എടുത്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കയർതൊഴിലാളികളുടെ ദുരിതനിവാരണത്തിനായി 15 ലക്ഷം രൂപ അനുവദിക്കണമെന്നും, കയർ മിനിമംവേജസ് ഊർജ്ജിതമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രമേയം കഴിഞ്ഞ നിയമസഭാ സമ്മേളനം പാസാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രമേയം പൂർണ്ണമായും നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരികയാണ്. ഗവണ്മെൻറ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ കൂലിനിരക്ക് ലഭിക്കുന്നില്ലെന്നുള്ള പരാതികൾ കേട്ടുതീരുമാനിക്കുന്നതിനായി മിനിമംവേജസ് ആക്ററ 20-ാം വകുപ്പു അനുസരിച്ച് ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടന്മാരെ ക്ലെയിംസ് അതാറിററീസ് (Claims Authorities) ആയി നിയമിച്ചു. കൂടാതെ മിനിമംവേജസ് ഊർജ്ജിതമായി നടപ്പിലാക്കണമെന്നും, അതിനു വിപരീതമായി പ്രവർത്തിക്കുന്നവരുടെ പേരിൽ വേണ്ട നടപടികൾ എടുക്കണമെന്നും അസിസ്റ്റൻറ് ലേബർ കമ്മീഷണർമാക്കും, കൺസിലിയേഷൻ ആഫീസർമാക്കും ലേബർ ആഫീസറന്മാക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ക്ലിപ്തമായി പറയുവാൻ സാദ്ധ്യമല്ല.

(ഡി) ഗവണ്മെൻറ തീർച്ചപ്പെടുത്തിയിട്ടുള്ള കുറഞ്ഞ കൂലി ലഭിക്കാത്തതു സംബന്ധിച്ചുള്ള പരാതികൾ കേട്ടു തീരുമാനിക്കുന്നതിനാണ് മിനിമംവേജസ് ആക്ററ് അനുസരിച്ച് ക്ലെയിംസ് അതാറിട്ടീസിനെ നിയമിച്ചിട്ടുള്ളതു്.

(ഇ) മിനിമംവേജസ് വാങ്ങാൻവേണ്ടി സമാധാനപരമായ ജാഥയും സത്യാഗ്രഹവും നടത്തിയ തൊഴിലാളികളുടെ പേരിൽ കൈയേററം നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ട്.

(എഫ്) ഈ തരം പരാതികളിന്മേൽ വേണ്ട നടപടി നടത്താൻ പോലീസ് ഡിപ്പാർട്ടുമെൻറിലേയ്ക്കു് അയച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: ലേബർ ഉദ്യോഗസ്ഥന്മാക്കും കൺസിലിയേഷൻ ആഫീസറന്മാക്കും മററും നടപടികൾ എടുക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നു പറഞ്ഞു. അവരിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ ഏതെങ്കിലും ഉൽപ്പാദകരുടെ പേരിൽ ഇതേവരെയായി നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയർ മിനിമംവേജസ് ഈ അടുത്തകാലത്താണു നടപ്പാക്കിയതു്. അതു് നടപ്പിൽ വരുത്തുമ്പോൾ ചില ചെറിയ വൈഷമ്യങ്ങൾ വന്നിട്ടുണ്ട്. അതു് ഊർജ്ജിതമായി നടപ്പിലാക്കണമെന്നുതന്നെയാണ് ഗവണ്മെൻറിൻെറ ഉദ്ദേശം. അതിന് അൽപ്പം സമയം ആവശ്യം വരുമെന്നേയുള്ളൂ. അതിലുള്ള പ്രായോഗികവൈഷമ്യങ്ങൾ പരിഹരിക്കാൻവേണ്ടി ഒരു കമ്മിററിയെയും നിയമിച്ചിട്ടുണ്ട്.

എനിക്ക ഇതിനെ സംബന്ധിച്ച് ഈ സഭയിൽ ഉറപ്പിച്ചു പറയുവാനുള്ളതു് മിനിമം വേജസ് ഗവണ്മെൻറ വളരെ ആത്മാർത്ഥമായി നടപ്പിൽ വരുത്താൻ വേണ്ട നടപടികഠം നടത്തും എന്നാണു്.

പബ്ളിക്കവർക്കു് കമ്മിററിയിൽ ചെയ്തിട്ടുള്ള തീരുമാനങ്ങഠം.

※ 34. [19] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങഠംക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറപടി നൽകുമോ:

(എ) സംസ്ഥാനത്തു 1951-നു ശേഷം പബ്ളിക്കവർക്കു് കമ്മിററികഠം ഇന്നുവരെ ചെയ്തിട്ടുള്ള തീരുമാനങ്ങഠം എത്ര;

(ബി) അവയിൽ എത്രയെണ്ണം ഗവണ്മെൻറ് ഇതുവരെ നടപ്പിൽ വരുത്തിയിട്ടുണ്ടു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 1785 തീരുമാനങ്ങഠം. (മൂവാററുപുഴ സബ്ഡിവിഷൻ ഒഴികെ). മൂവാററുപുഴ സബ്ഡിവിഷനെ സംബന്ധിച്ച വിവരങ്ങഠം ലഭിച്ചിട്ടില്ല.

(ബി) 547 എണ്ണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: 1785 തീരുമാനങ്ങളിൽ വളരെ കുറച്ചു മാത്രം നടപ്പിൽ വരുത്തിയിട്ടുള്ളതിനു പ്രത്യേക കാരണം വല്ലതുമുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: പണസംബന്ധമായി ഉള്ള വിഷമം മൂലമാണു് നടപ്പിൽവരുത്താൻ സാധിക്കാതെ വന്നിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അടുത്ത ബഡ്ജററിലെങ്കിലും ഇതിനാവശ്യമുള്ള തുക ഉഠംപ്പെടുത്തുന്നകാര്യം ആലോചിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: പബ്ലിക്ക വർക്സു കമ്മിററിയുടെ തീരുമാനങ്ങഠംക്ക വിപരീതമായി ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നതായാൽ അതിനെ തിരുത്താൻ ഗവണ്മെൻറ ശ്രമിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: അങ്ങനെ പ്രവർത്തിച്ചിട്ടില്ലാ എന്നാണു ഗവണ്മെൻറിൻെറ വിശ്വാസം.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ പ്രവർത്തിച്ചിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ അതു് തിരുത്താൻ ശ്രമിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: ആലോചിക്കാം.

ശ്രീ. എൻ. ജി. ചാക്കോ: വർക്ക്സ് ഡിവിഷൻ കമ്മിററികഠം ശുപാർശ ചെയ്തിട്ടുള്ള ജോലികഠം ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അതാണു് ഞാൻ മുൻപു പറഞ്ഞ 547 എണ്ണം.

ശ്രീ. പ്രാക്കുളം ഭാസി : സർ, ഒരു പായിൻറ് ആഫ് ആർഡർ, പബ്ളിക്ക് വർക്ക്സ് മിനിസ്റ്റർ മുൻവരിയിൽ സീററുമാററി കൊടുത്താൽ കൊള്ളാം. അദ്ദേഹം സംസാരിക്കുന്നതു് ഒന്നുംതന്നെ ഞങ്ങൾക്കു കേൾക്കാൻ നിവൃത്തിയില്ല. ഈ സഭയിലെ ഒരു മെംബർ എന്ന നിലയിൽ ഞാൻ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണു്.

ശ്രീ. സി. എ. മാത്യു : മൂവാററുപുഴ താലൂക്കുമാത്രം ഇതിൽനിന്നും ഒഴിവാക്കാൻ കാരണം വല്ലതും ഉണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു ഒഴിവാക്കിയിട്ടില്ല. അവിടെ നിന്നും ഉള്ള വിവരങ്ങൾ ഇതേവരെ ലഭിച്ചിട്ടില്ല.

ശ്രീ. സി. എ. മാത്യു : ആ വിവരങ്ങൾ അറിയിച്ചുതരുന്നതിനു അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അനാസ്ഥ കാണിച്ചു എന്നു പറയുവാൻ നിവൃത്തിയില്ല. അവിടെ നിന്നും മറുപടി കിട്ടിയിട്ടില്ല എന്നേയുള്ളു.

ശ്രീ. കെ. എം. ചാണ്ടി : 1954-55-ൽ സെൻട്രൽ വർക്ക്സു കമ്മിററി വല്ല തീരുമാനങ്ങളും സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

ശ്രീ. കെ. എം. ചാണ്ടി : അതിനുള്ള കാരണം എന്താണു് ?

ശ്രീ. കെ. ഐ. വേലായുധൻ : 1954-55-ൽ സെൻട്രൽ വക്ക്സ് കമ്മിററി കൂടുവാൻ സാധിച്ചിട്ടില്ല. പുതിയ ജോലികൾക്കു് ഫണ്ടില്ലാതിരുന്നതുകൊണ്ടാണു്.

ശ്രീമതി കെ. ആർ. ഗൗരി : 1953-54-ൽ നടത്താനുള്ള പണികൾ നടത്താൻ സാധിക്കാതെ വന്നിട്ടുള്ളതെല്ലാം 1954-1955-ലേക്കു് ഉൾപ്പെടുത്തിയതുകൊണ്ടല്ലേ ഈ വിഷമം വന്നിട്ടുള്ളതു് ?

ശ്രീ. കെ. ഐ. വേലായുധൻ : ജോലി തുടങ്ങി പൂർത്തിയാകാത്ത പണികൾക്കു മാത്രം വകകൊള്ളിച്ചതുകൊണ്ടാണു്.

ശ്രീ. പി. വിശ്വംഭരൻ : സെൻട്രൽ വക്ക്സ് കമ്മിററിയുടെ ശുപാർശയനുസരിച്ചാണോ ബഡ്ജററിൽ തുക കൊള്ളിക്കുന്നതു് ?

ശ്രീ. കെ. ഐ. വേലായുധൻ : അടുത്തകൊല്ലത്തേക്കുള്ള ശുപാർശകൾ ഇക്കൊല്ലം തീരുമാനിക്കണം. ബഡ്ജററിൽ പണം കൊള്ളിക്കുന്നതനുസരിച്ചാണു് സെൻട്രൽ വക്ക്സ് കമ്മിററി പണികൾ ശുപാർശ ചെയ്യുന്നതു്.

ഡി. ഡി. ടി. ഫാക്ടറി.

* 34 (a). [20] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) കേന്ദ്രഗവണ്മെൻറ് രണ്ടു് ഡി. ഡി. ടി. ഫാക്ടറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഫാക്ടറികളിൽ ഒന്നു് ഈ സംസ്ഥാനത്തു സ്ഥാപിച്ചുകിട്ടുവാൻവേണ്ടി ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിനോടു് എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇപ്പോഴുള്ള ഒരു ഫാക്ടറിക്കു പുറമേ രണ്ടു ഡി. ഡി. റ്റി. ഫാക്ടറികൾകൂടി സ്ഥാപിക്കുവാൻ കേന്ദ്രഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടെന്നു് അറിയാം.

(ബി) അങ്ങനെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഫാക്ടറികളിൽ ഒന്നു് നമ്മുടെ സംസ്ഥാനത്തു സ്ഥാപിക്കണമെന്നുള്ള കാര്യം ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിനോടു് നിവേദനം നടത്തിയിട്ടുണ്ടു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ: ആ നിവേദനത്തിൻെറ ഫലം എന്തായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സഫലമാകുമെന്നാണു് വിശ്വസിക്കുന്നതു്.

## ബസ്സുകളിൽ ഓവർലോഡു്.

✻ 35. [23] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ സർവ്വീസു് ബസ്സുകളിൽ ഓവർലോഡിംഗു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു് നിർത്തൽ ചെയ്യുന്നതിനു് ഗവണ്മെൻറ് എന്തെല്ലാം നടപടികളാണു് സ്വീകരിച്ചിട്ടുള്ളതു്;

(സി) ബസ്സുടമകളുടെ യൂണിയനും, ഇൻറർ ചെയിഞ്ചബിൾ ഷെഡ്യൂൾ വ്യവസ്ഥയും ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) സാധാരണ ഓവർലോഡു് ഉള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ഓവർലോഡു് കാണുമ്പോൾ ബസ്സിലെ ജോലിക്കാരെ പ്രാസിക്യൂട്ടു് ചെയ്യുകയോ് ഡിപ്പാർട്ടുമെൻറലായി അവരെ ശിക്ഷിക്കുകയൊ ചെയ്യുവരുന്നുണ്ടു്.

(സി) ഉണ്ടു്.

## പൊതുമരാമത്തുജോലികൾ.

✻ 36. [25] ശ്രീ. പി. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യത്തിനു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

കമ്മ്യൂണിററിപ്രോജക്ററ് മേഖലകളിൽ പുതിയ പൊതുമരാമത്തു ജോലികൾ ആരംഭിക്കേണ്ടതില്ലെന്നു ഗവണ്മെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): ഇല്ല.

ശ്രീ. പി. വിശ്വംഭരൻ: കമ്മ്യൂണിറ്റി പ്രോജക്റ്റ് മേഖലകളിൽ ഇപ്പോഴം പൊതുമരാമത്തു ജോലികൾ ഒന്നുംതന്നെ തുടങ്ങുന്നില്ലെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: ഇല്ല എന്നു പറയുവാൻ നിവൃത്തിയില്ല.

## WRITTEN ANSWERS.

### ഗസറഡ്ഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം.

* 37. [26] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറഡ്ഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ വല്ല നടപടിയും ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചു മുൻഗവണ്മെന്റ് എന്തെങ്കിലും നടപടി നടത്തിയിരുന്നോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഈ പ്രശ്നം മുൻഗവണ്മെന്റിന്റെയും പരിഗണനയിലിരുന്നു.

### എൻ. ഇ. എസ്. ബ്ലോക്കുകൾ.

* 38. [28] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തികവർഷത്തിൽ എത്ര എൻ. ഇ. എസ്. ബ്ലോക്കുകൾ നടപ്പിലാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു;

(ബി) എവിടെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കേന്ദ്രഗവണ്മെന്റിന്റെ തീരുമാനത്തെ അടിസ്ഥാനമാക്കി ബ്ലോക്കുകളുടെ എണ്ണം നിശ്ചയിക്കുന്നതായിരിക്കും.

(ബി) ചോദ്യം ഉദിക്കുന്നില്ല.

### എംപ്ലായിമെന്റ് എക്സ്ചേഞ്ച് ആഫീസുകൾ.

* 39. [33] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ എന്തെല്ലാം സ്ഥലത്ത് എംപ്ലായിമെന്റ് എക്സ്ചേഞ്ചാഫീസുകൾ ഉണ്ട്;

(ബി) ഇവയുടെ നടത്തിപ്പിനായി കേന്ദ്രത്തിൽ നിന്നും എന്തു സഹായം ലഭിക്കുന്നുണ്ട്;

(സി) 1954-55 വർഷത്തിൽ എത്രപേർ എംപ്ലായിമെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തു;

(ഡി) എത്രപേർക്ക് ജോലി ലഭിച്ചു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) തിരുവനന്തപുരത്തും എറണാകുളത്തും വില്ലിംഗ്ടൺ ദ്വീപിലും എംപ്ലായിമെൻറ് എക്സ്ചേഞ്ചാഫീസുകൾ ഉണ്ട്.

(ബി) ഇവയുടെ നടത്തിപ്പിനായി കേന്ദ്രത്തിൽ നിന്നും കെട്ടിട വാടകയൊഴിച്ചുള്ള മററു സകല ചെലവിൻെറയും 60 ശതമാനം ലഭിക്കുന്നുണ്ട്.

(സി) 1954-55 വർഷത്തിൽ 25503 ആളുകൾ എംപ്ലായിമെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 4194 പേർക്ക് ജോലി ലഭിച്ചു.

## മിനിമം വേജസ്.

✻ 40. [34] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

മിനിമം വേജസ് പോലും നടപ്പിലാക്കിയിട്ടില്ലാത്ത തോട്ടം ഉടമകളുടെ പേരിൽ ഗവണ്മെൻറ് എന്തു നടപടികൾ നടത്തി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : മിനിമം വേജസ് നടപ്പിലാക്കിയിട്ടില്ലാത്ത തോട്ടമുടമയുടെ മേൽ പ്രോസിക്യൂഷൻ നടപടികൾ നടത്തിവരുന്നുണ്ട്. തൊഴിലാളികൾക്ക് ശമ്പള ഇനത്തിൽ ചെല്ലേണ്ട തുകയ്ക്കു് ക്ലെയിംസ് അതാറിട്ടി മുഖേന വേണ്ട നടപടികളും നടത്തുന്നു.

## തോട്ടം തൊഴിലാളി പ്രശ്നങ്ങൾ.

✻ 41. [35] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചി തോട്ടം തൊഴിലാളി പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കഴിഞ്ഞ ജനുവരിമാസം 22, 23 എന്നീ തീയതികളിൽ കൂടിയ ത്രികക്ഷിസമ്മേളനം യാതൊരു തീരുമാനവും എടുക്കാതെ പരാജയപ്പെട്ട വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ന്യായമായ തൊഴിലാളികളുടെ അവകാശവാദങ്ങൾ അംഗീകരിക്കാൻ മുതലാളിമാരുടെ വൈമനസ്യമാണ് ഈ സമ്മേളനം പരാജയപ്പെട്ടതെന്നുള്ള തൊഴിലാളി പ്രതിനിധികളുടെ സ്റ്റേറമെൻറ് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികൾ നടത്തി; നടപടികൾ എടുത്തിട്ടില്ലെങ്കിൽ എന്തു് നടപടികളാണ് ഗവണ്മെൻറ് എടുക്കുവാൻ ഉദ്ദേശിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങൾ ഒരു സ്പെഷ്യൽ തൊഴിൽതർക്ക കോടതിക്ക് വിട്ടുകൊടുക്കുന്നകാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

## Enforcement of Plantation Labour Act.

※ 42. [36] **Shri P. Bhaskaran Nair :** Will the Chief Minister be pleased to state :

(*a*) do the Government intend to enforce the Plantation Labour Act 1951, in our State during the ensuing financial year;

(*b*) when enforcing this Act would the Government consider about the desirability and necessity of including cardamom Plantations also under the operation of the Plantation Labour Act?

*Chief Minister* **(Shri Panampilli Govinda Menon) :**

(*a*) Yes.

(*b*) Will be considered.

## എൻ. ഇ. എസ്സ്. ബ്ലാക്കുകൾ.

※ 43. [41] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55-ൽ എത്ര എൻ. ഇ. എസ്സ്. ബ്ലാക്കുകൾ രൂപീകരിക്കുന്നതിന് ഗവണ്മെൻറ ഉദ്ദേശിച്ചിരുന്നു;

(ബി) അതിനുവേണ്ടി എന്തു തുക ബഡ്ജററിൽ ഉൾപ്പെടുത്തി;

(സി) എത്ര ബ്ലാക്കുകൾ ഇതിനകം രൂപീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 17.

(ബി) 6,50,000 രൂപ.

(സി) 5.

## Division Works Committee.

※ 44. [43] **Shri V. V. Sebastian :** Will the Minister for Works and Transport be pleased to state :

(*a*) whether the recommendations made by the Sub-Division Works Committees in the State for works to be executed in 1954-55 have ever been considered by the Central Works Committee ;

(*b*) if not, why ;

(*c*) how was the selection of works for 1954-55 made ?

*Minister for Works* **(Shri K. I. Velayudhan):**

(a) No.

(b) Because no new works were selected for want of funds.

(c) No new works were included in the budget for 1954-55. Provision was made for incomplete works only.

**Periyar Waters.**

*45. [50] **Shri M. P. Menon**: Will the Chief Minister be pleased to state:

(a) has any agreement been reached between this Government and the Madras Government for the utilisation of Periyar Waters;

(b) if so, what are the terms of the agreement?

*Chief Minister* **(Shri Panampilli Govinda Menon):**

(a) Yes; this Government have come to a provisional agreement with the Madras Government permitting them to work out the Periyar Hydro Electric Scheme on payment of a royalty.

(b) Under the proposals made by the Madras Government and accepted by this Government, the Madras Government shall pay to this Government royalty at Rs. 12 per K. W. year for generation up to 350 million units and at Rs. 18 per K. W. year, generated in excess of 350 million units.

**Time Scale.**

*46. [53] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(a) whether time scale will be implemented by the Government;

(b) if so from which date;

(c) whether the Government received any representation regarding the insufficiency of increments in various categories of Government servants;

(d) if so, whether the Government has taken any decision on these?

*Chief Minister* **(Shri Panampilli Govinda Menon):**

(a) Yes.

(b) From 1st April, 1955.

(c) A few representations have been received.

(d) Such questions will be considered by the Pay Commission proposed to be appointed.

## UNSTARRED QUESTIONS AND ANSWERS.

### കശുവണ്ടിഫാക്ടറികൾ.

2. [5] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-ൽ തുടർച്ചയായി 15 ദിവസം തുറന്നു പ്രവർത്തിച്ചിട്ടുള്ള കശുവണ്ടിഫാക്ടറികൾ സംസ്ഥാനത്ത് എത്രയുണ്ട്;

(ബി) 150 ദിവസം തുടർച്ചയായി പണിചെയ്യിച്ചിട്ടില്ലാത്ത കശുവണ്ടി ഫാക്ടറികൾ എത്ര; ഉടമസ്ഥന്മാർ ആരെല്ലാം;

(സി) 6 ദിവസം പണിയും നാലു ഹാജരും ഫാക്ടറികളിൽ കൊടുക്കുന്ന ഏർപ്പാട് തടയാൻ എന്തെങ്കിലും നടപടി നടത്തുമോ?

### ഉത്തരം.

(എ) 121 കശുവണ്ടി ഫാക്ടറികൾ ഉണ്ട്.

(ബി) 14 കശുവണ്ടിഫാക്ടറികൾ. ഉടമസ്ഥന്മാരുടെ പേരു വിവരം.

E. C. G. A. & Sons, Kunnathur.

Indian Cashew Nuts and Plantations Ltd., Kanniamangalam.

Janab Abdul Khadir Musaliar and Sons, Mynagappally.

Popular Cashews, Muringad and Irinjalakuda.

Janab Mytheen Kunju, Proprietor, K. M. K. and Sons, Killikolloor.

Shri P. Gangadharan, Proprietor, Ratna Cashew Factory Kundara.

Shri K. Gangadharan, Proprietor, K. Gangadharan Cashew Factory, Keralapuram.

Shri N. Ramachandra Reddiar, Proprietor, N. A. N. R. & Sons, Cashew Factory, Nedunpaikulam.

(സി) കശുവണ്ടിഫാക്ടറികളിൽ ഗ്രേഡിംഗ്ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽ മിനിമംവേജസ് റിപ്പോർട്ട് അനുസരിച്ച് പ്രതിദിനം ചെയ്തുതീർക്കേണ്ട വർക്ക്‌ലോഡ് പൂർത്തിയാക്കാൻ കഴിവില്ലാത്ത അപൂർവം ചില തൊഴിലാളികളെമാത്രം ബാധിക്കുന്ന ഒരു കാര്യമാണിത്. ചെയ്തുതീർക്കുന്നജോലിയുടെ അളവനുസരിച്ച് ജോലി ദിവസം കണക്കാക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

### തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ച സാംസ്കാരികസംഘം

3. [6] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോവിയറ്റ് റഷ്യയിൽ നിന്നും ഒരു സാംസ്കാരികസംഘം ഫെബ്രുവരിമാസത്തിൽ തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചിട്ടുണ്ടോ;

(ബി) അവരുടെ സന്ദർശനപരിപാടി തയാറാക്കിയതു് ഏതു ഉദ്യോഗസ്ഥനാണു്;

(സി) തലസ്ഥാനത്തുപോലും ഒരു പബ്ലിക്കു് ഫംക്ഷനിൽ അവർ പങ്കെടുക്കാതിരുന്നതിനുള്ള കാരണമെന്താണു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അവരുടെ സന്ദർശനപരിപാടി തയാറാക്കിയതു് കേന്ദ്ര ഗവണ്മെന്റാണു്.

(സി) ഈ സംസ്ഥാനത്തു് അവരുടെ താമസം വളരെ കുറച്ചു സമയം മാത്രമായതുകൊണ്ടും സന്ദർശനപരിപാടികൾ വളരെ തിരക്കേറിയതുകൊണ്ടുമാണു് പൊതു പരിപാടികളിലൊന്നും പങ്കെടുക്കാൻ അവർക്കു് കഴിയാഞ്ഞതു്, അല്ലാതെ പ്രത്യേകകാരണങ്ങളൊന്നുമില്ല.

മുനിസിപ്പാലിററി എൻ. ജി. ഒ. മാർ.

4. [7] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈംസ്കെയിൽ സംബന്ധിച്ചു് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുമൂലമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുനിസിപ്പാലിററികളിലെ എൻ. ജി. ഒ. മാർക്കും ബാധകമാകുമോ;

(ബി) ഇല്ലെങ്കിൽ അവർക്കുംകൂടി ബാധകമാക്കുന്നതിനു് ഉത്തരവു് പുറപ്പെടുവിക്കുമോ;

(സി) അങ്ങിനെ ഒരു ഉത്തരവുണ്ടാകുമ്പോൾ അതിന്മേലുണ്ടാകുന്ന അധികച്ചെലവിനു് വേണ്ടിയുള്ള തുക മുനിസിപ്പാലിററികൾക്കു് ഗ്രാന്റായി നൽകുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) ഗവണ്മെന്റ് സർവ്വീസും, മുനിസിപ്പൽസർവ്വീസും വ്യത്യസ്ത സർവ്വീസുകളാണു്. അതുകൊണ്ടു് ടൈംസ്കെയിൽ സംബന്ധിച്ചു് പുറപ്പെടുവിച്ചിട്ടുള്ള ഗവണ്മെന്റ് ഉത്തരവു് മുനിസിപ്പാലിററികളെ ബാധിക്കുന്നതല്ല.

(ബി) മുനിസിപ്പാലിററികൾക്കു് അവരവരുടെ ധനസ്ഥിതി അനുസരിച്ചു് ടൈംസ്കെയിൽ ശമ്പളം കൊടുക്കുവാൻ സാധിക്കുമെന്നു ഗവണ്മെന്റിനു് ബോദ്ധ്യപ്പെടുന്നപക്ഷം അതിനെപ്പററി ഗവണ്മെന്റ് ആലോചിക്കുന്നതാണു്.

(സി) എ—യുടെയും, ബി—യുടെയും ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

### നിയമനം.

5. [9] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മാർച്ചിനുശേഷം ഗസറ്റഡ് ആഫീസേഴ്സായി പുതിയ എത്ര നിയമനം നടത്തിയിട്ടുണ്ട്;

(ബി) ഉദ്യോഗങ്ങൾ ഏതെല്ലാം;

(സി) പേരുവിവരം എന്ത്;

(ഡി) ഈ നിയമനങ്ങൾ പുനഃപരിശോധന ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

### Honorary Medical Officers.

6. [10] **Shri N. G. Chacko:** Will the Minister for Medicine be pleased to state:

(a) how many Honorary Medical Officers are there in Government (allopathic) Hospitals at present;

(b) how many Honorary Medical Officers have resigned since the enforcement of the rules concerning them in August 1953;

(c) have not eminent medical men drawn the attention of the Government to the fact that such rules are quite unpractical;

(d) would the Government reconsider and amend the rules concerning service conditions of Honorary Medical Officers?

*Answer.*

(a) 21.

(b) 2. (The revised rules were issued in July 1953.)

(c) Yes. One doctor has sent a letter.

(d) Government have since decided that the recruitment of Honorary Medical Officers may be stopped and that those now in service will continue till November 1955.

### Library Act.

7. [15] **Shri Prakkulam Bhasi:** Will the Chief Minister be pleased to state:

(a) whether this Government intends to introduce a Library Bill suited to our conditions;

(b) if so, when?

*Answer.*

(a) Yes.

(b) The draft Bill is being examined.

## ADJOURNMENT MOTIONS

9 A. M.] മി. സ്പീക്കർ: ആർഡർ, ആർഡർ. ചോദ്യോത്തരത്തിനുള്ള സമയം അവസാനിച്ചിരിക്കുന്നു.

തിരുവനന്തപുരം കന്റോൺമെന്റ പോലീസ് കസ്റ്റഡിയിൽ വച്ചു ഒരു പുള്ളിയെ നിഷ്ഠുരമായി മർദ്ദിച്ചതിനെപ്പററി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും, പാമ്പാടി പോലീസു കസ്റ്റഡിയിലിരുന്ന ഒരാളിന്റെ സംശയകരമായ മരണത്തെപ്പററി ശ്രീ. പി. ഭാസ്കരൻ നായരും, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളിൽ ശുദ്ധജലം ലഭിക്കാത്തതിനെ പരാമർശിച്ചു ശ്രീ. പി. കെ. യശോധരനും ഓരോ അടിയന്തിരപ്രമേയത്തിനു നോട്ടീസു തന്നിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങളെല്ലാംതന്നെ ബഡ്ജററ സെഷനായതുകൊണ്ട് വിശദമായി ചർച്ചചെയ്യാനുള്ള അവസരം ലഭിക്കുമെന്നുള്ളതിനാൽ ഈ അടിയന്തിരപ്രമേയങ്ങൾ ഞാൻ അനുവദിക്കുന്നില്ല.

**Shri A. A. D. Luiz:** On a point of order. Is there a principle that no adjournment motion will be taken up during a Budget Session?

**Mr. Speaker:** No. If any serious matter comes it will be considered.

## LEGISLATIVE BUSINESS.

### The Travancore-Cochin Appropriation Bill (No. 1) 1955.

*Chief Minister* (**Shri Panampilli Govinda Menon**): Sir, I beg to introduce the Travancore-Cochin Appropriation (No. 1) Bill, 1955.

*Home Minister* (**Shri A. J. John**): I second it.

**Mr. Speaker:** The Bill stands introduced.

**Shri Panampilli Govinda Menon:** Sir, I move that the Bill may be taken into consideration at once.

**Shri A. J. John:** I second it.

The question that the Travancore-Cochin Appropriation (No. 1) Bill, 1955 be taken up for consideration at once was put and carried.

The Bill was taken up for consideration.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ബില്ലിനെപ്പററി അധികം ഒന്നും പ്രസ്താവിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഇന്നലെ ഈ നിയമസഭയിൽ പാസ്സാക്കിയ സപ്ലിമെന്ററി ഡിമാൻഡുകൾ കോൺസ്റ്റിററ്യൂഷൻ അനുശാസിക്കുന്നതനുസരിച്ച് ചെലവു ചെയ്യുന്നതിന് അധികാരം നല്കുന്ന ഒരു ബില്ലാണിത്. അതുകൊണ്ട് ഈ ബിൽ ഉടനെ പാസ്സാക്കി എടുക്കാൻ ഈ സഭ സഹായിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

**Mr. Speaker:** Now we will take up the Bill clause by clause.

### Clauses 2 and 3.

The question that clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

### Schedule.

The question that the schedule stand part of the Bill was put and carried.

The schedule was added to the Bill.

### Preamble and Short Title.

The question that the Preamble and Short Title stand part of the Bill was put and carried.

The Preamble and Short Title were added to the Bill.

**Shri Panampilli Govinda Menon**: I move that the Bill be taken up and finally passed.

**Shri A. J. John**: I second it.

The question that the Travancore-Cochin Appropriation (No. 1) Bill, 1955, be finally passed was put and carried.

The Travancore-Cochin Appropriation (No. 1) Bill, 1955 was passed.

## RESOLUTION.

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, അജണ്ടയിൽ ചേർത്തിരിക്കുന്ന താഴെക്കാണുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

"Whereas it is considered necessary to provide for the levy and collection of estate duty in respect of agricultural lands situate in the State of Travancore-Cochin;

And whereas Parliament has passed the Estate Duty Act, 1953, providing for adoption by the States of that Act under clause (1) of Article 252 of the Constitution of India in respect of estate duty also on agricultural lands situate in those States;

And whereas it is desirable that such duty should be regulated in the State of Travancore-Cochin by that Act;

Now, therefore, in pursuance of clause (1) of Article 252 of the Constitution of India, this Assembly resolves that the Act aforesaid be adopted in the State of Travancore-Cochin and shall be applied to matters which fall within Entry 48 in list II (State List) of the Seventh Schedule to the Constitution of India."

സർ, ഈ റെസല്യൂഷന്റെ ഉദ്ദേശം ഈ സഭയിലെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും ഇതിനകം മനസ്സിലായിക്കഴിഞ്ഞിരിക്കുമല്ലോ. ആ ഉദ്ദേശം എല്ലാവർക്കും സ്വീകാര്യമായിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ഭരണഘടനയിൽ എസ്റ്റേറ്റ്ഡ്യൂട്ടി വസൂലാക്കുന്നതിനുള്ള വ്യവ

സ്ഥകൾ രണ്ടു വിധത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കാർഷികമുതലുകളെ സംബന്ധിച്ചാണെങ്കിൽ, എസ്റ്റേറ്റഡ്യൂട്ടി വസൂലാക്കുന്നതിനുള്ള അവകാശം സ്റ്റേറ്റുഗവണ്മെന്റിനാണ്. നേരെമറിച്ച് കാർഷികമല്ലാത്ത മുതലുകളെ സംബന്ധിച്ചാണെങ്കിൽ, ആ ഡ്യൂട്ടി പിരിക്കുന്നതിനുള്ള അവകാശം ഇൻഡ്യാഗവണ്മെന്റിനാണ്. എന്നാൽ, അങ്ങനെ പിരച്ചെടുക്കുന്ന തുക ഇൻഡ്യാഗവണ്മെന്റും, സ്റ്റേറ്റുഗവണ്മെന്റും തമ്മിൽ പങ്കുവയ്ക്കുകയാണ് ചെയ്യുന്നത്. എസ്റ്റേറ്റ ഡ്യൂട്ടി എന്നു പറയുന്നത് എന്താണെന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു നിശ്ചിത തുകയിൽ കൂടുതൽ സ്വത്തുള്ള ഒരാൾ മരിക്കുകയാണെങ്കിൽ, അങ്ങനെ മരിക്കുന്ന ആളുടെ സ്വത്തിൽ ഒരു ചെറിയ ശതമാനം സ്റ്റേറ്റിലേക്കു നല്കണമെന്നാണ് എസ്റ്റേറ്റ ഡ്യൂട്ടിയുടെ തത്വം. ഇപ്രകാരം 1953-ൽ പാസ്സാക്കിയെടുത്ത സെൻട്രൽ നിയമം അനുസരിച്ചു ഒരു ലക്ഷം ഉറുപ്പികവരെ സ്വത്തുള്ളവർ മരിക്കുകയാണെങ്കിൽ, അവരുടെ സ്വത്തിന്മേൽ ഡ്യൂട്ടി ചുമത്താറില്ല. ഒരു ലക്ഷമോ, അതിൽ കൂടുതലോ ഉറുപ്പിക സ്വത്തുള്ളവരാണു മരിക്കുന്നതെങ്കിൽ, അവരുടെ സ്വത്തിന്മേൽ ഒരു നികുതി സർക്കാരിലേയ്ക്കു കൊടുക്കണമെന്നാണു ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആ ഡ്യൂട്ടി ഏതു തോതിലായിരിക്കണം ചുമത്തേണ്ടതെന്ന് 1953-ലെ നിയമത്തിന്റെ രണ്ടാമത്തെ ഷെഡ്യൂളിൽ പറഞ്ഞിട്ടുണ്ട്. അതു ഞാൻ വായിക്കാം.

"In the case of property of any other kind on the first Rs. 1,00,000 of the principal value of the estate—rate of duty....Nil..

(ഒരുലക്ഷം ഉറുപ്പികയ്ക്കു താഴെ സ്വത്തുള്ളവർ മരിക്കുമ്പോൾ അവരുടെ സ്വത്തിന്മേൽ നികുതി ചുമത്തുന്നില്ല).

| | Rs. | Per cent. |
|---|---|---|
| On the next | 50,000 | 7½ |
| ,, | 50,000 | 10 |
| ,, | 1 lakh | 12½ |
| ,, | 2 lakhs | 15 |
| ,, | 5 lakhs | 20 |
| ,, | 10 lakhs | 25 |
| ,, | 10 lakhs | 30 |
| ,, | 20 lakhs | 35 |
| On the balance of the principal values of the estate | .. | 40 |

ഈ തോതിൽ എസ്റ്റേറ്റഡ്യൂട്ടി ചുമത്തണമെന്നാണ് പാർലമെന്റിൽ പാസ്സാക്കിയ നിയമത്തിൽ പറയുന്നത്. ഇതു വ്യക്തികളുടെ സ്വത്തിനെ സംബന്ധിച്ചാണ്. നമ്മുടെ രാജ്യത്ത് മിതാക്ഷരനിയമം അനുസരിക്കുന്ന കൂട്ടുകുടുംബക്കാരും, മരുമക്കത്തായ കൂട്ടുകുടുംബക്കാരും ഉണ്ട്. അങ്ങനെയുള്ള കൂട്ടുകുടുംബക്കാരുടെ പ്രത്യേകതയെ പരിഗണിച്ച് ഓരോ അംഗത്തിന്റെയും ഓഹരിയുടെ സ്വത്തിന്മേൽ എസ്റ്റേറ്റഡ്യൂട്ടി ചുമത്തുന്ന പതിവാണുള്ളത്. അങ്ങനെ ഡ്യൂട്ടി ചുമത്തപ്പെടുന്ന സ്വത്തി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ന്റെ തുകയെ സംബന്ധിച്ചിടത്തോളം അല്പം വ്യത്യാസവും വരുത്തിയിട്ടുണ്ട്. അൻപതിനായിരം ഉറുപ്പികയിൽ കൂടുതൽ ഓഹരി സംഖ്യയുള്ളവർ മരിക്കുമ്പോൾ അവരുടെ സ്വത്തിന്മേൽ ഡ്യൂട്ടി ചുമത്തണമെന്നാണ് ഷെഡ്യൂളിൽ കാണുന്നതു്. ആ ഷെഡ്യൂൾ ഞാൻ വായിക്കാം.

"In the case of property which consists of an interest in the joint family property of a Hindu family governed by the Mitakshara, Marumakkathayam or Aliasantana law—

| | Rate of duty. |
|---|---|
| on the first Rs. 50,000 of the principal value of the estate duty | Nil. |
| on the next Rs. 50,000 | 5 per cent |
| ,, 50,000 | $7\frac{1}{2}$ per cent |

ഇങ്ങനെ കാർഷികമല്ലാത്ത സ്വത്തുക്കളിന്മേൽ ഡ്യൂട്ടി പിരിക്കാനുള്ള നിയമം, 1953-ൽ തന്നെ പാർലമെന്റിൽ പാസാക്കുകയും, ആ നിയമം ഇപ്പോൾ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ആ നിയമം അനുസരിച്ച് പിരിക്കുന്ന നികുതി മുഴുവൻ കേന്ദ്രഗവണ്മെന്റിനല്ല. അതു കേന്ദ്രവും സ്റ്റേറ്റ്ഗവണ്മെന്റുകളും തമ്മിൽ വിഭജിച്ചെടുക്കുകയാണ്. അങ്ങനെ വിഭജിച്ചെടുക്കേണ്ടതു ഏതു തോതിലായിരിക്കണമെന്നു തീരുമാനിക്കേണ്ടതു ഒരു ഫൈനാൻസ് കമ്മീഷനാണ്. പക്ഷെ, കഴിഞ്ഞ ഫൈനാൻസ് കമ്മീഷൻ, എസ്റ്റേറ്റ് ഡ്യൂട്ടി നിയമം നിലവിൽ വന്നിട്ടില്ലാതിരുന്നതുകൊണ്ട് ഏതു തോതിലാണു അതു വിഭജിക്കേണ്ടതെന്നു തീരുമാനിച്ചിട്ടില്ല. എസ്റ്റേറ്റ്ഡ്യൂട്ടി കളക്റ്റ്ചെയ്യുന്നതിൽ, ആദായനികുതി വിഭജിക്കുന്ന തോതിൽ ഒരു ഭാഗം നമുക്കും ലഭിക്കത്തക്കവിധം ഒരു താൽക്കാലിക തീരുമാനമാണെടുത്തിട്ടുള്ളതു്. അതനുസരിച്ച് ഈ വർഷത്തേക്കും അടുത്ത വർഷത്തേക്കും തരാനുള്ള സംഖ്യ കേന്ദ്രത്തിൽ നിന്ന് ഈ സ്റ്റേറ്റിന്റെ ഓഹരിയായി കിട്ടാവുന്നതു എന്തായിരിക്കുമെന്നു ഞാൻ ബഡ്ജറ്റ് മുഖേന പ്രസ്താവിച്ചുകൊള്ളാം.

ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു് കാർഷികമുതലുകൾക്കുകൂടി ഈ നിയമം ബാധകമാക്കണമെന്നാണ്. അതിനുവേണ്ടി ഇപ്രകാരം ഒരു പ്രമേയം പാസാക്കി 1953-ലെ എസ്റ്റേറ്റ്ഡ്യൂട്ടി ആക്ടിന്റെ ഷെഡ്യൂളിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ പേർകൂടി ചേർക്കാവുന്നതാണ്. അങ്ങനെ കാർഷികമല്ലാത്ത മുതലുകളിന്മേൽ ഉള്ള എസ്റ്റേറ്റ്ഡ്യൂട്ടി പിരിക്കുന്നതോടൊപ്പം തന്നെ, കാർഷിക മുതലുകളിലും എസ്റ്റേറ്റ്ഡ്യൂട്ടി നമുക്ക് പിരിച്ചു ഈടാക്കാവുന്നതുമാണ്. ഇതല്ലാതെ മറ്റൊരു മാർഗ്ഗം കൂടി നമുക്കു സ്വീകരിക്കാം. ഇങ്ങനെയൊരു പ്രമേയം പാസ്സാക്കി, ഈ ബില്ലിന്റെ ഷെഡ്യൂളിൽ തിരുവിതാംകൂർ-കൊച്ചിയുടെ പേരുകൂടി ചേർക്കുന്നതിനു പകരം നമുക്കു ഇതു സംബന്ധിച്ചു പ്രത്യേകം ഒരു നിയമനിർമ്മാണം നടത്തുക കാൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു സാധിക്കുന്നതാണ്. പക്ഷെ അങ്ങനെയൊരു നിയമനിർമ്മാണത്തിനു ശ്രമിക്കാതെ ഈ പ്രമേയം പാസാക്കാൻ ഉദ്ദേശിക്കുന്നതിന് പല കാരണങ്ങളും ഉണ്ട്. ഈ നിയമനിർമ്മാണം ഇൻഡ്യയൊട്ടാകെ ഒരേ രീതിയിൽ ആയാൽ അതുകൊണ്ടു പല മെച്ചവും ഉണ്ട്. ഒരു യൂണിഫാമിറ്റി ഇന്നത്തെ പ്ലാനിംഗ് പീരിയഡിൽ ഇൻഡ്യയിലുണ്ടായിരിക്കുക ഏറ്റവും ആവശ്യമാണ്. ഈ വിധത്തിലുള്ള ദൂരവ്യാപകങ്ങളായ നിയമങ്ങൾ, ഇൻഡ്യയിൽ എല്ലാ വിഭാഗങ്ങളിലും ഒരേ രീതിയിൽ ആയിരിക്കുന്നതു നന്നു

യിരിക്കും. ഇൻഡ്യയിലെ മററു പത്തോ, പതിനൊന്നോ സംസ്ഥാനങ്ങൾ ഈ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ടു്, കാർഷിക മുതലിന്മേൽ മരണനികുതി ചുമത്താനുള്ള നടപടികൾ എടുത്തിട്ടുണ്ടു്. ആ സംസ്ഥാനങ്ങൾ എല്ലാം ഇങ്ങനെയൊരു പ്രമേയം പാസ്സാക്കി, സെൻട്രൽ ഗവണ്മെൻറിൻെറ നിയമം അതേപടി അതാതു സ്റ്റേററുകളിൽ സ്വീകരിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഏററവും ഒടുവിൽ ഇങ്ങനെയൊരു നടപടി എടുത്തതു് അയൽ സംസ്ഥാനമായ മദിരാശിയാണു്.

രണ്ടാമതു്, ഭൂമിക്കു നാം സ്വന്തമായി ഒരു നിയമം പാസ്സാക്കുകയും അതു നടപ്പിൽ വരുത്തുകയും ചെയ്യുകയാണെങ്കിൽ ഈ എസ്റ്റേററഡ്യൂട്ടിയിനത്തിൽ ഗവണ്മെൻറിനു എന്തെങ്കിലും കിട്ടാനുണ്ടാകുമെന്നു വിചാരിക്കുന്നതു് അബദ്ധമായിരിക്കും. അങ്ങനെ പ്രത്യേകമായി ഒരു നിയമനിർമ്മാണമുണ്ടാക്കുന്നപക്ഷം ഏതാനും ചുരുങ്ങിയ കാലത്തേക്കു നമുക്കു കിട്ടാനുള്ള നികുതിയിനം നമുക്കു ലഭിക്കാതെ വരികയും അതു് ഈടാക്കുന്നതിനുള്ള മെഷീനറിയെല്ലാം നാം പ്രത്യേകമായി ഉണ്ടാക്കുന്നതും നന്നായിരിക്കുമെന്നു തോന്നുന്നില്ല.

മൂന്നാമതൊരു കാരണമുള്ളതു് ഈ എസ്റ്റേററഡ്യൂട്ടി ഇവിടെനിന്നും പിരിക്കുകയാണെങ്കിൽ അതിനു അനിതരസാധാരണമായ സാങ്കേതികവൈദഗ്ദ്ധ്യം വേണം. ഇൻഡ്യയെ സംബന്ധിച്ചിടത്തോളവും ഈ എസ്റ്റേററ്ഡ്യൂട്ടി ഒരു പുതിയ നിയമമാണു്. അതിനു പല വിഷമങ്ങളും ഇന്നു നിലവിലിരിക്കുകയും ചെയ്യുന്നു. അതു് പരിഹരിച്ചുവരുകയുമാണു്. അതുകൊണ്ടു് ഈ നിയമം കേന്ദ്രത്തിൽ നിന്നു തന്നെ താഴോട്ടു വരുന്നതായിരിക്കും നല്ലതു്. ഇതു കൂടാതെ അതിപ്രധാനങ്ങളായ പല കാരണങ്ങളുമുണ്ടു്. അതെന്താണെന്നുവച്ചാൽ ഈ കാർഷികമല്ലാത്ത മുതലുകളിൽ എസ്റ്റേററഡ്യൂട്ടി കൊടുത്തുവരുന്നുണ്ടു്. എന്നാൽ നമ്മുടെ സാമ്പത്തികസാമൂഹികസ്ഥിതി അനുസരിച്ചു് സ്വത്തുക്കളുടെ വിഭജനം ഇനിയും പൂർത്തിയായിട്ടില്ല. ഇന്നാണെങ്കിൽ വ്യവസായങ്ങൾ നടത്തി മുതൽ ഉണ്ടാക്കുന്ന ആളുകളും കച്ചവടം ചെയ്തു ലാഭം ഉണ്ടാക്കുന്ന ആളുകളും അവരുടെ സ്വത്തു് ഭൂമിയിൽ നിക്ഷേപിക്കുന്നതായിട്ടാണു് കാണുന്നതു്. അപ്പോൾ അങ്ങനെയുള്ള ആളുകൾക്കു് കാർഷികഭൂസ്വത്തും ഉണ്ടായിരിക്കും. അങ്ങനെയുള്ളവർക്കു് എസ്റ്റേററ്ഡ്യൂട്ടി ചുമത്തുന്നതു് ഈ രണ്ടു വരുമാനത്തിലും കൂടി കൂട്ടിച്ചേർത്തതായിരിക്കും. അങ്ങനെ രണ്ടു വരുമാനവുംകൂടി കൂട്ടിച്ചേർത്തതായിരിക്കുന്നതുകൊണ്ടു് കുറെക്കൂടി ആദായം ഗവണ്മെൻറിനു ഉണ്ടാകും.

ശ്രീ. മഞ്ജുനാഥപ്രഭു: ഈ അകാർഷികവസ്തുക്കളിൽ ചുമത്തുന്ന എസ്റ്റേററഡ്യൂട്ടിയുടെ റേററനുസരിച്ചു തന്നെയാണോ കാർഷികവസ്തുക്കളിലും നികുതി ചുമത്തുന്നതു്, അതോ കാർഷികവസ്തുക്കളുടെ വിലയനുസരിച്ചു് റേററ് നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൂടി ഇതിൽ ഉൾപ്പെടുത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണു് ഞാൻ പറഞ്ഞതു്, കാർഷികാദായംകൂടി പരിഗണിക്കുമെന്നു്. ഉടനെതന്നെ, അതായതു് ഈ ഏപ്രിൽ ഒന്നാംതീയതി മുതൽക്കുതന്നെ ഈ നിയമം നടപ്പി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ലാക്കുന്നതായിരിക്കും നല്ലതു്. ഞാൻ രണ്ടു ദിവസം കഴിഞ്ഞു് ബഹുമാനപ്പെട്ട അംഗങ്ങളുടെ മുമ്പിൽ സമർപ്പിക്കുവാൻ പോകുന്ന ബഡ്ജററിൽ ഈ ഇനത്തിൽ നമുക്കു് ലഭിക്കുന്ന തുകയെ സംബന്ധിച്ചും മററും ഉള്ള വിവരങ്ങളും അടങ്ങിയിട്ടുണ്ടു്. ഈ ബിൽ ഉടനെ നടപ്പിലാക്കേണ്ട ആവശ്യമുണ്ടു്. ഇങ്ങിനെയുള്ള അനേകം കാരണങ്ങളാൽ കോൺസ്റ്റിററ്യൂഷൻ 252-ാം ആർട്ടിക്കിൾ അനുസരിച്ചു് ഈ പ്രമേയം പാസ്സാക്കണമെന്നു് ഞാൻ ഈ സഭയോടു് അപേക്ഷിക്കുകയും സവ്വാത്മനാ വീണ്ടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. സി. ജാർജ്ജു്: കേന്ദ്രത്തിലെ ഈ നിയമം നാം അംഗീകരിക്കുമ്പോൾ കേന്ദ്രത്തിൽ നടപ്പിൽ വരുത്തിയകാലം തൊട്ടാണോ ഇവിടെയും നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല പക്ഷേ retrospective operation ഉണ്ടു്.

ശ്രീ. ടി. വി. തോമസ്: കളക്ഷൻ ചാർജസിന്റെ പേരിൽ എത്ര തുകയാണു് കേന്ദ്രഗവണ്മെന്റു് എടുക്കാൻപോകുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നോക്കി പറയാം.

ശ്രീ. കെ. എം. ചാണ്ടി: ഞാൻ, ഈ പ്രമേയം കൊണ്ടുവന്നതിൽ മുഖ്യമന്ത്രിയെ അനുമോദിക്കുന്നു. ഇതിനു വളരെ വലിയ വിശദീകരണമൊന്നും ആവശ്യമില്ലാത്തതാണു്. ഇതു ഈ സഭ ഐകകണ്ഠ്യമായി പാസ്സാക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എസ്റ്റേററഡ്യൂട്ടി ഈടാക്കാനുള്ള നിയമത്തിൽ ഈ രാജ്യത്തെ കാർഷികവസ്തുക്കളെക്കൂടി ബാധിക്കത്തക്കവണ്ണം ആ നിയമം ഈ സ്റ്റേററിനുകൂടി ബാധകമാകണമെന്നുള്ളതിലേയ്ക്കു കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയം ഈ സഭ തീർച്ചയായും അംഗീകരിക്കുമെന്നു തന്നെയാണു് ഞാൻ വിചാരിക്കുന്നതു്. എസ്റ്റേററഡ്യൂട്ടി ഒരു സോഷ്യൽ ലെജിസ്ലേഷൻകൂടിയായതുകൊണ്ടു് അതിനെ സ്വാഗതം ചെയ്യാത്തതായി യാതൊരു വിഭാഗവും ഈ സഭയിൽ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അഞ്ചുശതമാനം മുതൽ നാല്പ്പത്തു ശതമാനംവരെ സ്വത്തുക്കളുടെ ഉടമസ്ഥന്മാരുടെ മരണശേഷം സ്റ്റേററിലേയ്ക്കു നികുതി വന്നുചേരത്തക്കവണ്ണം ഉണ്ടാക്കിയിട്ടുള്ള ഒരു നിയമമാണു് ഇതു്. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ഘടനയിൽ, സമ്പത്തിന്റെ ഒരു പുനർവിതരണം സാവകാശത്തിൽ വരുത്തുന്നതിനുവേണ്ടി കേന്ദ്രഗവണ്മെന്റു് നടപ്പിലാക്കിയിരിക്കുന്ന ഈ നിയമം ഒരു സോഷ്യലിസ്ററു് സ്റ്റേററു രൂപം കൊള്ളിക്കുന്നതിനു് നിലകൊള്ളുന്ന എല്ലാം കക്ഷികളും ഏകകണ്ഠമായ സ്വരത്തിൽ അംഗീകരിക്കുമെന്നുതന്നെയാണു് ഞാൻ കരുതുന്നതു്. പ്രധാനമായും കർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളടങ്ങിയ ഈ സ്റ്റേററിനെ സംബന്ധിച്ചിടത്തോളം ഈ പ്രമേയം പാസ്സാക്കി, ഇവിടത്തെ കാർഷികസ്വത്തുക്കൾകൂടി ഈ നിയമത്തിന്റെ പരിധിയിൽ വരുത്തേണ്ടതു്, ഏററവും അത്യാവശ്യമാണെന്നുള്ളതു് എല്ലാവർക്കുമറിയാം. ആ നിലയ്ക്കു ഇവിടെ ഒരു സമ്പത്തു് പുനർവിതരണംകൂടി ലാക്കാക്കി പ്രവർത്തിക്കുന്ന ഈ ഘട്ടത്തിൽ ഈ രാജ്യത്തെ കാർഷികസമ്പത്തുകൂടി ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതിനു എല്ലാവർക്കും താല്പര്യമുണ്ടെന്നുതന്നെയാണു് ഞാൻ കരുതു

ന്നതു്. അതു് ചീഫ്മന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ പ്രമേയം ഏകകണ്ഠമായിത്തന്നെ പാസ്സാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ஸ்ரீ. டி. டி. டானியல்: ஸர், நான் இந்தத் தீர்மானத்தை பின்தாங்குகிறேன். இத்தகைய தீர்மானம் சில மாதங்களுக்கு முன்பாகவே இந்தச் சபையில் நிறைவேற்றப்பட வேண்டியிருந்தது. காலதாமதமாயினும் இப்பொழுதாவது இந்தத் தீர்மானம் நிறைவேற்றப்பட்டு, எஸ்டேட் ஆக்ட் திருவிதாங்கூர்-கொச்சியிலும் அமுலுக்கு வரப்போகிறதே என்று மகிழ்ச்சியடைகிறேன்.

நம் அரசாங்கம் ஏழையின் அரசாங்கமாக இருக்கவேண்டும் என்பதுதான் என் கருத்து. ஏழைகளாயிருக்கிறவர்கள் முயற்சிக் குறைவினாலோ அல்லது அவர்கள் செய்த பிழைகளினாலோ அல்ல ஏழைகளாயிருப்பது. அவர்கள், நிலவில் இருக்கும் பொருளாதார சூழ்நிலையாலும் சமூகத்தின் கட்டுப்பாடுகளாலும் ஏழைகளாக்கப்பட்டனர். ஏழைகளாகப் பிறந்தது அவர்கள் குற்றமா? அவர்களின் பொருளாதார நிலை உயர்ந்தால் தான் நாட்டின் பொருளாதார நிலை சரியாகயிருக்கிறது என்று சொல்லமுடியும். ஏழைகளின் பொருளாதார நிலையை உயர்த்தவேண்டுமாயின் இன்றைய பொருளாதார அடிப்படைத் தத்துவங்களை ஓரளவில் மாற்றி அமைத்துத்தான் ஆகவேண்டும். இந்தக் கருத்தை இந்தியாவில் எல்லா அரசியல் கட்சிகளும் ஒப்புக்கொண்டு இருக்கின்றன. அதை உணர்ந்துதான் மத்திய அரசாங்கம் இந்தச் சட்டத்தை 1953-ம் ஆண்டில் நிறைவேற்றியுள்ளது. இந்தச் சட்டம் பல சமஸ்தானங்களிலும் அமுலில் இருக்கின்றது. ஆகவே நாமும் இந்தத் தீர்மானத்தை நிறைவேற்றி இந்தச் சட்டத்தை நமது சமஸ்தானத்திலும் அமுலுக்குக் கொண்டு வர வேண்டும்.

பணத்திற்காக நாம் மத்திய அரசாங்கத்தை மட்டிலும் எதிர்பார்க்கலாகாது. இந்தச் சட்டம் அமுலுக்கு வருவதாய் இருந்தால் வருடந்தோறும் சில லட்சம் ரூபாய் நமக்கு வருமானம் கிடைக்கும். அந்தப் பணத்தைக் கொண்டு மக்களுக்குப் பிரயோஜனமான நல்ல விஷயங்களுக்குச் செலவிடலாம். ஆகையினால் நான் இந்தத் தீர்மானத்தை முழு மனதுடன் ஆதரிக்கிறேன்.

ശ്രീ. എം. പി. മേനോൻ: കാർഷികമുതലുകളിന്മേലും മരണനികുതി ചുമത്തുക എന്നുള്ള സമ്പ്രദായത്തെ തത്വപരമായി ആരും എതിർക്കുമെന്നു വിചാരിക്കുന്നില്ല. ഈ നടപടിയെ ഞാനും സ്വാഗതം ചെയ്യുകയാണു്. പക്ഷെ കാർഷികമുതലുകൾക്കു് മരണനികുതി ഏർപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെൻറു് അവലംബിച്ചിരിക്കുന്ന രീതിയെ സംബന്ധിച്ചു് അല്പം അഭിപ്രായവ്യത്യാസമുണ്ടു്. ഭരണഘടനയുടെ 252-ാം ഖണ്ഡികപ്രകാരമുള്ള ഒരു പ്രമേയത്തിൻെറ രൂപത്തിൽ ഈ നിയമസഭയുടെ മുമ്പാകെ ഒരു നിർദ്ദേശം കൊണ്ടുവരികയും അതു പാസ്സാക്കി എടുത്തു കേന്ദ്രത്തിലെ 1953-ൽ പാസ്സാക്കിയ എസ്റ്റേററ് ഡ്യൂട്ടി ആക്റ്റ് ഈ സ്റ്റേററിലേയ്ക്കുകൂടി ബാധകമാക്കുകയും ചെയ്യുക എന്നുള്ള ഒരു രീതിയാണു്

[ശ്രീ. എം. പി. മേനോൻ]

ഇവിടെ അവലംബിച്ചു കാണുന്നതു്. ഇൻഡ്യൻ ഭരണഘടനയുടെ ഏഴാം പട്ടിക രണ്ടാം ലിസ്ററ് നാൽപ്പത്തിഎട്ടാം എൻട്രിയിൽ കാണുന്നതു്, ഈ സഭയ്ക്കുതന്നെയും കാർഷിക മുതലുകൾക്കു് എസ്റ്റേററഡ്യൂട്ടി ചുമത്താൻ ആവശ്യമായ നിയമനിർമ്മാണം നടത്താനുള്ള അധികാരം ഉണ്ടെന്നാണു്. ആ തരത്തിലുള്ള അധികാരം ഉപയോഗിക്കാതിരിക്കുന്നതിനും കേന്ദ്ര ആക്ററിനെ ഇങ്ങോട്ടു് സ്വാഗതം ചെയ്യുന്നതിനും ഉണ്ടായ ചില പ്രത്യേക കാരണങ്ങൾ മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചു. എന്നാൽ അദ്ദേഹം ഇവിടെ ഉന്നയിച്ച അഭിപ്രായങ്ങളോടു് യോജിക്കുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു് ഈ സ്റ്റേററിനെ സംബന്ധിച്ചിടത്തോളം ഭരണഘടനപ്രകാരമുള്ള അധികാരങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിനു് അദ്ദേഹം ഉന്നയിച്ച കാരണങ്ങൾ നമുക്കു സ്വാഗതം ചെയ്യത്തക്കതല്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

കഴിഞ്ഞ നിയമസഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഭരണഘടനയുടെ മൂന്നാം ഭേദഗതിബില്ലിനെപ്പററിയുള്ള ഒരു പ്രമേയം സഭയുടെ പരിഗണനയ്ക്കുവേണ്ടി സക്കുലേററ ചെയ്തിരുന്നതായി ഞാൻ ഓർക്കുകയാണു്. എന്നാൽ നിയമസഭ കാലേക്കൂട്ടി അവസാനിച്ചതുകൊണ്ടോ എന്തോ പിന്നീടു് അതു് ചർച്ചയ്ക്കു വരികയുണ്ടായില്ല. സ്റ്റേററിനുള്ള ചില അധികാരങ്ങളിൽ കേന്ദ്രത്തിനു് ഇടപെടലധികാരം നൽകുന്നതായിരുന്നു ആ ഭേദഗതി. ദൗർഭാഗ്യവശാൽ നമ്മുടെ സ്റ്റേററിൽ ഈ ഒരു ചിന്താഗതി കടന്നുകൂടിയതായി കാണുന്നുണ്ടു്. നമുക്കു് അധികാരമുള്ള സ്ഥാനങ്ങളിൽപ്പോലും ആ അധികാരം പ്രയോഗിക്കാതെ കേന്ദ്രഗവണ്മെൻറിനെ ആശ്രയിച്ചുകൊണ്ടിരിക്കുവാനും നമുക്കുള്ള അധികാരങ്ങൾ ഓരോന്നായി കേന്ദ്രഗവണ്മെൻറിനു് അടിയറവയ്ക്കുവാനും അങ്ങനെ സ്വന്തം ആത്മാഭിമാനത്തെത്തന്നെ അടിമപ്പെടുത്തുവാനുമുള്ള ഒരു മനോഭാവം മാറിമാറി വരുന്ന മന്ത്രിസഭകൾ കാണിക്കുന്നതു് ഖേദകരമാണു്. പലപ്പോഴും ഈ സ്റ്റേററിൻെറ താൽപ്പര്യവും കേന്ദ്രഗവണ്മെൻറിൻെറ നിയമനിർമ്മാണവും തമ്മിൽ യോജിച്ചുപോകാറില്ലെന്നും കേന്ദ്രത്തിൻെറ തീരുമാനത്തിനുമുമ്പിൽ ഈ സ്റ്റേററിൻെറ താൽപ്പര്യങ്ങൾ ബലികഴിക്കപ്പെടാറുണ്ടെന്നും ഈ സഭയിൽത്തന്നെ ആക്ഷേപം ഉണ്ടായിട്ടുണ്ടു്. എന്തു പറഞ്ഞാലും എന്തു ചോദിച്ചാലും ഞങ്ങൾ കേന്ദ്രത്തിലേയ്ക്കു് നിവേദനം നടത്തിയിട്ടുണ്ടെന്നും, അനുകൂലമായ മറുപടി പ്രതീക്ഷിക്കുന്നു എന്നുമുള്ള മറുപടി മന്ത്രിസഭാപക്ഷത്തുനിന്നും കേൾക്കാറുണ്ടു്. ഇങ്ങനെ സ്റ്റേററിനോടും സ്റ്റേററിൻെറ താൽപ്പര്യത്തോടും കേന്ദ്രഗവണ്മെൻറ് എതിരായ നടപടികളാണു് എടുക്കുന്നതെന്നു തെളിഞ്ഞതിൻെറ ശേഷവും ഈ സ്റ്റേററിനു ലഭിച്ചിട്ടുള്ള അധികാരം എന്തിനുവേണ്ടി നാം ഉപയോഗിക്കാതിരിക്കുന്നു എന്നു മനസ്സിലാകുന്നില്ല.

മുഖ്യമന്ത്രി പറഞ്ഞ കാരണങ്ങളിൽ ഒന്നു്, ഇതു് പ്ലാനിംഗ് പീരിയഡ് ആണെന്നും പഞ്ചവത്സരപദ്ധതി നിലവിലിരിക്കുന്നതുകൊണ്ടു് എല്ലാ കാര്യങ്ങളിലും എല്ലാ സ്റ്റേററുകൾക്കും ഒരു യൂനിഫോമിററി ഉണ്ടായിരിക്കുന്നതു് അഭിലഷണീയമായിരിക്കുമെന്നുമാണു്. ഞാൻ മനസ്സിലാക്കിയിടത്തോളം പഞ്ചവത്സരപദ്ധതിപോലും സ്റ്റേററുകളെ സംബന്ധിച്ചിടത്തോളം ഐകരൂപ്യമുള്ളതായിട്ടല്ല കാണുന്നതു്. ഓരോ സ്റ്റേററിലും നടന്നുകൊണ്ടിരിക്കുന്ന നിയമസഭയുടെ നടപടികൾ പത്രങ്ങളിൽ വായി

ക്കമ്പോഠം പഞ്ചവത്സരപദ്ധതിസംബന്ധിച്ചു കാര്യങ്ങളിൽ പല സ്റ്റേററുക ളേയും അവഗണിച്ചതായി പരാതികഠം ഉണ്ടെന്നു കാണാം. പഞ്ചവത്സര പദ്ധതിയുടെ പ്ലാനിംഗിലും നടത്തിപ്പിലും എല്ലാ സ്റ്റേററുകഠംക്കും വേണ്ടത്ര പ്രാതിനിധ്യവും പ്രാമുഖ്യവും ഇല്ലെന്നു് നമ്മുടെ ഗവണ്മെൻറു പോലും സമ്മതിക്കും. അങ്ങനെ ഒരു ഐകരൂപ്യമില്ലാതെ പ്രവൎത്തിച്ചു കൊണ്ടിരിക്കുന്ന പഞ്ചവത്സരപദ്ധതിയുടെ പേരിൽ ഐകരൂപ്യത്തിനു വേണ്ടിയാണു് പ്രമേയരൂപത്തിൽ ഇതു കൊണ്ടുവന്നിരിക്കുന്നതെന്നു പറയു ന്നതിനോടു് ഞാൻ യോജിക്കുന്നില്ല. നേരേമറിച്ചു് നമ്മുടെ ധനസ്ഥിതി യുടെ ശോചനീയത, ബഡ്ജററു് ഇനിമേൽ അവതരിപ്പിക്കാൻ പോകുന്ന തേയുള്ളു എങ്കിലും, നമുക്കെല്ലാവക്കും ഊഹിക്കാൻ കഴിയും. കഴിഞ്ഞ തവണത്തെ ബഡ്ജററു് എത്രമാത്രം കമ്മിയുള്ള ഒരു ബഡ്ജററാണെന്നു് നമുക്കു് ഓക്കാൻ കഴിയും. ഇനി വരാൻപോകുന്ന ബഡ്ജററും ഏതു നിലയിൽ ഇരിക്കുമെന്നു് ഊഹിക്കാവുന്നതാണു്. ആ നിലയ്ക്കു് കൂടുതൽ ധനാഗമമാഗ്ഗങ്ങഠം കണ്ടെത്തേണ്ട ഒരു ഘട്ടമാണിതു്. അതിലേയ്ക്കു് എസ്റ്റേററഡ്യൂട്ടി ചുമത്തുകയെന്നുള്ളതു് നിരാക്ഷേപമായ ഒരു ഉപായവു മാണു്. അതുകൊണ്ടു് സ്റ്റേററിനു് നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ചു് ഈ ഇനത്തിൽത്തന്നെ കൂടുതൽ ധനാഗമമാഗ്ഗങ്ങഠം ആരാ യേണ്ടതു് ആവശ്യമാണു്. പഞ്ചവത്സരപദ്ധതി വിജയിക്കേണ്ടതാണെന്നു് ഞാനും സമ്മതിക്കുന്നു. അതിനും നമ്മുടെ ധനാഗമമാഗ്ഗങ്ങഠം വിപുല പ്പെടുത്തേണ്ടതായുണ്ടു്. ആ നിലയിൽ, ഇപ്പോഠം കൊണ്ടുവന്നിരിക്കുന്ന എസ്റ്റേററഡ്യൂട്ടിയേക്കാഠം ഉയൎന്ന തോതിൽ ഡ്യൂട്ടി ചുമത്തുന്നതിനാവശ്യ മായ ഒരു നിയമനിൎമ്മാണം നടത്തുന്നതിനായിരുന്നു ഉദ്യമിക്കേണ്ടതു്. ഇപ്പോഠം ഒരു ലക്ഷം രൂപയ്ക്കുമേൽ വരുന്ന തുകയ്ക്കു ഒരു പ്രത്യേക നിര ക്കിനു എസ്റ്റേററഡ്യൂട്ടി ചുമത്തുവാനാണു് പറയുന്നതു്. നമുക്കു് കൂടുതൽ ധനാഗമമാഗ്ഗങ്ങഠം ആവശ്യമാണെങ്കിൽ ഒരു ലക്ഷം രൂപയെ അല്പം താഴ്ത്താനും അഞ്ചരശതമാനം അല്ലെങ്കിൽ ഏഴരശതമാനം എന്നുള്ള തോതു് വൎദ്ധിപ്പിക്കുവാനും ഉള്ള അധികാരം സ്റ്റേററിനുണ്ടായിരിക്കണം. ഭരണഘടനയിലെ 252-ാംവകുപ്പിനെ ആശ്രയിക്കാതെ സ്വന്ത നില യിൽ നിയമനിമ്മാണം നടത്തിയിരുന്നുവെങ്കിൽ ഞാൻ മുൻപു പറഞ്ഞതു പോലെ നിരക്കു വൎദ്ധിപ്പിക്കുവാനോ ആദായം വൎദ്ധിപ്പിക്കുവാനോ നമുക്കു് അധികാരം ലഭിക്കുമായിരുന്നു. തൻമൂലം പഞ്ചവത്സരപദ്ധതി വിജയിപ്പിക്കുന്നതിനാവശ്യമായ പണം കണ്ടുപിടിക്കുവാനും കഴിയുമാ യിരുന്നു.

പാൎലമെൻറുണ്ടാക്കിയ ഈ ആക്ററിനു് എന്തെങ്കിലും ഭേദഗതി ചെയ്യുവാൻ ഈ നിയമസഭയ്ക്കു് അധികാരമില്ല. 1935-ലെ Government of India Act നിലവിലുള്ള കാലത്തു് പാൎലമെൻറിൽ ഏതെങ്കിലും ഒരു നിയമം പാസ്സാക്കിവിട്ടാൽ ഭേദഗതികഠം വരുത്താൻ സ്റ്റേററു നിയമ സഭകഠംക്കു് അധികാരമുണ്ടായിരുന്നു. എന്നാൽ ആ അധികാരം ഇന്നില്ല. ഇന്നത്തെ പ്രമേയം ഇവിടെ പാസ്സാക്കിക്കഴിഞ്ഞാൽ ഇതിന്റെ നിരക്കു വൎദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യണമെന്നുണ്ടെങ്കിൽ അതിനുള്ള അധികാരം ഈ നിയമസഭയ്ക്കല്ല, കേന്ദ്ര പാൎലമെൻറിനായിരിക്കും. അതിലേയ്ക്കു് ഒന്നിലധികം സ്റ്റേററുകഠം ഒന്നിച്ചാവശ്യപ്പെടുകയും വേണം. ഏതായാലും വൈകിപ്പോയി. അല്പം കാലതാമസം കൂടിവന്നാലും ഞാൻ പറഞ്ഞ തരത്തിലുള്ള ഒരു നിയമനിൎമ്മാണം കൂടുതൽ കാമ്യമായി രിക്കുമെന്നാണു് തോന്നുന്നതു്.

[ശ്രീ. എം. പി. മേനോൻ]

ഭൂനയബില്ല് പാസ്സായിക്കഴിഞ്ഞാൽ ഇവിടെ പിന്നെ എസ്റ്റേററ് ഡ്യൂട്ടി പിരിയ്ക്കാൻ സാദ്ധ്യതകളുണ്ടാകയില്ലെന്ന് പറയുകയുണ്ടായി. അതുകൊണ്ട് ഭൂനയബില്ലുകൾ പാസ്സാകുന്നതുവരെയുള്ള പരിവർത്തനഘട്ടത്തിലേയ്ക്ക് മാത്രം ഒരു പ്രത്യേക മെഷീനറി ഉണ്ടാക്കുന്നതും അതിലേയ്ക്കാവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കുന്നതും പാഴ്ചെലവായിരിക്കുമെന്നാണ് പറയുന്നത്. അതും മനസ്സിലാക്കാൻ വിഷമമാണ്. സെൻട്രൽ ബോർഡ് ഓഫ് റവന്യൂ ആണ് കേന്ദ്ര ആക്ററിൻ കീഴിൽ ഇക്കാര്യത്തിൽ പ്രവർത്തിക്കുന്നത്. നമ്മുടെ സ്റ്റേററിലും ഒരു റവന്യൂബോർഡുണ്ട്. ആ നിലയിൽ ഒരു പ്രത്യേക മെഷീനറിയുടെ ചെലവിന്റെ പേരിൽ ഈ അധികാരം ഉപയോഗിക്കാതിരിക്കണമെന്നില്ല. പോരെങ്കിൽ അഗ്രിക്കൾച്ചറൽ ഇൻകംടാക്സും, സെയിൽസ് ടാക്സും കൂടി ഒരുമിച്ചു പിരിക്കുന്ന ഉദ്യോഗസ്ഥന്മാർ നമുക്കുണ്ട്. ഇൻകംടാക്സ് കേന്ദ്രഗവൺമെന്റിലേയ്ക്ക് പോകുന്നതുകൊണ്ട് അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് നമുക്ക് വേണ്ടായെന്നു വച്ചില്ല. അതിനാൽ കേന്ദ്രത്തിൽ ഉണ്ടെന്നു കരുതി ഇതിന്റെ പ്രവർത്തനം മാററിവയ്ക്കേണ്ട ആവശ്യമില്ല. ഭൂനയബില്ലു പാസ്സായാലും എസ്റ്റേററ് ഡ്യൂട്ടി ഉണ്ടാകും. കാരണം കൈവശം മാത്രമേ നിയമം മൂലം നിയന്ത്രിക്കുന്നുള്ളു; ഉടമയെ നിയന്ത്രിക്കുന്നില്ല. അതുകൊണ്ട് ഇന്നത്തെ ഭൂവുടമകൾ വളരെക്കാലം പിന്നെയും ഭൂവുടമകളായിത്തന്നെയിരിക്കും. ആ നിലയിൽ എസ്റ്റേററ്ഡ്യൂട്ടി പിരിക്കാനും ഉണ്ടാകും.

ഞാൻ ഒരിക്കൽക്കൂടി ആവർത്തിച്ചുകൊള്ളട്ടെ, ഈ ദൗർഭാഗ്യകരമായ ചിന്താഗതി നമ്മുടെ ഗവൺമെന്റ് ഉപേക്ഷിക്കണം. നമുക്ക് അധികാരമുള്ളപ്പോൾ ആ അധികാരം ഉപയോഗിക്കാതെ സ്റ്റേററിന്റെ താല്പര്യത്തിനും ഈ സഭയുടെ അഭിമാനത്തിനും ചേരാത്തവിധത്തിൽ കേന്ദ്രഗവൺമെന്റിനെ ആശ്രയിക്കുന്നത് ഒരിക്കലും ആശാസ്യമല്ല.

*<u>ஸ்ரீ. என். ஏ. நூர்முகம்மது</u>: ஸர், நான் இந்தத் தீர்மானத்தை ஆதரிக்கிறேன். முதன் மந்திரி அவர்கள் இந்தத் தீர்மானத்தின் அடிப்படைத் தத்துவத்தை விளக்கிக் கூறினார்கள்.*

*எஸ்டேட் டியூடி ஆக்ட், ஒரு முற்போக்குத் திட்டம் என்று கருதப்படுகிறது. இடைக்காலத்தில் மத்திய அரசாங்கம் நிறைவேற்றிய ஒரு சில முற்போக்குத் திட்டங்களில் இச்சட்டத்திற்கு முதலிடமுண்டு. அரசாங்கத்திற்கு வருமானத்தைக் கூட்டுகிறது என்பதற்காக மட்டும் இத்திட்டத்தை நான் போற்றவில்லை. ஆனால் சமூகத்திலே நிலவி வரும் உயர்வு தாழ்வை மட்டம் தட்ட இச்சட்டம் உதவுகிறது என்றே இதனை எல்லோரும் ஆதரிக்கிறார்கள். இந்தியா இன்று Welfare state என்ற தத்துவத்தை ஆதரிக்கிறது. சமீபத்தில் ஆவடியில் ஒரு சோஷியலிஸ தத்துவத்தை அடிப்படையாகக் கொண்ட ஒரு அரசியலை சிருஷ்டிக்க வேண்டிய தீர்மானத்தை காங்கிரஸ் நிறைவேற்றி இருக்கிறது. இத்தீர்மானத்தை நடைமுறையில் கொண்டு வருவதற்காக ஜமீன்தாரிகளையும் இனாம்பூவுடைமைகளையும் நிறுத்தினால் மட்டும் போதாது. சமூகத்தில் ஒருவர் இறக்கிறார் என்ற காரணத்தினால் அபரிமிதமான சொத்துக்கள் மற்றவர்*

கையில் சிக்கி, அதனால் சமூகத்தில் உள்ளவர்கள் இல்லாதவர்கள் என்ற பெரிய ஏற்ற வித்தியாசத்தை சிருஷ்டிக்கும் முறையும் குறைவுபட வேண்டும். ஆகவே எஸ்டேட் டியூடி ஆக்ட், சமுதாயத்திலே ஏற்றத் தாழ்வைக் குறைக்கும் ஒரு திட்டம் என்று கருதப்படுகிறது.

இத்தகைய திட்டம் இந்தியாவுக்குப் புதிதல்ல. பண்டைக் காலமுதலே வழங்கி வருகிறது. பண்டைக்கால மன்னர்கள் காலத்தில் ஒருவன் இறந்து வேறொருவர் அவன் சொத்துக்கு வாரிசானால், வாரிசாக வருபவன் மன்னனுக்கும் சொத்தில் ஒரு பங்கைக் கொடுக்கவேண்டும். இது வாரிசுக்காரனுக்கு வழங்கிய உரிமைக்குக் கூலி. நவீன முறையிலே எஸ்டேட் டியூடி ஆக்ட் முதல் மகா யுத்தத்திற்குப் பின்னால் தான் எல்லா நாடுகளிலும் புகுத்தப்பட்டது. இங்கிலாந்தில் இதனை Death Duty என்று அழைக்கிறார்கள். அமெரிக்காவில் இதனை Inheritance Duty என்று அழைக்கின்றார்கள். சமீபத்தில் பாகிஸ்தானிலும் ஸிலோனிலும் இத்தகைய சட்டம் நிறைவேற்றி இருக்கிறார்கள்.

இந்தியாவில் 1953-ல் இச்சட்டம் நிறைவேற்றப்பட்டது. கிருஷி நிலங்களுக்கும் இச்சட்டம் அமுல் வரும் என்று ஏ. ஸ்டேட்களில் 6 ஸ்டேட்களிலும், பி. ஸ்டேட்களில் 4 ஸ்டேட்களிலும் எல்லா ஸி. ஸ்டேட்களிலும் நியதி இருக்கின்றன.

இத்திட்டத்தைப் பற்றி பல ஆக்ஷேபணைகள் கூறுவது வழக்கமுண்டு. இடத்தரத்து மக்களை இது பாதிக்கும் என்று கூறுவர். விலை வாசி விழுந்து விட்டபடியாலும், நிலச்சட்டம் வருகிறது என்ற காரணத்தாலும், இனி நிலம், அதை நம்பி வாழுபவர்களுக்கு ஊதியம் கொடுக்கப்போவதில்லை. இந்நிலையில் இன்றும் குழப்பத்தை சிருஷ்டிக்கிறது, இப்புதிய சட்டம் என்று கூறுவார்கள். மூன்றாவதாக நிகுதி கொடுப்பதற்கு இன்றிருக்கும் பொருளாதார நிலையில் பணத்திற்கு என்ன செய்வது என்றும் கூறுகிறார்கள்.

இத்திட்டம் ஒரு சிலரைத்தான் பாதிக்கும். நம் சமஸ்தானத்தில் லட்சக்கணக்கான மக்கள் நிலமில்லாதவர்கள். ஒரு சிலருக்கு அசௌகரியம் உண்டுபண்ணி பலருக்கு நன்மை வருமென்றால் அதை குறைகூறுவதற்கில்லை. நிலத்தின் விலைக்குறைவைப் பற்றியும் கவலைப்படவேண்டியதில்லை. இந்த நிகுதி அன்றன்றிருக்கும் விலையை ஒட்டித்தான் விதிக்கப்படும்.

நிகுதி கட்டப் பணம் இல்லை என்ற கேள்வியும் எழுகிறது. இறந்த மனிதனுக்கு அவன் சொத்து பலனளிக்காது. வாரிசுகாரருக்கு சும்மா கிடைத்தது வஸ்து. அதில் ஒரு பகுதி நிகுதியாக அரசாங்கத்திற்குக் கொடுப்பதிலே கஷ்டமிராது.

நமது சமஸ்தானத்தில் பொருளாதார வாழ்வின் ஒரு முக்கிய கட்டம் இது. முதல் 5-ஆண்டுத் திட்டம் முடிவுறப்போகிறது. இரண்டாவது ஐந்தாண்டுத்திட்டம் ஆரம்பிக்கப்போகிறது. இப்பொழுது பணம் மிகத் தேவை. எந்தெந்த வழியில் எல்லாம் பணம் திரட்ட முடியுமோ அந்தந்த வழியில் எல்லாம் பணம் திரட்ட

[ஸ்ரீ. என். ஏ. நூர்முகம்மது]

வேண்டியிருக்கிறது. சமூகத்தில் இருக்கும் உயர் தாழ்வு என்ற அம்சத்தை அகற்றி எல்லோரையும் சரிநிகர் சமானமாகக் காக்கவும் வேண்டியிருக்கும். இவ்விரு காரியங்களையும் ஒருங்கே செய்ய உதவும் இத் தீர்மானத்தை எல்லோரும் ஏகமனதாக ஆதரிக்க வேண்டுமென்று கேட்டுக்கொள்கிறேன்.

**Mr. Speaker :** Mr. Luiz, would you like to speak ?

**Sri A. A. D. Luiz :** Yes, Sir.

The justification for the levy of Estate Duty, as it has been recognised from time to time, is the bare fact that while an individual may enjoy the results of his enterprise, even as an economic measure and ensuing incentive, his successors do not have a similar right. They may actually lose their incentives from the burden of wealth which they have not earned. This tax can be considered sociably desirable in the interests of the general body of the population without any poignant incidence on the persons liable to it. If there was no Estate Duty, there would have been accumulation of wealth in individuals which could not be used by the Government for the betterment of the people.

Estate Duty is usually known by the popular term 'Death Duty'. It is a duty imposed on property passing or deemed to pass on the death of a person. This duty is not modern. The earliest ancestor of this duty is the 'Inheritance Tax' of Rome when it was at first one-twentieth of the Estate and later doubled. This tax found its way to Egypt in the days of Julius Caesar. Some historians state that unmarried persons were taxed cent per cent and issueless couples at fifty per cent. "Vicesima Heriditatum" was nothing else but a fifty per cent duty on Estate that passed at death. Though originally it was levied only in a limited area by the beginning of 213 A. D. a great part of Europe was within the purview of this tax.

In feudal times the right of succession to a property vested with the Sovereign and inheritance was only at his sufferance. This was presumably the basis on which early Rulers claimed property when owners died heirless and the dues payable to Lords by the new tenants when the previous tenant died. Property was allowed to pass freely from father to son. In the absence of direct heirs to the deceased, the property escheated to the Crown but the relatives could succeed to that property if they paid "Relief". This relief is rightly an ancestor of the modern Estate Duty. In the northern countries of Europe there existed a duty known as Erbkang which affected not the heir but the tenant who had no heir but wished that his property be conferred to another and that was guaranteed on the payment of a duty to the feudal Lord. Most of the European countries enforced succession taxes with vigour to meet the fiscal distress during the Napoleanic wars. By the beginning of the fifteenth century, all the developed towns in Italy levied taxes on property that passed at death. Spain followed suit by the end of

the sixteenth century and by the end of the seventeenth century, France, Spain, Portugal, Italy, England, and the Scandinavian countries had introduced a direct duty on property passing on death. In Britain, where this duty and the "Prima Scisima" fell into disuse, a Stamp Duty was introduced in 1694 on probates of wills and letters of administration. In France, a registration fee known as "Insinuation" was introduced in 1539 and later, it affected all testamentary depositions. Louis XIV of France in 1786 made all transference of immovables, except those in the direct line subject to a registration fee and duty. In Spain, the old method was converted to "Royal Taxes" and this was replaced with Registration Fee and Transfer Tax in 1792. Portugal introduced an Inheritance Levy and by the middle of the nineteenth century, almost all European countries had introduced some form of duty on property passing on death to meet growing fiscal demands. Ceylon has had Estate Duty in vogue since about twenty years.

Death Duty as envisaged in the new Bill did not exist in India but taxation on Inheritance was not completely unknown in this country. The "Administration of the Madras Presidency" by MacLean states that the Zamorins of Calicut (Malabar) imposed a duty on the properties that passed on the death of Muslim Land Lords. In the Bikaner State a duty was levied on property that passed at death but the rate varied according to the degree of relationship between the demised and the heir.

The Government of India considered this form of taxation for the first time in 1859 and the provinces were given a strong suggestion ; however, conservatism prevailed and the suggestion was ignored. The Taxation Enquiry Committee of 1924 strongly recommended this form of duty. In 1939 the Conference of Finance Ministers also recommended this form of taxation. However, the issue was shelved presumably because the Central Provinces, Bikaner and Bombay preferred to delay the matter till a National Government was formed. Governments of Bengal and Punjab were very doubtful about the yield and Madras and United Provinces had nothing to say in this matter. Immediately afterwards, the Central Government called for views on the levy of Succession Duties but the replies were disapprovals.

Duty levied under the Indian Court Fees Act (1870) on probates and letters of administration, have a close resemblance on Death Duty. Prior to 1910 the levy was at a flat rate of two per cent but gradation was introduced later. The rates were as high as five per cent in Bengal, Orissa, Bihar and Assam and seven per cent in Bombay. The Indian Succession Act (1888) provides for duties on succession and also affords protection to parties who have paid duties. However, the duties levied in the Bombay Presidency under the Bombay Regulation VIII of 1827 though levied in the form of Court Fees bears a very close resemblance to Death Duty in other countries.

[Shri A. A. D. Luiz]

In Great Britain the Inheritance Tax makes its first appearance in 1694 and that too in the form of a Stamp Tax of five shillings on probates over £ 20. In 1779 this was revised and three scales of duty were first levied on the transference of the personal property to the succeeding beneficiaries. The Probate Duty Act (1815) imposed a reduction on legacies and bequests when the total estate of the deceased was less than £ 100. At this time exemption for landed interests and the conspicuous progressive rates gave the commercial and industrial classes a serious headache. Their agitation was fruitful, for in 1853, Gladstone successfully introduced and enacted the Succession Duty Act. All further complications were eliminated when the Finance Act of 1895 imposed Estate Duty on all property, real or personal, settled or not settled, which passes on death. The Settlement Estate Duty clarified the law further and contributed much to swell revenue. The Finance Act of 1914 provided for a "Guide Succession Discourt" where land or a business or any interest thereon became liable to Estate Duty. In later years rates were enhanced and today it is as high as seventy per cent on estates worth more than two lakhs pound sterling.

In the United States of America the States took the first initiative to enforce Death Duty. There was quite a lot of controversy as to whether States could enforce this duty. However, by 1916, Death Duty became enforced in forty States. The final Federal Tax Bill was passed in 1916. By 1944, rates varied from three to seventy per cent and the maximum bill on estates valued over ten lakhs dollars.

In Australia by 1876 this duty became a very good source of income. In Canada by 1914 this duty became parallel with the taxes in the other progressive countries.

In Russia landed property was subject to a duty of 1·5 copees per 'tchetvert'. In 1775 heirs in the direct line were exempt and in 1801 it was abolished. Seven years later a six per cent Collateral Tax was levied and this extended even to inheritance between spouses. The nobility resented the inclusion of movable and immovable properties. No important change took place till 1905. However, the rates were increased by one and a half times owing to the outbreak of the Russo-Japanese War. The former tax is now replaced by a special levy varying in accordance with the value of the property inherited. The duty imposed is 20% on property valued between 300 to 10,000 roubles and ten per cent more on property valued over 10,000 roubles. In this country where private property does not exist except in a very restricted sense, the Inheritance Tax definitely exists even though it may be that they play a very minor role.

Though the Parliament has passed the Estate Duty Act, tne same is not enforceable against estates in this State which coh sist of agricultural lands. I presume that you are aware of the fact that legislation affecting agricultural lands should be passed by this Legislature. As such, unless the resolution before the House is passed, there can be no levy of duty against agricultural lands within this State. We should appreciate that it is

very difficult to draw a line of perfect demarcation in the property that passes at the death as to what is agricultural and what is not. Very minor issues such as the extent of land permissable to a residential bungalow shall have to be fixed. Suppose a man has a comfortable residential house, right in the centre of about five acres of land, how much of that land would you call as attached to the house, how much of that land is to be exempt from taxation? Well, all that was going to be very difficult. However, we should have the satisfaction that by adopting this legislation we eliminate all possible forms of confusion. There are recent instances both in the State and elsewhere where the amount which could have been realised as this duty dropped to a lakh and a half as against a probable figure of five lakhs because a resolution of this nature was not already adopted.

There was a remark in this House that this State could have availed itself of the provisions in the Constitution of India and enacted laws whereby this State could have by itself levied the Estate Duty. Well, the suggestion is a good one but such isolated actions by the States in India would actually create avenues for evasion of tax. The conspicuous evasions that used to take place when income tax was administered by States is still green in our minds. This form of taxation is best administered centrally.

Sir, the fiscal status of India is a problem of the nation of which we form an inseparable part and as such should receive careful attention of all the Members of this House and of the public at large. It is true that we in India have not climbed up the ladder of tax-mindedness and that is the chief reason why our efforts should be greater. Fortunately, the masses treat this duty as a hole in the rich man's purse and as such, there cannot be mass repercussions. However, such holes have to be permitted and encouraged, for a progressive State needs resources to progress as the world progresses. No Government can exist and make their machinery function without putting their hands into the pockets of individuals, even into the pockets of M. L. As. seated in this House (*laughter*).

Some quarters have expressed their doubts with regard to the success of Estate Duty in view of the revised land tenures and maximum holdings of land for which Acts are on the anvil. I am of opinion that the Land Bills and the Estate Duty will bring about fragmentation of land. The results may be so very adverse that it might even bring about discard of land and may even reduce the revenues of the Government. Well, that is a development of the future and let us not bother ourselves at this stage with possibilities of fragmentation and loss of revenue. Let us now treat Death Duty as an effective weapon to reduce inequalities in the distribution of wealth. Let us primarily think and treat this enactment as something for the betterment of the people of India, and as such, let the resolution before the House have our support, our honest support and the levy of this duty our sincere co-operation.

[Deputy Speaker in the Chair.]

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, എസ്റ്റേററ ഡ്യൂട്ടി സംബന്ധിച്ചു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇവിടെ അവതരിപ്പിച്ച റസലൂഷനും ആ റസലൂഷനെ വ്യാഖ്യാനിച്ചുകൊണ്ടു നടത്തിയ പ്രസംഗവും വളരെ ശ്രദ്ധാപൂർവ്വം ഞാൻ കേൾക്കുകയുണ്ടായി. കാൺഗ്രസുകാർ ഭരണം ഏറെറടുത്തു ഭരണം തുടങ്ങിയ സമയം മുതൽ ലംഘനങ്ങളാണ് ഞാൻ കാണുന്നതു്. അതിൽ ഒന്നാമത്തെ ലംഘനം, പി. എസ്. പി. ഗവണ്മെൻറ് ഭരിച്ചിരുന്ന അവസരത്തിൽ സർക്കാർ വക്കീലന്മാരുടെ ആഫീസുകളിലേയ്ക്കു അത്യാവശ്യമുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി ആറായിരം രൂപ അനുവദിച്ചുതരണമെന്നു അപേക്ഷിച്ചുകൊണ്ടു് ഹാജരാക്കിയ ഉപക്ഷേപത്തെ അന്നത്തെ കാൺഗ്രസുകക്ഷി ലീഡറും ഇന്നത്തെ പ്രധാനമന്ത്രിയും ആയ ശ്രീ. പനമ്പിള്ളി എതിർക്കുകയുണ്ടായതാണ്. എന്നാൽ ഇന്നലെ ഞങ്ങളാരും സഭയിലില്ലാത്ത അവസരം നോക്കി ആ തുക ശ്രീ. പനമ്പിള്ളിതന്നെ സഭയിൽ കൊണ്ടുവന്നു പാസാക്കി എടുക്കുകയും ചെയ്തു. അന്നു പി. എസ്. പി. ഗവണ്മെൻറ കൊണ്ടുവന്നപ്പോൾ അനുവദിക്കാൻ പാടില്ലെന്നു വാദിച്ച കാൺഗ്രസ്കക്ഷി നേതാവ് നിയമസഭാഹാളിൻെറ വടക്കുവശത്തുനിന്നും തെക്കുവശത്തേയ്ക്കു മാറിയപ്പോൾ അനുവദിക്കേണ്ടതാണെന്നു് നിർബന്ധിക്കുകയാണു് ചെയ്തതു്. രണ്ടാമത്തെ സംഗതി പി. സ്. പി. ഗവണ്മെൻറ ഭരണപരമായി വലിയ ചെലവുകൾ ചെയ്യുന്നതുകൊണ്ടു് കൂടുതൽ നികുതി ജനങ്ങളിൽ ചുമത്തേണ്ടി വരുമെന്നു് അഭിപ്രായപ്പെട്ടവരാണു കാൺഗ്രസ്സുകാർ. എന്നാൽ യാതൊരു കൂടുതൽ നികുതിയും ജനങ്ങളിൽ ചുമത്താതെ തന്നെയാണ് ഏകദേശം ഒരു കൊല്ലം വരെ പി. എസ്. പി. ഇവിടെ ഭരണം നടത്തിയിട്ടുള്ളതു്. പുതിയ നികുതി ചുമത്തുന്നതു് ജനങ്ങൾക്കു് കൂടുതൽ വൈഷമ്യവും നഷ്ടവും ഉണ്ടാക്കുന്നതാണെന്നു് അഭിപ്രായപ്പെട്ട കാൺഗ്രസുകാർ ഭരണമേററപ്പോൾ തന്നെ പുതിയ ഒരു നികുതി സംപ്രദായം കൊണ്ടുവന്നിരിക്കുകയാണ്. നികുതി വർദ്ധിപ്പിക്കുക എന്നു പറഞ്ഞാൽ ജനങ്ങളിൽനിന്നും കൂടുതൽ കരം ഈടാക്കുക എന്നാണല്ലോ. കാൺഗ്രസുഗവണ്മെൻറിൻെറ അഭിപ്രായഗതികൾ മാറുന്നതിനെപ്പററിയുള്ള ഒരു ഉദാഹരണമാണിതു്. സർ, ഏതു ഗവണ്മെൻറായാലും കൂടുതൽ നികുതി ജനങ്ങളിൽ ചുമത്താതെ ശ്രമിക്കേണ്ടതാണ്. എന്നാൽ ഈ നികുതിസംപ്രദായം കേന്ദ്രപാർലമെൻറ അംഗീകരിച്ചു പാസാക്കിയ സ്ഥിതിയ്ക്കു നാമും ഇവിടെ പാസാക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഏകകണ്ഠമായി ഇതു പാസാക്കണമെന്നും ഇതിലേയ്ക്കു ഏകകണ്ഠമായിതന്നെ അനുകൂലിക്കണമെന്നും മററുമാണ് ബഹുമാനപ്പെട്ട മന്ത്രിയുടേയും ഏതാനും ബഹുമാനപ്പെട്ട മെംബർമാരുടെയും അഭിപ്രായം. ആ അഭിപ്രായത്തിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല.

പക്ഷെ ചില തത്വങ്ങൾ ഈ കാര്യത്തിൽ അംഗീകരിച്ചില്ലെങ്കിൽ അതു ജനങ്ങൾക്കു ഉപദ്രവകരമായി വന്നേക്കാൻ ഇടയുണ്ടു്.
10 A. M.] കാർഷികാദായനികുതി എന്നു് ഒരു ഭയങ്കര നികുതി ഇന്നു ഇവിടെ നിലവിലുണ്ടു്. വെളിയിൽ മററു പല രാജ്യങ്ങളിലും ഇല്ലാത്ത വിധത്തിൽ അത്ര വളരെ കൂടുതലാണ് ഇവിടത്തെ കാർഷികാദായനികുതി. കാർഷികാദായനികുതി പിരിച്ചെടുക്കുന്നതിൽ വലിയ വൈഷമ്യങ്ങൾ ഉള്ളതായി അനുഭവപ്പെട്ടിട്ടുണ്ടു്. നികുതി പിരിക്കുന്ന ഉദ്യോഗസ്ഥൻ വന്നു നിശ്ചയിക്കുന്ന ആദായം അനുസരിച്ചുള്ള നികുതി

കൊടുക്കേണ്ടതായിട്ടാണിരിക്കുന്നത്. പരമാർത്ഥത്തിൽ ആദായം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്നതുപോലുള്ള നികുതി കൊടുക്കണം. കൈക്കൂലി വാങ്ങിക്കുവാൻ വളരെ സൗകര്യമുള്ള ഒരു നിയമമാണ് ഇത്. നിശ്ചയിച്ചു കഴിഞ്ഞതിനുശേഷം അതനുസരിച്ചുള്ള ആദായമില്ലെന്നു കാണിക്കണമെങ്കിൽ അതിനു കൈക്കൂലിയും ശുപാർശയും വേണം. അങ്ങനെ ഒരു ആർബിട്രറി ആയി നിശ്ചയിക്കുവാൻ ഉള്ള ഇടം കൊടുക്കാത്ത തരത്തിൽ ആയിരിക്കണം എസ്റ്റേററ ഡ്യൂട്ടി നിശ്ചയിക്കേണ്ടത്. ഈ കാർഷികഭൂമികളുടെ അവകാശികൾ, ഉദ്യോഗസ്ഥന്മാർ പറയുന്ന രീതിയിലുള്ള ആദായം ഇല്ലെന്നു പറഞ്ഞാൽ അതു അവർ കേൾക്കുകയില്ല. അതിനാൽ ഞാൻ പറയുന്നത് എസ്റ്റേററ ഡ്യൂട്ടി മനുഷ്യരെ വിഷമിപ്പിക്കുന്ന രീതിയിൽ അല്ലാത്ത തരത്തിൽ വ്യാപിപ്പിക്കണം. അതിനു വേണമെങ്കിൽ ഒരു നിയമം ഉണ്ടാക്കിയതിനുശേഷം മതിയായിരുന്നു ഈ റസലൂഷൻ കൊണ്ടുവരേണ്ടിയിരുന്നത് എന്നു എനിക്ക് അഭിപ്രായമുണ്ട്. ഇന്നയിന്ന ലക്ഷണങ്ങളുള്ള ഭൂമികൾക്കു ഇന്നയിന്ന വില നിശ്ചയിക്കണമെന്നു ഒരു മാനദണ്ഡം ഉൾക്കൊള്ളിച്ചിട്ടു ആയിരിക്കണം ഈ എസ്റ്റേററഡ്യൂട്ടി ഇവിടെ കൊണ്ടുവരേണ്ടത്. ഇതെല്ലാം കേന്ദ്രത്തിൽനിന്നു ചെയ്തിരിക്കുന്നതുപോലെ ഇവിടെയും ചെയ്യുകയാണെങ്കിൽ ഒരു പക്ഷെ ഇവിടത്തെ ബില്ലിൽ എന്തെങ്കിലും കറക്ഷൻ വേണമെന്നു തോന്നിയാൽ അതിനും ഉത്തരഇൻഡ്യാക്കാരെ ശരണം പ്രാപിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഉത്തരഇൻഡ്യയിലെ സ്ഥിതിഗതികളനുസരിച്ചു അവിടെ വില നിശ്ചയിക്കുമ്പോൾ അതനുസരിച്ചു ഇവിടെയും വില നിശ്ചയിച്ചേയ്ക്കുമോ എന്നെനിക്കു സംശയമുണ്ട്. ഏതായാലും ഈ റസലൂഷൻ ഇതേപടി പാസാക്കിയാൽ കൈക്കൂലി മുതലായ അഴിമതികൾക്കു വഴിതെളിക്കുന്നതാണ്. അതു പരിഹരിക്കുന്നതിനു എന്തെങ്കിലും വഴി പ്രധാനമന്ത്രി ആലോചിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. സ്വത്തു് ധാരാളം ഉള്ളവരുടെ പക്കൽനിന്നും നികുതി ഈടാക്കുന്നതുകൊണ്ട് യാതൊരു തരക്കേടും വരാനില്ല. എന്നാൽ സ്വത്തു ഇല്ലാത്തവർക്കു ഉണ്ടെന്നു പറഞ്ഞു അതിൽ നികുതി ചുമത്തുന്നതു്, തീർച്ചയായും തെററായ നടപടിയാണ്. എന്റെ അനുഭവത്തിൽനിന്നുതന്നെ ഒരു സംഗതി പറയാം. ആകപ്പാടെ അഞ്ചേക്കർ സ്ഥലമുള്ള ഒരാൾക്കു പത്തേക്കർ സ്ഥലമുണ്ടെന്നു പറഞ്ഞു അതനുസരിച്ചു നികുതി നിശ്ചയിച്ചു. ഈ അഞ്ചേക്കറിൽതന്നെ ഒരേക്കർ തെങ്ങിൻതോപ്പും നാലേക്കറിൽ റബ്ബറും ആണുണ്ടായിരുന്നത്. അതു അഞ്ചേക്കർ ഭൂമിയിൽ തെങ്ങുള്ളതായും അഞ്ചേക്കർ ഭൂമിയിൽ റബ്ബർ ഉള്ളതായും അസ്സസ് ചെയ്തു. ഒടുവിൽ അതിനു അപ്പീൽ കൊടുത്തു. ഇങ്ങനെ വളരെ വിഷമതകൾ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. അതിനാൽ ഞാൻ പറയുന്നത് ഇങ്ങനെ ആർബിട്രറിയായി നിശ്ചയിക്കാതിരിക്കത്തക്കവിധം നിയമങ്ങൾ ഉണ്ടാക്കിയിട്ടു ഈ റസലൂഷൻ ഇവിടെ അവതരിപ്പിക്കേണ്ടതായിരുന്നു. ഈവക കാര്യങ്ങൾക്കുകൂടി പരിഹാരം കാണണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ റസലൂഷനെ പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. പി. ഭാസ്കരൻ നായർ: സർ, എസ്റ്റേററ ഡ്യൂട്ടി കാർഷികഭൂമികളെ സംബന്ധിച്ചിടത്തോളവും വ്യാപിപ്പിക്കുന്നതിനുള്ള പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാൽ നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ പോലും കേന്ദ്രഗവണ്മെന്റിന്റെ ശ്രീകോവിലിൽ തൃപ്പടിദാനം ചെയ്യുന്ന പഴയ രീതിയിലുള്ള പാരമ്പര്യം പുലർത്തിക്കൊണ്ടുപോരുകയാണു ചെയ്യു

[ശ്രീ. പി. ഭാസ്കരൻനായർ]

ന്നു്. ശ്രീ. എം. പി. മേനോൻ ഈ സഭയിൽ പ്രസ്താവിച്ചതുപോലെ നമുക്കു് ഈ സഭയിൽതന്നെ നിശ്ചയിക്കാവുന്ന രീതിയിൽ ആ നിയമങ്ങൾ കൊണ്ടുവരികയും അതു ഈ സ്റ്റേററിലെ ധനാഗമമാർഗ്ഗങ്ങളെ ശരിയായി വിനിയോഗിക്കുന്നതിനു സൗകര്യമുള്ള തരത്തിൽ ബാധകമാക്കുകയും ചെയ്യേണ്ടതായിരുന്നു. അങ്ങനെ നമുക്കു് സ്വന്തംകാലിൽ നിൽക്കാനുള്ള അവസരം കിട്ടുമ്പോൾ ആ അവസരം വേണ്ടതുപോലെ ഉപയോഗിക്കാതെ എപ്പോഴും കേന്ദ്രത്തിന്റെ ആശ്രിതത്വം പുലർത്തിക്കൊണ്ടു് നമ്മുടെ അഭിമാനത്തെയും നമ്മുടെ സ്വന്തം നിലനിൽപ്പിനേയും ചോദ്യം ചെയ്യത്തക്കവണ്ണമുള്ള ഈ മാതിരി പ്രവർത്തനം കാൺഗ്രസ്സ് ഗവണ്മെന്റു് ഇനിയും തുടരരുതെന്നു എനിക്കു നിർദ്ദേശിക്കുവാനുണ്ടു്. ഏതായാലും ഒരു പുരോഗമനസ്വഭാവമുള്ള ഒരു നിയമം എന്ന നിലയിൽ ഈ പ്രമേയം സ്വാഗതാർഹമാണു്. ഈ റെസല്യൂഷന്റെ മുഴുവൻ പ്രയോജനവും കിട്ടത്തക്കവണ്ണം ഇന്നത്തെ രീതിയിൽ അല്ലാതെ അതിൽ അല്പം മാററം വരുത്തി പ്രവർത്തനത്തിൽ കൊണ്ടുവരണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇവിടെ നടന്ന ചർച്ചകളിൽനിന്നു നമുക്കു മനസ്സിലാകുന്നതു് ഇതുമൂലം നമുക്കുണ്ടാക്കാൻ കഴിയുന്ന ധനാഗമമാർഗ്ഗങ്ങൾ ചോർന്നുപോകാൻ ഇടയുണ്ടെന്നാണു്. ഈ നിയമസഭയ്ക്കും ഇവിടത്തെ ഭരണകൂടത്തിനും ഈ നിയമംമൂലം പിരിക്കാനുള്ള തുകസംബന്ധിച്ചു അവസാനമായി തീരുമാനിക്കുവാനുള്ള അവകാശം കേന്ദ്രഗവണ്മെന്റിനു വിട്ടുകൊടുക്കുന്നതിനെപ്പററി ശക്തിയായ ആക്ഷേപം ഉണ്ടു്. അങ്ങനെയുള്ള ആക്ഷേപം ശരിയാണെന്നാണു് എനിക്കും തോന്നുന്നതു്. നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ കേന്ദ്രത്തിൽ അടിയറവയ്ക്കുന്ന കാര്യത്തെ സംബന്ധിച്ചുള്ള എതിർപ്പുമാത്രമല്ല എനിക്കുള്ളതു്. ഈ ബില്ല് കാര്യക്ഷമമായിത്തീരണമെങ്കിൽ അതായതു നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ ശരിയായി പ്രയോജനപ്പെടുത്തണമെങ്കിൽ നമ്മുടെ ഭൂസ്വത്തുകളുടെ പ്രാദേശികസ്വഭാവം നോക്കി ഓരോ പ്രദേശത്തുമുള്ള ഭൂമികൾക്കു് അതനുസരിച്ചുള്ള തോതു നിശ്ചയിച്ചു വില നിശ്ചയിക്കേണ്ടതാണു്. അല്ലാതെ ഇൻഡ്യയിലെ മൊത്തത്തിലുള്ള ഭൂസ്വത്തിന്റെ നിലപാടു നോക്കി ഇവിടെയും ആ നിയമം അതേ രീതിയിൽതന്നെ വരത്തക്കവണ്ണം കേന്ദ്രത്തിലേക്കു വിട്ടുകൊടുക്കുന്നതു് നമുക്കു ഇതുകൊണ്ടുണ്ടാകുന്ന ഫലം ഇല്ലാതെയാക്കുമെന്നു ഭയമുണ്ടു്. ഇവിടെ ഈ പ്രമേയം കൊണ്ടുവന്നതു് ഞങ്ങൾ സ്വാഗതം ചെയ്യുന്നതു് ഇതിനകത്തു സാമ്പത്തികസമീകരണം ഒന്നും വിഭാവന ചെയ്യുന്നില്ലെങ്കിലും തലമുറ തലമുറയായി യാതൊരു നിയന്ത്രണവുമില്ലാതെ ഭൂസ്വത്തു് അനുഭവിച്ചുകൊണ്ടിരിക്കുന്ന രീതിയ്ക്കു് ഒരു വിരാമം ഇടുവാനുള്ള നേരിയ സാദ്ധ്യത ഉണ്ടെന്നു് കാണുന്നതുകൊണ്ടാണു്. പരമ്പരാഗതമായ സ്വത്തവകാശംവച്ചുകൊണ്ടു് അതു ജീവിതമാർഗ്ഗമായി കരുതി കഴിയുന്ന സമൂഹവ്യവസ്ഥിതിക്കു ഒരു മാററം വരുത്തുന്ന വിപ്ലവാത്മകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ കഷ്ടിച്ചു ഒരു വഴികാട്ടി മാത്രമാണു് ഈ ബില്ലെന്നു ഞങ്ങൾ സമ്മതിക്കുന്നു. ഗവണ്മെന്റു് ഈ ബില്ലിലുണ്ടായിരിക്കുന്ന ആക്ഷേപങ്ങൾക്കു് പരിഹാരം കാണത്തക്ക നിലയിൽ ഈ ബില്ല് പുനഃപരിശോധന ചെയ്തു് നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ നമുക്കു

തന്നെ ലഭിക്കത്തക്ക വിധത്തിൽ നടപ്പിൽ വരുത്തണമെന്നാണു് എനിക്കു അഭിപ്രായപ്പെടാനുള്ളതു്. പക്ഷെ അങ്ങനെ സാദ്ധ്യമല്ലെങ്കിൽ ഈ ബിൽ കൊണ്ടുവരേണ്ടതില്ലായിരുന്നു എന്നെനിക്കു അഭിപ്രായമില്ല. ഏതായാലും ഈ സ്റ്റേറ്റിലെ കാർഷികഭൂമികളെ സംബന്ധിച്ചുകൂടി എസ്റ്റേറ്റ്ഡ്യൂട്ടി വ്യാപിപ്പിക്കുന്നതിനുള്ള ഈ റസല്യൂഷന്റെ അടിസ്ഥാനതത്വത്തെ സ്വാഗതം ചെയ്യുവാൻ എനിക്കു സന്തോഷമുണ്ടു്. ഈ പശ്ചാത്തലത്തിൽ അധികാരത്തിലിരിക്കുന്ന കക്ഷി ഈ കാര്യങ്ങളെക്കുറിച്ചു് ഗൗരവപൂർവ്വം ആലോചിക്കണമെന്നും കഴിയുമെങ്കിൽ മറ്റൊരു ബിൽ അവതരിപ്പിക്കണമെന്നും ഒരിക്കൽകൂടി അപേക്ഷിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

**ശ്രീ. മഞ്ജുനാഥപ്രഭു:** സർ, എസ്റ്റേറ്റ്ഡ്യൂട്ടി ഈ നാട്ടിലെ കാർഷികവസ്തുക്കളെ സംബന്ധിച്ചിടത്തോളവുംകൂടി വ്യാപിപ്പിക്കുന്നതിനു് ഭരണഘടന അനുസരിച്ചുള്ള ഒരു റസല്യൂഷനാണു് ഇവിടെ ആലോചനയിലിരിക്കുന്നതു്. ഇതിനു പ്രത്യേക നിയമം ഉണ്ടാക്കാനുള്ള അവകാശം നമുക്കുണ്ടെങ്കിലും ഞാനിപ്പോൾ സംസാരിക്കാൻ ആഗ്രഹിക്കുന്നതു് ഈ റസല്യൂഷൻ പാസ്സായാൽ ഉണ്ടാകാവുന്ന കാര്യങ്ങളെപ്പററിയാണു്. എസ്റ്റേറ്റ്ഡ്യൂട്ടി ആക്ട് 35-ാം വകുപ്പനുസരിച്ചു് കൃഷിഭൂമിയുടെ വിലകൂടി ക്ലിപ്തപ്പെടുത്തിയാണു് ഡ്യൂട്ടി നിശ്ചയിക്കേണ്ടതു്. ഇപ്പോഴുള്ള ഇൻഡ്യൻ ഇൻകംടാക്സ് ആക്ടനുസരിച്ചുള്ള ജീവനക്കാർ എസ്റ്റേറ്റ്ഡ്യൂട്ടി കാർഷികേതരഭൂമികളിൽ തീരുമാനിക്കുമ്പോൾ കൃഷിഭൂമിയുടെ വിലകൂടി കണക്കാക്കേണ്ടിവരുന്നു. അതുകൊണ്ടു് ചിലവു കൂടുക എന്നുള്ളതാണു് നാം നിയമം പാസ്സാക്കിയാൽ വരുന്നതു്. അതു കൂടാതെതന്നെ 44-ം 45-ം വകുപ്പുകളിൽ ഒരാളുടെ മരണശേഷം ഡ്യൂട്ടി ചുമത്തുമ്പോൾ ചില ഒഴിവാക്കലുകൾ അനുവദിച്ചിട്ടുണ്ടു്. അങ്ങിനെ കാർഷികഭൂമികളിലായാലും കാർഷികേതരഭൂമികളിലായാലും ചില ചെലവുകൾ കുറച്ചുകിട്ടാനുള്ള അവകാശമുണ്ടു്. ഇതെല്ലാം ശരിയാകണമെന്നുവരികിൽ ഡ്യൂട്ടി പിരിക്കുന്നതിനുള്ള അവകാശം ഒരേജൻസിക്കു് നൽകുന്നതാണു് ഉത്തമം. നമ്മുടെ സ്റ്റേറ്റിൽ ഒരു പ്രത്യേക നിയമം ഉണ്ടാക്കിയില്ലെങ്കിൽ ഈ റേറ്റ് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനുള്ള സാദ്ധ്യത ഉണ്ടാകുമോ എന്നൊന്നും റസല്യൂഷൻ അവതരിപ്പിച്ച മുഖ്യമന്ത്രി പറയുകയുണ്ടായില്ല.. നമുക്കു് ഒരു റസല്യൂഷൻ പാസ്സാക്കി എന്തെങ്കിലും വ്യത്യാസം വരുത്താൻ അവകാശമുണ്ടായിരിക്കുമോ, അതു് ഇൻഡ്യൻ ആക്ടിൽ ചേക്കുമോ; എന്നെല്ലാം അറിയേണ്ടതുണ്ടു്. ഇതു് 1953-ൽ സെൻട്രലിൽ പാസ്സായിട്ടുള്ളതാണു്. അതിവിടെ കൊണ്ടുവരുന്നതിനുള്ള കാലതാമസത്തെപ്പററി യാതൊരു വിശദീകരണവും കിട്ടിയിട്ടില്ല. ഇനിയും ഒരു ആക്ടുണ്ടാക്കി ഈ അസംബ്ലിയിൽ കൊണ്ടുവന്നു് പാസ്സാക്കുകയാണെങ്കിൽ അതിനു വളരെ കാലതാമസം നേരിടും. ഈ റസല്യൂഷൻ ഇപ്പോൾതന്നെ പാസ്സാക്കുകയാണെങ്കിൽ ഇപ്പോൾമുതൽതന്നെ സ്റ്റേറ്റിനു് ആദായം ഈ വഴിക്കു് കിട്ടും. ആ സ്ഥിതിക്കു് റസല്യൂഷൻ ഇപ്പോൾതന്നെ പാസ്സാക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

**ശ്രീ. ആർ. ശങ്കരനാരായണൻതമ്പി:** ഇൻഡ്യൻ ഭരണഘടന അനുവദിക്കുന്നതും അനുശാസിക്കുന്നതുമായ ഒരു രീതി പ്രയോഗിച്ചു് 1953-ൽ കേന്ദ്രം പാസ്സാക്കിയ ഈ നിയമം ഈ സ്റ്റേറ്റിനുകൂടി ബാധക

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

മാക്കാൻ പ്രധാനമന്ത്രി അവതരിപ്പിച്ച ഒരു പ്രമേയമാണ് ഈ സഭ മുമ്പാകെ ഇപ്പോൾ ആലോചനയിലിരിക്കുന്നത്. ഇതിനെപ്പററി വിവിധതരത്തിലുള്ള അഭിപ്രായഗതികൾ ഈ സഭാതലത്തിൽ പ്രകടിപ്പിക്കപ്പെട്ടുകഴിഞ്ഞു. പുരോഗമനപരമായ ഒരാശയഗതിയാണ് മരണനികുതി എന്നുള്ള വാദംതന്നെ ഒരു തക്കവിഷയമായിട്ടാണ് ഞങ്ങൾ കണക്കാക്കുന്നത്. സ്വകാര്യസ്വത്തിന്മേൽ ഏതെങ്കിലും തരത്തിലുള്ള ഒരു വിലങ്ങ് ഈ മരണനികുതികൊണ്ട് സൃഷ്ടിക്കപ്പെടുമോ എന്നുള്ള കാര്യത്തിൽ ഞങ്ങൾ ഭിന്നാഭിപ്രായക്കാരാണ്. മൗലികമായി ഏതെങ്കിലും വിധത്തിലുള്ള ഒരു സാമ്പത്തികവ്യത്യാസം മരണനികുതി ഏർപ്പെടുത്തുന്നതുകൊണ്ട് സംഭവിക്കുമെന്നു തോന്നുന്നില്ല. ഇൻഡ്യയിൽ ഈ സമ്പ്രദായം നടപ്പിൽ വരുത്തിയതുതന്നെ പാശ്ചാത്യരീതിയിലുള്ള നികുതിയെ പകർത്തിയതാണ്. സ്വകാര്യസ്വത്ത് അനാശാസ്യമായ രീതിയിൽ വ്യക്തികളുടെ കയ്യിൽ കുന്നുകൂടുന്നതിനെ തടസ്സപ്പെടുത്താൻ മരണനികുതി കാരണമായി ഭവിക്കുമെങ്കിൽ ഏററവും കൂടുതൽ "ലവലിംഗ് ആഫ് പ്രാപ്പർട്ടി'' വരേണ്ടത് അമേരിക്കയിലായിരുന്നു. ആദ്യമായി ഈ നികുതി ഏർപ്പെടുത്തിയത് അമേരിക്കയാണെന്നാണ് എന്റെ ഓർമ്മ. എന്നാൽ അമേരിക്കയിൽ ലക്ഷപ്രഭുക്കന്മാരും കോടീശ്വരന്മാരും വർദ്ധിച്ചുകൊണ്ടിരിക്കയാണെന്നുള്ളത് തക്കമററ സംഗതിയാണ്. അങ്ങിനെയിരിക്കെ പാശ്ചാത്യരാജ്യങ്ങളിലെ സംസ്കാരം, സാമ്പത്തികസമ്പ്രദായം, ഭരണരീതി ഇതെല്ലാംതന്നെ അതേപടി പകർത്തുന്ന 1953-ലെ എസ്റ്റേററ് ഡ്യൂട്ടിനിയമം നടപ്പിലാക്കിയപ്പോൾ അത് തൊഴിലാളികർഷകവർഗ്ഗത്തിന്റെ മുന്നേററത്തിനു ഒരു വിലങ്ങുതടിയായി മാത്രമേ വിഭാവനം ചെയ്തിരിക്കാൻ ഇടയുള്ളു എന്നാണ് ഞങ്ങൾ കരുതുന്നത്. അതേയവസരത്തിൽ ഇന്നു നിലവിലിരിക്കുന്ന സാഹചര്യത്തിൽ മരണനികുതിയെപ്പോലുള്ള ഒരു നികുതികൂടി ഏർപ്പെടുത്തി ഗവണ്മെൻറിന്റെ വരവു വർദ്ധിപ്പിക്കുക എന്നുള്ള ആദർശം സ്വാഗതാർഹമാണ്. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

പിന്നീട് ഇവിടെ പ്രതിപാദിക്കപ്പെട്ടത് ഈ നികുതി ഈ സ്റ്റേററിനുകൂടി ബാധകമാക്കാൻ ഇന്നത്തെ ഗവണ്മെൻറ് അവലംബിച്ച രീതി ശരിയോ തെറേറാ എന്നുള്ളതാണ്. രണ്ടുതരത്തിൽ ഇതു പ്രായോഗികമാക്കാമായിരുന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. ഈ രണ്ടു രീതിയിൽ കാമ്യമായിട്ടുള്ളതും ശരിയായിട്ടുള്ളതും ഏതായിരുന്നു എന്ന് അദ്ദേഹം അവധാനപൂർവ്വം ചിന്തിച്ചിരുന്നുവെങ്കിൽ ഒരു ബില്ലിന്റെ രൂപത്തിൽ ഇതിവിടെ അവതരിപ്പിക്കാൻ അദ്ദേഹം ഒരുമ്പെടുമായിരുന്നു. പക്ഷെ അങ്ങനെ ചെയ്യാതിരുന്നതിനു കാരണം അദ്ദേഹംതന്നെ പറഞ്ഞു. ഇതു പ്ലാനിംഗിന്റെ കാലമാണ്, പ്ലാനിംഗിന്റെ ഒരു പ്രത്യേക ഘട്ടത്തിലാണ് നാം നില്ക്കുന്നത്, അടുത്തുതന്നെ അവതരിപ്പിക്കാൻ പോകുന്ന ബഡ്ജററിൽ അദ്ദേഹം എസ്റ്റേററ് ഡ്യൂട്ടിയിനത്തിലുള്ള ഒരു തുകകൂടി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നൊക്കെ പറഞ്ഞു.

അടുത്ത ബഡ്ജററവർഷത്തിൽ ചിലവാക്കാനുള്ള തുകയിൽ ഇതുകൂടി ഉൾപ്പെടുത്തിയിരിക്കേ ഈ റസല്യൂഷൻ ഉടൻ പാസാകാതിരിക്കുന്ന

പക്ഷം ബഡ്ജററ് സംബന്ധിച്ചുള്ള പ്രതീക്ഷകളെല്ലാം തകൎന്നുപോകാനിടയുണ്ടെന്നാണ് അദ്ദേഹത്തിൻെറ വാദം. ഒരളവിൽ ആ വാദം ശരിയാണ്. പക്ഷെ അതുകൊണ്ടു് അദ്ദേഹം അവലംബിച്ച രീതി ശരിയായിരുന്നു എന്ന് അൎത്ഥമാകുന്നില്ല. ശ്രീ. എം. പി. മേനോൻ പറഞ്ഞതുപോലെ ഈ സ്റ്റേററ് എല്ലാകാൎയ്യങ്ങളിലും കേന്ദ്രത്തിൻെറ മുമ്പിൽ ഭിക്ഷാംദേഹിയായി നിൽക്കുന്ന ദയനീയമായ കാഴ്ചയാണ് മിക്കപ്പോഴും കാണുന്നതു്. ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഗവണ്മെൻറിൻെറ മുമ്പിൽ അവതരിപ്പിക്കുമ്പോൾ അതിനു കേന്ദ്രം ഇന്നതിന്നതെല്ലാം ചെയ്യു, അല്ലെങ്കിൽ കേന്ദ്രമാണ് ഞങ്ങളുടെ പ്രവൎത്തനങ്ങളെ പ്രതിബന്ധപ്പെടുത്തിയതു്, കേന്ദ്രത്തിൽ നിവേദനങ്ങൾ നടത്തി, അനുകൂലമായ മറുപടി കിട്ടുമെന്നു പ്രതീക്ഷിക്കുന്നു എന്നും മററുമാണ് മിക്കവാറും സന്ദൎഭങ്ങളിൽ ഗവണ്മെൻറു ഭാഗത്തുനിന്നും പറയാറുള്ള മറുപടികൾ. ഈ സ്റ്റേററിനെ ഒരു 'എ' സ്റ്റേററിൻെറ പദവിയിലേക്ക് ഉയൎത്താനുള്ള പ്രക്ഷോഭണം ആവശ്യമാണെന്നുള്ള അഭിപ്രായം തിരുവിതാംകൂർ-കൊച്ചിയിലുള്ള ജനങ്ങളുടെ ഇടയിൽ മുഴുവനുണ്ടായിരിക്കേ സ്വതന്ത്രമായ ഒരു ആസ്തിക്യം ഈ സ്റ്റേററിന് ഉണ്ടെന്നു ധരിപ്പിക്കാൻ വേണ്ടി അപൂൎവ്വം ചില സന്ദൎഭങ്ങളിലെങ്കിലും നമുക്ക് ഉപയോഗിക്കാവുന്ന അധികാരം ഉപയോഗിക്കുകയായിരുന്നു യുക്തം. അതു് ചെയ്യാതെ ഒരു റസല്യൂഷൻ മുഖേന ഈ നിയമം അംഗീകരിക്കാൻ ഒരുമ്പെട്ടതു് തെററായിപ്പോയി എന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളതു്. അതുകൊണ്ടു് അദ്ദേഹം പറയുന്ന ന്യായവാദം ശരിയാണെന്നു തോന്നുന്നില്ല. ഇന്നുതന്നെ കേന്ദ്രഗവണ്മെൻറ് എസ്റ്റേററ് ഡ്യൂട്ടി ആക്ററപ്രകാരം കാൎഷികേതര ആദായങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നികുതിപിരിവു നടത്തുന്നുണ്ടു്. അതിനു് ഒരു മിഷ്യനറിയുണ്ടു്. ഇപ്പോൾ പ്രധാനമന്ത്രി പറയുന്നതു് കാൎഷികാദായത്തിനുകൂടി ബാധകമാകത്തക്കവണ്ണം ഈ റസല്യൂഷൻ മുഖാന്തിരം ആ നിയമത്തിനു പ്രാബല്യം നൽകണമെന്നാണ്. അങ്ങനെയാണെങ്കിൽ കുറച്ചു് അവധാനപൂൎവ്വം ചിന്തിച്ചു മാത്രമെ അതു ചെയ്യാൻപാടുള്ളതായിരുന്നു. അതുകൊണ്ടു് ഈ റസല്യൂഷൻ മുഖേനയല്ലാതെ മറെറാരു രൂപത്തിൽ കാൎഷികാദായങ്ങൾക്കുകൂടി ബാധകമാകത്തക്കവിധത്തിൽ എസ്റ്റേററഡ്യൂട്ടി നിയമം തിരുവിതാംകൂർ-കൊച്ചിയിലേക്ക് പാസാക്കിയെടുക്കുന്നതിനുള്ള പരിശ്രമം ചെയ്യുമെങ്കിൽ അതായിരിക്കും യുക്തി എന്നു പ്രസ്താവിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

*ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், நான் இந்தத் தீர்மானத்தை முழு மனதுடன் ஆதரிக்கிறேன். இந்த சபையிலே பல பகுதிகளிலிருந்தும், இந்தத் தீர்மானத்தைப் பொறுத்தளவிலே, எங்கிருந்து இந்தத் தீர்மானம் வந்தபோதிலும் சரி, எல்லாக் கட்சியினரும் அதனுடைய தத்துவத்தை ஆதரிக்கிறார்கள் என்பதைப் பொறுத்தளவிலே சந்தேகமே கிடையாது. என்னுடைய நண்பர் ராமபுரம் அங்கத்தினர் அவர்கள் மட்டும்தான் இதில் ஏதோ ஊழல்களுக்கும் லஞ்சத்திற்கும் இடம் இருக்கிறது என்று கூறினார்கள். ஆனால் அவர்களும் கூட இதன் தத்துவத்தை எதிர்க்கவில்லை. இந்தத் தீர்மானத்தைப் பொறுத்தளவிலே இது ஒரு முக்கியமான, சமூக முன்னேற்றத்திற்கான ஒரு தீர்மானத்தின் அறிகுறியாகத்தான் இருக்கிறது என்பது தான் எனது தாழ்மையான அபிப்பிராயம். சமூக மாற்றத்திற்*

[ஸ்ரீ. டி. எஸ். ராமஸ்வாமி]

காக இரண்டு முறைகள் கையாளப்படவேண்டும். ஒன்று, பணமூட்டைகள், (Vested interests) என்று சொல்லக்கூடியவர்கள், அவர்களின் நிலைமையை மாற்றி அவர்கள் மீது கூடுதல் வரிகள் விதிக்கப்படவேண்டும். அது ஒரு முறை. Mal-distribution of wealth, இன்னொரு பக்கம், சாதாரண தொழிலாளர்கள், விவசாயிகள் போன்ற இல்லாத மக்களின் நிலையை உயர்த்த வேண்டும். இது தான் ஜனநாயக ரீதியில் சாதாரணமாகக் கையாளக்கூடிய முறை. இந்த நிலைமையிலே, சோஷியலிஸ்ட் கட்சியைப் பொறுத்தளவிலே, இதற்கு முன்னால் அது இந்தியன் சோஷியலிஸ்ட் பார்ட்டியாக இருந்தபோதும், அவர்களின் Election Manifesto-வில் உள்ள முக்கியமான திட்டங்களில், Policies of Social changes-ல் இந்த "டெத் டியூட்டி" அதாவது மரண வரியும் ஒன்றாக இருந்தது. சோஷியலிஸ்ட் பார்ட்டி எதிர்நோக்கியிருந்த மரண வரியிலே அவர்களும் இந்த ரேட்டைத் தான் குறிப்பிட்டார்கள். ஐந்து லட்சம் ரூபாய் வருமானம் வரை வரி கிடையாது. ஐந்து லட்சத்திற்குப் பின்னால் 20% வரி. 15-லட்சத்திற்கு அப்புறம் 50% வரி. 75-லட்சத்திற்கு அப்புறம் 80% வரி. ஒரு கோடிக்கு மேற்பட்டதற்கு 90% வரி என்று குறிப்பிட்டார்கள். ஆகவே சமதர்ம ரீதியில் சிந்திக்கக்கூடிய எல்லோரும், முற்போக்குப் பாதையில் சிந்திக்கக்கூடிய எல்லோரும் நிச்சயமாக இந்த மரண வரியை ஆதரித்தேயாகவேண்டும். அத்தகைய ஓர் தீர்மானத்தை முதன் முதலாக, இந்த அரசாங்கத்தினுடைய பிரதிநிதியாக இந்த சபையின் தலைவர் கொண்டுவந்தது பற்றி நான் அவர்களை பாராட்டுகிறேன். ' எத்தகைய அபிப்பிராய வேற்றுமைகள் நம்மிடையே இருந்தபோதிலும் சரி, முற்போக்கான திட்டம் ஒன்று நம் முன் வந்துள்ளது. கட்சி வேற்றுமையின்றி, எல்லோரும் ஒன்று சேர்ந்து சந்தோஷமாக ஒற்றுமையுடன் இதை ஆதரிக்க நாம் கடமைப்பட்டவர்களாவோம். ஆகவே, இதை நன்குணர்ந்து நாம் இதை ஆதரிக்கவேண்டுமென்று கேட்டுக் கொள்கிறேன்.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഈ പ്രമേയത്തെപ്പറ്റി രണ്ടുവാക്ക് സംസാരിക്കാതെയിരിക്കുന്നത് ഒരു കൃത്യവിലോപമായിരിക്കും. ഇവിടെ ഇപ്പോഴുള്ള കാർഷികാദായനികുതി പിരിക്കുന്നതുതന്നെ ചില ഉദ്യോഗസ്ഥന്മാരുടെ വിക്രിയകൾക്ക് വിധേയമായിട്ടാണ്. പല തരത്തിലുള്ള ബാദ്ധ്യതകൾ കൊണ്ടും കൃഷിക്കാർ വളരെ വിഷമിച്ചിരിക്കുന്ന ഒരു സന്ദർഭമാണ് ഇപ്പോൾ. ആ അവസരത്തിലാണ് ഒരു നികുതികൂടി അവരിൽ നിന്നും ഈടാക്കാനുള്ള ഈ നിയമം ഇവിടെ വന്നിരിക്കുന്നത്. എസ്റ്റേറ്റഡ്യൂട്ടി ഇൻഡ്യ ഒട്ടാകെ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൽ കാർഷികവസ്തുക്കൾകൂടി ഉൾപ്പെടുത്താത്തതു്; കൃഷിക്കാരനെ ഉദ്ധരിപ്പിക്കാനായിട്ടാണ്. കാർഷികഭൂമികൾകൂടി ഉൾപ്പെടുത്തി എന്നുള്ള പരാതി വരരുതെന്നു വിചാരിച്ചാണ് അത് സംസ്ഥാന ഗവൺമെന്റുകൾക്ക് വിട്ടുകൊടുത്തിട്ടുള്ളത് എന്നു തോന്നുന്നു.

ഈനയബില്ല് നടപ്പിലായാൽ യാതൊരു വ്യക്തികളിൽ നിന്നും എസ്റ്റേറ്റഡ്യൂട്ടി ഈടാക്കാൻ ഇടവരികയില്ല എന്നു ബഹുമാനപ്പെട്ട

മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുള്ള നിലയ്ക്കു് ഇവിടെ ആരും എസ്റ്റേറ്റഡ്യൂട്ടി കൊടുക്കേണ്ടിവരുകയില്ല എന്നു വിചാരിച്ചിരുന്നു. മുഖ്യമന്ത്രി നിയമസഭാമെംബറന്മാൎക്കു് അയച്ചിട്ടുള്ള എഴുത്തിൽ ഇവിടെ അദ്ധ്യാപകന്മാൎക്കു് ശമ്പളം കൂട്ടാൻ പോകുന്നു, പല പരിഷ്കാരങ്ങളും വരുത്താൻ പോകുന്നു, അതുകൊണ്ടു് പണത്തിനു വലിയ അത്യാവശ്യമാണു് എന്നൊന്നും കാണുന്നില്ല.

[Mr. Speaker in the Chair]

സർ, സെൻട്രൽഗവണ്മെൻറിനു് എസ്റ്റേറ്റഡ്യൂട്ടി വിട്ടുകൊടുക്കുന്ന ഈ പ്രമേയം പാസ്സാക്കുന്നതുകൊണ്ടു് കർഷകനു് എന്തെല്ലാം തരത്തിലുള്ള വിഷമങ്ങൾ ഉണ്ടാകാമെന്നുള്ളതു നാം ചിന്തിക്കാനുള്ളതാണു്. ഒരു ലക്ഷം രൂപയ്ക്കുമേൽ വിലവരുന്ന വ്യാവസായിക വസ്തുക്കൾ ഉള്ള ഒരാൾ ഒരു ലക്ഷം രൂപയ്ക്കുമേൽ വിലവരുന്ന കാർഷിക വസ്തുക്കൾക്കുംകൂടി രണ്ടു ലക്ഷം രൂപയ്ക്കുള്ള നികുതി കൊടുക്കേണ്ടിവരും. ഈ രണ്ടിനം വസ്തുക്കൾക്കുംകൂടി സ്വത്തിൻെറ ഇത്രശതമാനം നികുതി ഈടാക്കുക എന്നുള്ളതു് ശരിയായിട്ടുള്ള ഒരു നിഗമനമല്ല.

തിരുവിതാംകൂർ–കൊച്ചിയിൽ കാർഷികവസ്തുക്കൾക്കു് എസ്റ്റേറ്റഡ്യൂട്ടി ഈടാക്കുന്നതിനു വേണ്ടിയായിരുന്നെങ്കിൽ, പ്രത്യേകം ഒരു നിയമം ഉണ്ടാക്കാമായിരുന്നു. ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ മനഃപൂർവ്വമായി ഈ അധികാരം സെൻട്രൽ ഗവണ്മെൻറിനു വിട്ടുകൊടുത്തതല്ലേ എന്നു ഞാൻ സംശയിക്കുന്നു. തിരുവിതാംകൂർ–കൊച്ചിയിലുള്ള ജനങ്ങൾക്കു വേണ്ട സൗകര്യം ചെയ്തുകൊടുക്കണമെന്നു് താൽപര്യമുള്ള ആളാണു് അദ്ദേഹം എന്നു് എനിക്കറിയാം. കാർഷികവസ്തു ഉടമസ്ഥതയും വ്യാവസായിക വസ്തു ഉടമസ്ഥതയും ഉള്ള ഒരു വ്യക്തിക്കു കൂടുതൽ വൈഷമ്യം ഉണ്ടാക്കുന്ന ഒരു നിയമനിർമ്മാണം ചെയ്യാനാണു് ഈ പ്രമേയം പാസ്സാക്കുന്നതു് എന്നു ഞാൻ വിചാരിക്കുന്നു. ഇന്നത്തെ നിലയിൽ എന്തെല്ലാം വന്നാലും അനുഭവിക്കേണ്ട സ്വത്തുകാരൻെറ കഷ്ടകാലമാണെന്നേ പറയാനുള്ളു. സ്വത്തുകാരോടു് അനുതാപം പ്രകടിപ്പിക്കാൻ സഹതാപമുള്ള ആളുകൾ ഈ നിയമസഭയിലും വെളിയിലും ഇല്ലാതെയായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. സ്വത്തുകാരൻെറ പേരിൽ അവരുടെ വോട്ടുകൾ വാങ്ങിച്ചതിൻെറ ശേഷം അവരുടെ കാര്യത്തിൽ യാതൊന്നുംതന്നെ പ്രവർത്തിക്കാതെയിരിക്കുന്നതു കഷ്ടമാണു്. ഇതു് പറയുന്നതു് എനിക്കു് സ്വത്തുകാരുടെ വക്കാലത്തുണ്ടായിട്ടല്ല. ഞാൻ ഒരു സ്വത്തുകാരനുമല്ല. എനിക്കു് സ്വത്തു് അരലക്ഷംപോലും ഇല്ല.

തിരുവിതാംകൂർ-കൊച്ചിയിൽതന്നെ കാർഷികവസ്തുക്കളിൽ എസ്റ്റേറ്റഡ്യൂട്ടി ഈടാക്കാനായി ഒരു പ്രത്യേക ബിൽ ഉണ്ടാക്കുന്നതു നന്നായിരിക്കും. കാർഷികാദായനികുതി ഈടാക്കുന്നതുപോലെ കൃഷിക്കാരനു് ബുദ്ധിമുട്ടു് ഇല്ലാത്തതരത്തിൽ നികുതി ഈടാക്കാൻ ശ്രമിക്കണം. ലാൻഡ്ടാക്സ് ഈടാക്കുന്നതിൻെറ ഇരട്ടി ഈടാക്കുന്നതായാലും തരക്കേടില്ല. നമ്മുടെ സംസ്ഥാനത്തേക്കു മാത്രമായി ഒരു നിയമമുണ്ടാക്കാൻ പാടില്ലേ എന്നുംകൂടി ആലോചിക്കണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ പ്രമേയത്തിനു് സഭയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും സ്വാഗതം ഉണ്ടായതിൽ സന്തോഷം ഉണ്ടു്. ചില അഭിപ്രായവ്യത്യാസങ്ങൾ ഇതിനു് സ്വീകരിക്കേണ്ടിയിരുന്ന നടപടികളെപ്പററിയും മററും ഉണ്ടായതു് ഞാൻ എൻെറ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ആദ്യത്തെ പ്രസംഗത്തിൽ ചെയ്ത ഒരു പ്രസ്താവനയെ തെററിദ്ധരിച്ചിട്ടായിരിക്കും. നമ്മുടെ രാജ്യത്തെ സ്ഥിതി ഓർത്തുനോക്കുകയാണെങ്കിൽ ഈ ഇനത്തിൽ നിന്നും വളരെ വലിയ വരുമാനം ഉണ്ടാകുമെന്ന് ഉദ്ദേശിക്കാൻ നിവൃത്തിയില്ല.

ശ്രീ. ചാഴിക്കാട്ട ജോസഫ്: അടുത്ത ബഡ്ജററിൽ ഈ ഇനത്തിൽ എത്ര തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്നു അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെ സംബന്ധിച്ചു ഇപ്പോൾ പറയുന്നതു ഭംഗിയല്ല. രണ്ടു ദിവസംകൂടി ക്ഷമിച്ചിരുന്നാൽ അറിയാമല്ലോ.

എതായാലും വളരെ വലിയ ഒരു സംഖ്യ ഈ ഇനത്തിൽ നിന്നും ലഭിക്കാൻ ഇടയില്ലാ എന്നു ആലോചിച്ചാൽ അറിയാം. ഒരു ലക്ഷം രൂപയിൽ കൂടുതൽ കാർഷികസ്വത്തുള്ള എത്രപേർ ഉണ്ടെന്നു് നമുക്കു നോക്കാം; വളരെ കുറച്ചുപേർ മാത്രമേ ഉള്ളു. അതിൽ തന്നെ ചിലർ മരിച്ചുപോയി എന്നു വരാം, ചില കൊല്ലങ്ങളിൽ മരിച്ചില്ലെന്നും വരാം. അതിനാൽ ക്ലിപ്തമായ ഒരു വരുമാനം ആണ്ടുതോറും ഈ ഇനത്തിൽ നിന്നും പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. ഇൻഡ്യയെപ്പോലെയുള്ള ഒരു വിസ്തൃതമായ രാജ്യമാണെങ്കിൽ കൊല്ലംതോറും ഈ ഇനത്തിൽ എത്രമാത്രം വരുമാനമുണ്ടാകുമെന്ന് ഊഹിക്കാവുന്നതാണ്. പക്ഷെ, ഈ ചെറിയ രാജ്യത്ത് സ്ഥായിയായി നിലനില്ക്കുന്ന ഒരു വരുമാനം ഈ ഇനത്തിൽ നിന്നും ഉണ്ടാകുമെന്ന് വിചാരിക്കുന്നതു് ശരിയല്ല. ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാൻ പ്രേരകമായിട്ടുള്ളതു് ഇൻഡ്യാഗവണ്മെൻറുതന്നെ എസ്റ്റേററ് ഡ്യൂട്ടി നിയമം കൊണ്ടുവന്നിട്ടുള്ളതുകൊണ്ടാണ്. കൂടാതെ ബഹുമാനപ്പെട്ട മെംബർ ശ്രീ രാമസ്വാമി പറഞ്ഞതുപോലെ സോഷ്യലിസ്റ്റ് വ്യവസ്ഥിതി അനുസരിച്ചു അധികം സ്വത്തുള്ള ആളുകൾ മരിക്കുകയാണെങ്കിൽ അതിൽ നിന്നും അതായതു് അവരുടെ മിച്ചമുള്ള സ്വത്തുക്കളിൽ നിന്നും ഒരു ഓഹരി സ്വത്തു് സർക്കാരിലേക്ക് ലഭിക്കുമെന്നുള്ളതുമാണ് ഈ പ്രമേയത്തിൻെറ പിന്നിലുള്ള തത്വം. ഈ തത്വം പല രാജ്യങ്ങളിലും സ്വീകരിച്ചിട്ടുണ്ട് എന്നു് ശ്രീ. ലൂയിസ്സിൻെറ പ്രസംഗത്തിൽ നിന്നും നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതി യാതൊന്നുംതന്നെ ഉൾക്കൊള്ളുന്നില്ലാ എന്നു് മാവേലിക്കരമെംബർ പ്രസ്താവിച്ചുകേട്ടു. സ്വത്തിൻെറ സമീകരണമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ അതു്, എത്രത്തോളം പ്രയോജനപ്പെടുമെന്ന് അദ്ദേഹം സംശയിക്കുന്നതായും, ഉദാഹരണമായി വലിയ വലിയ മുതലാളിമാരും സ്വത്തുകാരും ഉള്ള അമേരിക്കയിൽപോലും സാമ്പത്തികസമീകരണം ഉണ്ടായിട്ടില്ലെന്നും അദ്ദേഹം സൂചിപ്പിച്ചു. അമേരിക്കയിലാണോ Estate duty ആദ്യമായി ഏർപ്പെടുത്തിയതു് എന്നു് എനിക്കു് നിശ്ചയമില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ഞാൻ അതു തിരുത്തുന്നു. അമേരിക്കയിലല്ലാ ഇംഗ്ലണ്ടിലാണ് ആദ്യമായി എസ്റ്റേററ്ഡ്യൂട്ടി ഏർപ്പെടുത്തിയതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വലിയ വലിയ മുതലാളിമാർ അമേരിക്കയിലുണ്ട്. വലിയ സ്വത്തുകാരും അവിടെയുണ്ട്. ആ സ്ഥിതിക്ക്, അവിടെപ്പോലും ഇതേവരെ സമീകരണം ഉണ്ടായിട്ടില്ലാത്ത സ്ഥിതിക്ക് അത് ഇവിടെ എത്രമാത്രം പ്രയോജനപ്പെടുമെന്ന് അറിഞ്ഞുകൂടാ എന്നും അദ്ദേഹം പറയുന്നു.

അമേരിക്കയിലെ എസ്റ്റേറഡ്യൂട്ടിയുടെ സ്വഭാവം എന്താണെന്നോ, അവിടത്തെ സ്വത്തുകാരായ വ്യക്തികളുടെ സ്ഥിതി എന്താണെന്നോ ഞാൻ ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല. അതിവിടെപ്രസക്തമല്ല. ഇതിനെ സംബന്ധിച്ചുള്ള ഷെഡ്യൂൾ വായിച്ചുനോക്കിയാൽ ശ്രീ. രാമസ്വാമി പറഞ്ഞതുപോലെ ഈ നിയമംകൊണ്ടുണ്ടാകാവുന്ന effect എന്താണെന്നു മനസ്സിലാക്കാൻ വിഷമമില്ല. ഇരുപതു ലക്ഷത്തിൽ കൂടുതൽ സ്വത്തുള്ള ഒരു വ്യക്തിയുടെ മരണശേഷം, അധികമുള്ള സ്വത്തിൻെറ നാല്പതു ശതമാനം എസ്റ്റേറഡ്യൂട്ടിയായി ഗവണ്മെൻറ വസൂലാക്കുന്നതാണെന്ന് ഷെഡ്യൂളിൽ നിന്നും കാണാം. ഇതിൻെറ പിന്നിൽ വളരെ സ്വാഗതാർഹമായ, സാമൂഹ്യമായ ഒരു പൊതുനയം ഉണ്ടെന്ന് കാണാം.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഈ ഇനത്തിൽ എന്തു തുകയാണ് ബഡ്ജററിൽ പ്രതീക്ഷിച്ചിട്ടുള്ളതെന്ന് പറയാൻ തയാറാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അക്കാര്യത്തെപ്പററി ഇപ്പോൾ പറയുന്നതു് ശരിയല്ലെന്നു ഞാൻ ഒന്നുരണ്ടു തവണ പറഞ്ഞു കഴിഞ്ഞല്ലൊ, എങ്ങനെയായാലും അതു് സാരമായ ഒരു സംഖ്യയായിരിക്കാൻ ഇടയില്ല എന്ന് നമുക്കറിയാം. സാരമായ ഒരു തുക ഒന്നോ രണ്ടോ കൊല്ലങ്ങൾക്കുമേൽ ലഭിക്കും എന്നാണു തോന്നുന്നതു്. നമ്മുടെ സംസ്ഥാനത്തിനു ഈ കരം അതാതു സമയത്തു കൂട്ടുകയും കുറയ്ക്കുകയും ചെയ്യാനുള്ള അധികാരം വിട്ടുകൊടുക്കുന്നതു് തെററാണെന്ന് തിരുവനന്തപുരം മെംബർ പറഞ്ഞു. ഈ സംസ്ഥാനത്തിനുള്ള അധികാരങ്ങൾ ഈ സംസ്ഥാനത്തിൽ തന്നെ നിക്ഷിപ്തമായി നിലനിറുത്തുന്നതിനു്, ഈ സഭയിലെ ഏതു ഭാഗത്തുള്ള അംഗങ്ങളോടൊപ്പംതന്നെ, ഞാനും, ഗവണ്മെൻറ് അംഗങ്ങളും കാൺഗ്രസ്സ് പാർട്ടിയിലുള്ള അംഗങ്ങളും ജാഗരൂകതയുള്ളവരാണ്. പക്ഷെ നമ്മുടെ രാജ്യത്തു് ഒരു ഫെഡറൽ ഭരണഘടന അംഗീകരിച്ചുകഴിഞ്ഞ സ്ഥിതിക്ക്, ഒരു ഫെഡറൽ ഗവണ്മെൻറിന് സ്വാഭാവികമായി ഉള്ള അധികാരത്തെ പരാമർശിച്ചുകൊണ്ടു്, ഈ സംസ്ഥാനത്തിനുള്ള അധികാരത്തെയും അവകാശങ്ങളെയും അടിയറ വയ്ക്കുന്നു എന്നും നമ്മുടെ എല്ലാ കാര്യങ്ങൾക്കും കേന്ദ്രഗവണ്മെൻറിനോടു നിവേദനം നടത്തുന്നതു് ശരിയല്ലാ എന്നും ചില ആക്ഷേപങ്ങൾ ഉണ്ടായി. ഇതു് അധികാരങ്ങൾ അടിയറവയ്ക്കുകയാണെന്ന് പറയുന്നതു് ശരിയല്ല. ഉദാഹരണമായി നമ്മുടെ സംസ്ഥാനത്തു ഒരു ഡി. ഡി. ററി. ഫാക്ടറി സ്ഥാപിച്ചുകിട്ടുന്നതിനു വേണ്ടി കേന്ദ്രഗവണ്മെൻറിനോടു ഗവണ്മെൻറ് നിവേദനം നടത്തിയിട്ടുണ്ടോ എന്ന് ഇന്നു കാലത്തുണ്ടായ ഒരു ചോദ്യത്തിനു, അപ്രകാരം നിവേദനം നടത്തിയിട്ടുണ്ട്, എന്നും അതിനനുകൂലമായ ഒരു തീരുമാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു എന്നും മറുപടി പറഞ്ഞു. ഡി. ഡി. ടി. ഫാക്ടറിക്കാവശ്യമുള്ള ഉപകരണങ്ങൾ, W. H. O. (World Health Organisation)-ൽ നിന്നാണ് ലഭിക്കാനു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ള്ളതു്. അവരുമായിട്ടുള്ള കരാറുകളിൽ ഏർപ്പെടുന്നതു് ഇൻഡ്യാഗവൺമെൻറ് മാത്രമാണ്. ഇൻഡ്യാഗവൺമെൻറാണ് ഫാക്ടറികൾ സ്ഥാപിക്കേണ്ടതു്. ഒരു ഫാക്ടറി നമ്മുടെ നാട്ടിൽ സ്ഥാപിച്ചു കിട്ടണമെങ്കിൽ നാം ഇൻഡ്യാഗവൺമെൻറിനോടു നിവേദനം നടത്താതെ നിവൃത്തിയില്ല. നിവേദനങ്ങളിൽ ചിലതു സഫലമായെന്നും, ചിലതു വിഫലമായെന്നും വരാം. ഇങ്ങനെയുള്ള ഒരു നിവേദനം നടത്തുന്നതു് സംസ്ഥാനത്തിന്റെ അധികാരങ്ങൾ അടിയറവയ്ക്കുകയാണ് എന്നു പറയുന്നതു ശരിയല്ല.

ഭരണഘടന 252 (1)-ാം വകുപ്പനുസരിച്ചു് ഈ നിയമം നമ്മുടെ സംസ്ഥാനത്തേയ്ക്കും ബാധകമാക്കാം. അതിനുള്ള അധികാരം നമുക്കുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. ഇതിനെ സംബന്ധിച്ചു് ഒരു നിയമമുണ്ടാക്കാനുള്ള അവകാശം നമുക്കുണ്ടു്. നമ്മുടെ അവകാശങ്ങൾ കളയുന്നതു് തെററാണെന്നും എനിക്കറിയാം. ഈ നിയമനിർമ്മാണത്തിന്റെ ഉദ്ദേശം, സാമൂഹ്യമായ ഒന്നാണെങ്കിൽ, ഇന്നത്തെ പ്ലാനിംഗ് period-ൽ ഇൻഡ്യയൊട്ടുക്ക് ഏറെക്കുറെ ഐകരൂപ്യമുള്ള ഒരു നിയമമുണ്ടായിരിക്കുന്നതാണ് ശരി. അതുകൊണ്ടാണ് ഇൻഡ്യയിലുള്ള മററു പത്തോ പതിനൊന്നോ സംസ്ഥാനങ്ങൾ ഈ നില സ്വീകരിച്ചിട്ടുള്ളതു്. അല്ലാതെ, മാവേലിക്കര മെംബർ സൂചിപ്പിച്ചതുപോലെ, നമ്മുടെ സംസ്ഥാനം പാർട്ട് ബി. ആയതുകൊണ്ടല്ല, ഈ പ്രമേയം സ്വീകരിക്കുന്നതുകൊണ്ടു് ഏതെങ്കിലും വിധത്തിലുള്ള ഒരു ദോഷവും നമുക്കു വരുവാനില്ല. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികനിലയ്ക്കും യാതൊരു ദോഷവും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ അധികാരങ്ങൾക്കും അവകാശങ്ങൾക്കും ഹാനികരമായി യാതൊന്നും ഉണ്ടാകുന്നുമില്ല. ഇവയെ എല്ലാംപററി വല്ല ശങ്കയും ഉണ്ടെങ്കിൽ അതു് വെറും ദുഃശങ്കയാണ് എന്നാണ് എനിക്കു പറയുവാനുള്ളതു്. അങ്ങനെയൊരു ആശങ്കയുണ്ടാകേണ്ട കാര്യമില്ല. പ്ലാനിംഗ് കമ്മീഷനും, ഇൻഡ്യാഗവൺമെൻറും പഞ്ചവത്സരപദ്ധതിയിൽ ഉദ്ദേശിക്കുന്നമാതിരി, നമ്മുടെ രാജ്യത്തു് സമഗ്രമായ ഒരു ഭൂവുടമ പരിഷ്കരണം ഉണ്ടാകണമെങ്കിൽ, അഗ്രിക്കൾച്ചർ പ്രോപ്പർട്ടിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു നികുതി ചുമത്തുക വളരെ ആവശ്യമായിട്ടുള്ളതാണ്. പക്ഷെ, ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുന്നതു അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചതിനുശേഷമായിരിക്കണം. നിയമനിർമ്മാണത്തിനു മുൻപു് അതിനു വേണ്ട ഒരു സാഹചര്യം സൃഷ്ടിക്കുകയാണു വേണ്ടതു്. ഏററവും ശാന്തവും, സമാധാനപരവുമായ രീതിയിൽ മാത്രമേ സാമൂഹ്യമായ ഇത്തരം പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ പാടുള്ളു. അക്രമപ്രയോഗം കൊണ്ടോ, മററു വിധത്തിലുള്ള അധികാരം പ്രയോഗിച്ചോ ഇത്തരം നിയമനിർമ്മാണം നടത്തുന്നതു ശരിയല്ല. അതു ഡമോക്രസിക്കു യോജിച്ചതല്ല. ആചാര്യ വിനോബാ ഭാവെയുടെ ഭൂദാനപ്രസ്ഥാനം തന്നെനോക്കുക.

എസ്റ്റേററഡ്യൂട്ടി ചുമത്തുന്നതോടുകൂടി മരിക്കുന്നവരുടെ ഒരുവിഭാഗം സ്വത്തു ഗവൺമെൻറിലേക്കു ലഭിക്കുന്നതാണ്. നമ്മുടെ രാജ്യത്തു ഭൂസ്വത്തു ആരുടെയെങ്കിലും കയ്യിൽ ആവശ്യത്തിൽ കൂടുതലായിട്ടുണ്ടെങ്കിൽ, അതു

ഇങ്ങനെയൊരു നിയമംമൂലം നിയന്ത്രിക്കുന്നതിൽ സാർവ്വത്രികമായ സഹകരണം ഉണ്ടാകുമെന്നാണു വിശ്വാസം. ഒരു നിയമനിർമ്മാണം നടത്തുക വലിയ പ്രയാസം കൂടാതെ സാധിക്കുമെങ്കിലും, കേവലം ഭൂരിപക്ഷത്തിന്റെ അധികാരം ഉപയോഗിച്ചു, ഈ രാജ്യത്തെ ഒരു ന്യൂനപക്ഷത്തിനു് വിഷമം ഉണ്ടാകുന്ന നിയമം നിർമ്മിക്കുന്നതു ഡെമോക്രസിക്കു യോജിച്ചതല്ല. അതെല്ലാം ക്രമാനുഗതമായി നടപ്പിലാക്കേണ്ടതാണു്.

ഇതു സംബന്ധിച്ചുണ്ടാകുന്ന ചില വൈഷമ്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട തകഴി മെംബർ ഇവിടെ പ്രസ്താവിച്ചുകേട്ടു. ഏതുതരം നികുതിയായാലും ആരുംതന്നെ അത്ര സന്തോഷത്തോടുകൂടി സ്വീകരിക്കുകയോ, കൊടുക്കാൻ താൽപര്യം കാണിക്കുകയൊ ചെയ്യാറില്ല. പുതിയ നികുതി ചുമത്തുന്നതു് എല്ലാവർക്കും ഒരു അലോഹ്യമായിട്ടാണു തോന്നാറുള്ളതു്. എസ്റ്റേററ ഡ്യൂട്ടി സംബന്ധിച്ചും ഈ വൈഷമ്യം ഉണ്ടാകും. അതു ഓർക്കാതിരിക്കുന്നില്ല. പക്ഷെ, ഇന്നത്തെ നിലയിൽ നമ്മുടെ രാജ്യത്തു ഒരു സാമൂഹ്യപരിഷ്കാരം അനിവാര്യമായിരിക്കുന്നതിനാൽ ഈ നിയമം ഇവിടെ നടപ്പിലാക്കുന്നതിൽ തെറ്റില്ലെന്നാണു വിശ്വസിക്കേണ്ടതു്. ഇൻഡ്യ മുഴവൻ ഒരേ രീതിയിലുള്ള ഒരു നിയമം അംഗീകരിക്കുന്നതു കൂടുതൽ നന്നായിരിക്കും.

ഈ ബില്ലുമൂലം ഉണ്ടാകാവുന്ന ചില വൈഷമ്യങ്ങളെപ്പറ്റി രാമപുരംമെംബറും, തകഴിമെംബറും പറയുകയുണ്ടായി. ആ വൈഷമ്യങ്ങളെപ്പറ്റി ഈയവസരത്തിൽ വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ലെങ്കിലും, ബഹുമാനപ്പെട്ട രാമപുരം മെംബർ പറഞ്ഞ കാര്യം പരിഗണനാർഹമാണു്. അതിൽ ഞാൻ കൃതജ്ഞനാണു്. ഞാൻ തന്നെ ആദ്യം അതിനെപ്പറ്റി പറയേണ്ടതായിരുന്നു. കാർഷികാദായനികുതി പിരിക്കുന്ന കാര്യത്തിൽ ക്രമക്കേടുകൾ ഉണ്ടാകുമെന്നും, നികുതിദായകനു് ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. അത്തരം ബുദ്ധിമുട്ടുകളെപ്പറ്റി ഇവിടെ പറയേണ്ട ആവശ്യമില്ലെങ്കിലും അങ്ങനെയൊരു ആശങ്ക ഉണ്ടാകാവുന്നതാണു്. നികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നും മനഃപൂർവ്വമായ ദോഷം ഉണ്ടാകാതിരിക്കുന്നതിനു ആവശ്യമായ സംരക്ഷണവ്യവസ്ഥകൾ ബില്ലിൽ തന്നെയുണ്ടു്. 63-ാംവകുപ്പിൽ ഇതിനെപ്പറ്റി പറയുന്നുണ്ടു്. എസ്റ്റേററ ഡ്യൂട്ടി നിശ്ചയിക്കുന്നതിനു് സ്വത്തുക്കളുടെ വില തിട്ടപ്പെടുത്തുമ്പോൾ അതിന്മേൽ അഭിപ്രായവ്യത്യാസം ഉണ്ടാകുകയാണെങ്കിൽ ഒരു ആർബിട്രേറ്ററെ നിയമിക്കാവുന്നതാണു്. ഇങ്ങനെ നികുതിദായകനും, ബോർഡിനും ആർബിട്രേറ്ററെ നിശ്ചയിക്കാനുള്ള അവകാശമുണ്ടു്. എന്നാൽ സ്വത്തുക്കളുടെ വില നിശ്ചയിക്കുന്നതിൽ രണ്ടുകൂട്ടരും നിശ്ചയിക്കുന്ന ആർബിട്രേറ്റർമാർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്നപക്ഷം സെൻട്രൽ ഗവണ്മെൻറ ഒരു മദ്ധ്യസ്ഥനെ നിശ്ചയിക്കുന്നതും ആ മദ്ധ്യസ്ഥതീരുമാനം അംഗീകരിക്കപ്പെടേണ്ടതുമാകുന്നു. ഇങ്ങനെയുള്ള സംരക്ഷണവ്യവസ്ഥ 63-ാംവകുപ്പിലുള്ളപ്പോൾ ഇവിടെ ഉന്നയിച്ച പരാതികൾ പരിഹരിക്കപ്പെടുമെന്നു ന്യായമായി വിശ്വസിക്കാവുന്നതാണു്. ഇങ്ങനെയുള്ള കേസുകൾ അഥവാ ഉണ്ടായാൽതന്നെ കൈവിരലിൽ എണ്ണാവുന്നതേ ഉണ്ടാകാനിടയുള്ളു. ഒരു ലക്ഷം ഉറുപ്പിക വിലവരുന്ന സ്വത്തുക്കൾക്കു് രണ്ടുലക്ഷം ഉറുപ്പിക നിശ്ചയിക്കുക, എൺപതിനായിരം ഉറുപ്പിക വിലവരുന്ന വസ്തുക്കൾക്കു് നികുതിയുടെ പരിധിയിൽ പെടത്തക്കവണ്ണം ഒരു ലക്ഷം ഉറുപ്പിക നിശ്ചയിക്കുക. ഇങ്ങനെയുള്ള

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

വൈഷമ്യങ്ങൾ ഉണ്ടാകാതെ, ന്യായമായ നികുതി ചുമത്തുന്നതിനും, നികുതിദായകനു് നീതി ലഭിക്കുന്നതിനുമാണു് ആർബിട്രേഷനു് വിടുന്ന കാര്യംകൂടി 63-ാംവകുപ്പിൽ കൊള്ളിച്ചിരിക്കുന്നതു്. ഏതായാലും വളരെ ഉപകാരപ്രദമായ വ്യവസ്ഥകൾ ഈ വകുപ്പിൽ ഉണ്ടെന്നു എല്ലാ അംഗങ്ങളും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ വകുപ്പു ഞാൻ ഇവിടെ വായിക്കാം.

CLAUSE 63.

Where the dispute pertains to any valuation of property, the Board may, and if the appellant so requires, shall, refer the question of disputed value to the arbitration of two valuers, one of whom shall be nominated by the Board and the other by the appellant, and the costs of any such arbitration shall be borne by the Board or the appellant, as the case may be, at whose instance the matter was referred to the valuers :

Provided that where the appellant has been wholly or partially successful in any reference made at his instance, the extent to which costs should be borne by the appellant shall be at the discretion of the Board :

Provided further that if there is difference of opinion between the two valuers, the matter shall be referred to a third valuer nominated by the agreement or failing agreement, by the Central Government, and his decision on the question of valuation shall be final.

നികുതിദായകനു് ആവശ്യമായ പരിരക്ഷണം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു കാണാമല്ലോ.

ഇതുപോലെതന്നെ, 64-ാംവകുപ്പിൽ, ഇതു സംബന്ധിച്ചു തർക്കമുണ്ടെങ്കിൽ, ഹൈക്കോടതിയിൽ റഫർ ചെയ്യാനുള്ള ഒരു വകുപ്പുകൂടിയുണ്ടു്.

ഇങ്ങനെയൊരു എസ്റ്റേറ്റഡ്യൂട്ടി ബിൽ പാസാകുന്നതായി കണ്ടാൽ, ഇതു പാസാകാൻപോകുന്നുവെന്നു കണ്ടാൽ, ഈ വലയിൽനിന്നു രക്ഷപ്രാപിക്കാൻവേണ്ടി പലരും വസ്തുക്കൾ ദാനമായും, ബന്ധുക്കൾക്കു് ചാർത്തായും, തീറെഴുതിയും മററും കൊടുക്കാനിടയുണ്ടു്. 9-ാംവകുപ്പിൽ പറയുന്നതു ഇതാണു്.

CLAUSE 9.

The property taken under the disposition made by the deceased purporting to operate as immediate gift, *inter vivos*, whether by way of transfer, delivery, declaration of trust, settlement, persons in succession, or otherwise, which shall not have been *bona fide* made two years or more before the death of the deceased shall be deemed to pass on the death :

Provided that in the case of gifts made for public charitable purposes, the period shall be six months.

ഒരാൾ മരിക്കുന്നതിന് രണ്ടുകൊല്ലം മുൻപാണ് ഇങ്ങനെയൊരു ദാനം കൊടുത്തിട്ടുള്ളതെങ്കിൽ ആ ദാനം സ്വീകരിക്കുന്നയാളിന് അതിന്മേൽ സ്വാതന്ത്ര്യവും അവകാശവുമുണ്ടായിരിക്കും. ദാനമെഴുതി രണ്ടു കൊല്ലം കഴിയുന്നതിനു മുൻപാണു മരണം സംഭവിക്കുന്നതെങ്കിൽ ഡോണിക്ക് അതിന്മേൽ അവകാശമില്ലെന്ന് 9-ാംവകുപ്പിൽ പറയുന്നു.

27-ാംവകുപ്പിൽ ഇങ്ങനെ പറയുന്നു.

## Clause 27.

*Disposition in favour of relatives.* Any disposition made by the deceased in favour of a relative of his shall be treated for the purposes of Section 9 as a gift unless—

A disposition was made on the part of the deceased for full consideration in money or money's worth paid to him for his own use or benefit;

Or the deceased was concerned in fiduciary capacity imposed on him otherwise than by a disposition by him and in such a capacity only;

And reference to a gift in this Act shall be considered accordingly:

Provided that where the disposition was made on the part of the deceased for partial consideration in money or money's worth paid to him for his own use or benefit, the value of the consideration shall be allowed as a deduction from the value of the property for the purpose of estate duty.

ഞാൻ ചില വകുപ്പുകൾ എടുത്തുപറഞ്ഞുവെന്നേയുള്ളൂ. ഇതുപോലെ പല വകുപ്പുകളുമുണ്ട്. ഇങ്ങനെ സ്വേച്ഛാധികാരം നടത്താൻ സാധിക്കാത്ത വിധത്തിൽ അതേപ്പററി ഹൈക്കോടതിക്കും സുപ്രീംകോടതിക്കും സങ്കടക്കാരന്റെ അപേക്ഷയനുസരിച്ച് തീരുമാനിക്കാൻ കഴിവുള്ളതായ വകുപ്പുകളും ഈ ബില്ലിൽ ഉണ്ട്. അത് ബഹുമാനപ്പെട്ട മെംബറന്മാർക്കും കാണാൻ സാധിക്കും. ഈ നിയമംമൂലം നികുതികുറയ്ക്കാൻ സാധിക്കുമെന്നുള്ളതല്ലാതെ മററ് യാതൊരു ഉപദ്രവവും ഇല്ല. നികുതികൊടുക്കണമെന്നുള്ള തത്വം എല്ലാവരും സ്വീകരിക്കുമെന്നുള്ള സ്ഥിതിക്കു ഈ ബില്ല് യാതൊരു എതിർപ്പും കൂടാതെ പാസ്സാക്കണമെന്നു ഞാൻ വീണ്ടും അപേക്ഷിക്കുകയാണ്. ഒന്നുകൂടി ഞാൻ പറയുന്നു. എന്റെ സ്നേഹിതന്മാർ പറയുകയുണ്ടായി ഇതൊരു ബിൽ മൂലം കൊണ്ടുവരേണ്ടതാണെന്ന്, ഇതിനെ എതിർക്കാൻവേണ്ടി അത് പറഞ്ഞതല്ല, എന്നു ഞാൻ വിചാരിക്കുന്നു. ഇതേപ്പററിയെല്ലാം വളരെ ഗാഢമായി ചിന്തിച്ചതിനുശേഷം ഈ ബില്ലിന്റെ കാര്യത്തിൽ ഈ നയം തന്നെ സ്വീകരിക്കുന്നതായിരിക്കും, കൂടുതൽ ഗുണപ്രദമെന്നു കണ്ടുകൊണ്ട് ഇങ്ങനെ ഒരു നടപടി സ്വീകരിച്ചതാണ്. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കിത്തരാൻ ഞാൻ അപേക്ഷിക്കുന്നു.

11 A. M.]

**Mr. Speaker**: The question before the House is:

Whereas it is considered necessary to provide for the levy and collection of Estate Duty in respect of agricultural lands situate in the State of Travancore-Cochin,

**[Mr. Speaker]**

And whereas Parliament has passed the Estate Duty Act, 1953, providing for adoption by the States of that Act under Clause (1) of Article 252 of the Constitution of India in respect of estate duty also on agricultural lands situate in those States;

And whereas it is desirable that such duty should be regulated in the State of Travancore-Cochin by that Act;

Now, therefore, in pursuance of Clause (1) of Article 252 of the Constitution of India, this Assembly resolves that the Act aforesaid be adopted in the State of Travancore-Cochin and shall be applied to matters which fall within Entry 48 in list II (State List) of the Seventh Schedule to the Constitution of India.

The motion was put and carried.

## LEGISLATIVE BUSINESS.

### TRAVANCORE-COCHIN AGRICULTURAL INCOME TAX (AMENDMENT) BILL.

*Chief Minister* (**Shri Panampilli Govinda Menon**) : Sir, I beg to introduce the Travancore-Cochin Agricultural Income Tax (Amendment) Bill.

*Home Minister* (**Shri A. J. John**) : I second it.

**Mr. Speaker** : The bill stands introduced.

**Shri Panampilli Govinda Menon**: I move that the Travancore-Cochin Agricultural Income Tax (Amendment) Bill be taken into consideration.

**Shri A. J. John** : I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: സർ, ഈ ബില്ലിന്റെ ആവശ്യവും, അതു് ഒറിജിനൽ ബില്ലിൽ വരുത്തുന്ന വ്യത്യാസവും പറയാനുള്ള സന്ദർഭം ഇതാണു്. ഇതു് ഒരുവിധത്തിലും ഒരു പുതിയ നികുതി ചുമത്തുന്നതിനുവേണ്ടി കൊണ്ടുവരുന്ന ഒരു ബില്ലല്ല. അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് അമെൻഡ്മെൻറ് ബിൽ എന്നു കേട്ടതുകൊണ്ടു് ഇതു പുതിയ നികുതി ചുമത്താൻ വേണ്ടിയുള്ളതാണെന്നു് കരുതേണ്ട. ഇപ്പോഴം നിലവിലുള്ള ബില്ലിൽ വന്നുപോയിട്ടുള്ള ചില പിശകുകൾ തിരുത്താൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഒരു ബില്ലാണിതു്. ഇപ്പോഴുള്ള ബില്ലിലെ പിശകുകൾമൂലം ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഇതു് കൊണ്ടുവന്നിട്ടുള്ളതാണു്. അതു് ഇപ്പോൾ ഉള്ള ബില്ലിലെ മൂന്നു വകുപ്പുകൾ റെഫർ ചെയ്തുകൊണ്ടു് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. ഒന്നാമതായി 46-ാം വകുപ്പിനെപ്പററി പറയാം. 46-ാം വകുപ്പിൽ പറയുന്നതു് ഒരു ലിമിററഡ് കമ്പനി കാർഷികാദായനികുതി കൊടുക്കുകയാണെങ്കിൽ അതു് ആ കമ്പനിയുടെ ഷെയർഹോൾഡേഴ്സ് കൊടുത്തതായി കണക്കാക്കുമെന്നാണു്.

"Incometax on Company's dividend deemed to have been paid by shareholders."

അതാണ് ആ വകുപ്പിന്റെ തലക്കെട്ട്. അപ്പോൾ 46-ാം വകുപ്പു പ്രകാരം ഒരു കമ്പനി കാർഷികാദായനികുതി കൊടുക്കുന്ന സ്ഥാപനമാണെങ്കിൽ, ആ കമ്പനി ഇൻകംടാക്സ് കൊടുക്കുകയാണെങ്കിൽ, ആ കമ്പനിയുടെ ഷെയർ ഹോൾഡേഴ്സ് ഇൻകംടാക്സ് കൊടുത്തതായി കണക്കാക്കുമെന്നാണ്.

44-ാം വകുപ്പിൽ പറയുന്നതു് ഏതെങ്കിലും ഒരു വ്യക്തി ആദായ നികുതി കൊടുത്തതിനു ശേഷം കമ്പനിയിൽനിന്നും ലഭിക്കുന്ന ഡിവിഡൻറിനു ആദായനികുതി കൊടുക്കേണ്ട ചുമതല ഇല്ല എന്നാണ്. അങ്ങനെ കൊടുക്കേണ്ട ചുമതല ഇല്ല എന്നു വരികയാണെങ്കിൽ അയാൾക്കു് റീഫണ്ട് കിട്ടാൻ അവകാശമുണ്ടെന്നാണ് (അതായതു് 10-ാം വകുപ്പ് ബി-യിൽ പറയുന്നതു്)

> "Any dividend which he received as a shareholder out of the agricultural income of a Company which has certified that it has paid or will pay the tax under this Act in respect of the agricultural income of such Company;"

അപ്പോൾ കമ്പനികളെ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ചുമത്തിയിട്ടുണ്ടെങ്കിൽ അവയുടെ ഡിവിഡൻറിനെ ആദായനികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു എന്നാണ്. അപ്പോൾ ഒരു വ്യക്തിയിൽനിന്നു ഡിവിഡൻറിന്മേലുള്ള ആദായം ഒഴിവാക്കിയിരിക്കുകയാണ്. ഈ മൂന്നു പ്രൊവിഷൻകൊണ്ടു് ഒരു കമ്പനിയുടെ കൃഷിവസ്തുക്കളി ആദായ നികുതി ചുമത്തുകയാണെങ്കിൽ ആ കമ്പനി കാർഷികാദായനികുതി കൊടുക്കണം. അങ്ങനെ കൊടുത്താൽ അതു് ഷെയർ ഹോൾഡേഴ്സ് കൊടുത്തതായി കണക്കാക്കും എന്ന ഫലമാണ് ഇതിൽ നിന്നും ഉത്ഭവിക്കുന്നതു്. ഇങ്ങനെ ഒരു ഫലം ഉണ്ടാകുമെന്നു ഈ ബില്ല് ആദ്യമായി ഉണ്ടാക്കിയപ്പോൾ ഉദ്ദേശിച്ചില്ല. ഇതു് പിശകുകൊണ്ടു് പററിപ്പോയതാണ്. ആ പിശകു തിരുത്തുന്നതിനുവേണ്ടിയാണ് ഈ അമെൻഡ്മെൻറ്ബിൽ കൊണ്ടുവന്നിട്ടുള്ളതു്. ഇതുമൂലം ആദായനികുതി കൂട്ടികൊടുക്കണമെന്നു വരുന്നില്ല. ഇന്നു നികുതി കൊടുക്കാത്തവർ കൊടുക്കുകയുംവേണം, ഇന്നു കൊടുക്കുന്നവർ കൂടുതൽ കൊടുക്കേണ്ടിവരുന്നതുമില്ല. ഈ ഭേദഗതി ബില്ലുകൊണ്ടു് ഉദ്ദേശിക്കുന്നതു് ഇന്നു മടക്കികൊടുക്കണമെന്നു നിബന്ധം ഇല്ലാതാക്കണമെന്നുള്ളതാണ്. എന്നാൽ, ഇതിനു പൂർവ്വകാല പ്രാബല്യമുണ്ട്. ഈ ബില്ല് 1951 മുതല്ലോ മറേറാ ഇവിടെ കൊണ്ടുവന്നു. എന്നാൽ, ഈ നിയമത്തിന്റെ പിശകു മനസ്സിലായിത്തുടങ്ങിയ ഉടനെ അനേകം ആളുകൾ നികുതി കൊടുക്കാതെ അവർ ഷെയർഹോൾഡേഴ്സ് ആണെന്നുള്ള നിലയിൽ റീഫണ്ടിനുവേണ്ടി അപേക്ഷകൾ അയച്ചിട്ടുണ്ട്. ആ റീഫണ്ടുകൾ ഇങ്ങനെയുള്ള ഒരു നിയമനിർമ്മാണം കൊണ്ടു വരാം എന്നു് ഉദ്ദേശിച്ചു് ഇതുവരെ നൽകിയിട്ടില്ല. അങ്ങനെ റീഫണ്ട് കൊടുക്കാനുള്ള ചില ലൂപ്പ്ഹോൾസ് പഴയ ബില്ലിൽ ഉണ്ടായിരുന്നതു് ഇല്ലാതാക്കത്തക്കവിധത്തിൽ ഇതിനു പൂർവ്വകാലപ്രാബല്യം വേണമെന്നു വിചാരിച്ചു. ഇതാണ് ഈ ബില്ലിന്റെ ചുരുക്കം. അതു് ഈ സഭ സ്വീകരിക്കണമെന്നും ഇതു പാസ്സാക്കിത്തരണമെന്നും ഞാൻ അപേക്ഷിക്കുന്നു.

**Sbri A. A. D. Luiz :** Supposing the Company distributes a certain amount to share-holders after paying tax. Has the share-holder to pay again ?

**Shri Panampilli Govinda Menon :** No, he need not pay under the present Act. He can get some money without paying it.

**Shri O. R. Chummar :** I support the motion. The main object of this Bill is to delete from the existing Agricultural Income Tax Act all the provisions relating to dividends. The Hon. Chief Minister has stated that it is only to rectify a mistake. There is no doubt that there is a mistake, but I do not feel quite sure that the Bill, as now presented, can be passed without committing another mistake or effecting a major change of policy. For a proper appreciation of this proposition it is necessary to bear in mind the basic scheme underlying the taxation of Joint Stock Companies.

Under the Constitution the State has power to levy income tax only on agricultural income and the Supreme Court has held that when a Company gets agricultural income and distributes it amongst its shareholders the Company's income will change its character and will become non-agricultural income in the hands of the share-holders. The result is that this State has no power to tax the dividends in the hands of the shareholders. So the exemption in the existing Act in respect of dividends paid out of agricultural income is quite consistent with the Constitution and the ruling of the Supreme Court. But there is another provision which is contrary to the Constitution, and that is the definition of "total income." It says that dividends received out of agricultural income shall be included in the total income of the share-holders. That is a violation of the Constitution and has certainly to be modified. But the deletion of the other provisions, particularly the provisions relating to refunds, I am afraid, will go counter to the basic scheme underlying the taxation of Joint Stock Companies. It will be noted that all the ordinary tax payers are taxed at a graduated scale. But the Joint Stock Companies are assessed to income tax at a flat rate and that at the maximum rate. I lay particular stress on the fact that the rate is the maximum rate. That is so not only in our Agricultural Incom-tax Act but also in the Indian Income-tax Act, the Income-tax Acts of the United Kingdom and the Dominions and even in the repealed Income-tax Acts of our State. In all these Acts the Companies are taxed at the maximum rate. Along with the adoption of that rate there is also the provision for a refund. That provision for refund is not a mistake that has crept into our Act. That is a provision which is found in all the Income-tax Acts. It will be noted, in this connection, that super-tax on Companies is levied at a lower rate and not at the maximum rate and there is no provision for any refund of super-tax. The Government can thus retain all the amount collected by way of super-tax from Companies, but the amount the Government is entitled to retain out of income-tax is made to depend on the total income of the share-holder. That provision is inserted for the relief of the poor share-holders. The need for relief arises in this way. Suppose a share-holder's income is only 100 or 200 rupees. In that case it is unfair that he should be subjected to a levy of 6 As. in the rupee. Our

income-tax on Companies is 4 As. and super-tax 2 As. and the effect of this tax on Companies is that a poor share-holder who may have invested all that he had and who may be getting only Rs. 100 or Rs. 200 a year will have to suffer a loss of 6 As. in the rupee. Though he does not pay it, it is paid out of the income that has to be paid to him by the Company. He, therefore, loses that amount. The refund scheme is introduced to mitigate hardships of this kind and according to that scheme a share holder whose income is below the assessable minimum will get a refund of the entire tax paid by the company in respect of the dividend paid to him. If the share-holder's income is more than the assessable minimum, then he will get a refund of an amount equal to the difference between the tax paid by the company and the tax that would have been payable if the share holder was subjected to direct taxation. On the other hand, if the share-holder's income is very large, say Rs. 20,000 or Rs. 25,000, he will not get any refund and may have even to pay supertax. That is the scheme underlying all the Income-tax Acts and I believe that is the scheme, that is contemplated in our Act also, though by inadvertance certain mistakes have crept in. That is a provision that is necessary for the protection of the poor shareholders. The mistake will have to be corrected. But deleting the provision wholesale, would not be fair and just to the poor shareholders. In my view it is not only unfair but also against the accepted policy of all the States. If we deny the refund right totally, probably we will have the honour of being the only State that has denied this relief to the poor shareholders. I think that is a matter which requires serious consideration.

In this connection I would also like to place for the consideration of the Government the question of amending the Constitution regarding Agricultural Income-tax. As I have pointed out, the State has power to levy incometax only on agricultural income, and by the Supreme Court decision the dividend paid by a company out of agricultural income is to be treated as non-agricultural income. If half-a-dozen people form a partnership firm, purchase an estate, earn income and divide it among themselves, then what each partner gets will be agricultural income and the State can impose a tax on the share of each partner. But if the same half-a-dozen people form a company, acquire an estate, earn income and divide it among themselves, the share of each shareholder would be non-agricultural income. The Supreme Court decision is founded entirely on the legal conception that a joint stock company, under the Companies Act, is a juristic person. That is a fiction created by law and if that fiction is taken away, the shareholder's income also would be agricultural income on which the State can impose supertax. By the existing definition of agricultural income the State loses the right to levy supertax on dividends. That I am sure is a serious loss of revenue to the State. Though by this legal fiction, this dividend loses the character of agricultural income, as an economic conception, I feel no doubt, that the dividend received by the shareholder is agricultural income

[Shri O. R. Chummar]

Even the Indian Parliament has recognised that in a way. In the Indian Income-tax Act, there is a provision that when the dividend received from agricultural income is subjected to tax under the Indian Income-tax Act, the shareholder is entitled to get relief for the agricultural incometax paid by the company in respect of the dividend paid to the shareholder. It is the legal fiction created by the Company Law that has deprived us of this right to tax dividends. I think there is a fair case for the State to take up the question of amending the Constitution in order to include within the definition of 'Agricultural income' dividend distributed out of it.

There is another amendment, and that is about the formation of associations for the purpose of evading agricultural income-tax. A provision like that, is found in the Travancore Agricultural Income-tax Act. So far as I remember, there is no such provision in any other Income-tax Act. The Indian Income-tax Act contains very rigid provisions to prevent evasion of tax. But even the Indian Parliament has not thought of introducing a provision of this kind. However, I am not opposing this. I may even go to the extent of saying that it is necessary to have something of that kind. But we can make that provision much simpler, more effective and I should even say, more just. In the existing Act itself, there is a provision to prevent the evasion of tax by the formation of firms. That provision is that if the Income-tax Officer finds, on a mere arithmetical calculation that the tax the State would get by assessing the partners direct will be more than the tax that the Government will get by taxing the firm as a unit, then the officer is given the right to leave off the firm and tax the partners direct. No enquiry is necessary regarding the motive for the formation of the partnership. The bonafides of the partners are not questioned and the officer is authorised to make an assessment on the firm, or the partners according to the result of a mere arithmetical calculation. If the officer has power to tax the members of an association only if he is satisfied that the formation of the association was not bona fide and was not intended for the purpose of avoiding tax, then the officer will have to embark on an enquiry into the bonafides of the association. It would create unnecessary complications and annoyance. If the provision that is already in the Act regarding firms is adopted in respect of associations also the matter would become very simple. Government will get more revenue and the poor shareholders whose income is small will get a reduction in the tax liability. Even the rich members will benefit in so far as they can avoid a vexatious enquiry into the bonafides of the association. I would, therefore, suggest that a provision like the one regarding the firms might be adopted in the case of associations also.

With these remarks I support the motion.

ശ്രീ. കെ. മഞ്ജുനാഥറാവു: സർ, 56-ാം വകുപ്പനുസരിച്ചു് റിഫണ്ടു കൊടുക്കുമ്പോൾ അഗ്രിക്കൾച്ചറൽ ഡിവിഡന്റിനെ സംബന്ധിച്ചുള്ള ടാക്സ് കിട്ടുന്നില്ലെന്നാണു് എന്റെ ബഹുമാന്യ സ്നേഹിതൻ പറഞ്ഞതു്. ഇതിന്റെ Objects and Reasons-ൽത്തന്നെ "It has been laid down by authorities in incometax that dividend from an Agricultural Company is not agricultural income in the hands of the shareholder and that it is no therefore liable to be assessed to agricultural income tax.' എന്നു പറയുന്നുണ്ടു്. അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റെ പരിധിയിൽ ഡിവിഡന്റ് പെടുന്നില്ല എന്നു പല അതോറിററികളും തീരുമാനിച്ചിട്ടുണ്ടെന്നു പറയുന്നു. അങ്ങനെ തീരുമാനിച്ച സ്ഥിതിക്കു് അഗ്രിക്കൾച്ചറൽ ഇൻകംടാക്സിനെപ്പററിമാത്രം നിയമം ഉണ്ടാക്കാൻ അധികാരമുള്ള നമുക്കു് ഡിവിഡന്റിനെപ്പററി നിയമം ഉണ്ടാക്കുവാൻ സാധിക്കുമോ യെന്നു സംശയമാണു്. മാത്രമല്ല, "Payment by a company for agricultural incometax cannot be regarded as payment of agricultural incometax on behalf of the shareholder എന്നും പറയുന്നു. ഇപ്പോൾ ഉള്ള നിയമം അതാണു്. അതു് മാററുന്നപക്ഷം ടാക്സ് കൂട്ടണമെന്നു വന്നാൽ സാദ്ധ്യമാകാതെവരും. 21-ാം വകുപ്പു് അസോസിയേഷനെ സംബന്ധിച്ചുള്ളതാണു്. അസോസിയേഷനുകൾ ടാക്സ് കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടാനുള്ള കാരണം ശരിയായി കണക്കു വയ്ക്കുന്നു എന്നുള്ളതാണു്. സാധാരണ വ്യക്തികൾ ശരിയായി കണക്കു് സൂക്ഷിക്കാറില്ല. പത്തുപേർ ചേർന്നു് ഒരു കമ്പനി നടത്തിയാൽ അവർ ശരിയായി കണക്കു് സൂക്ഷിക്കുകയും ശരിയായ ആദായം കാണിക്കുകയും ചെയ്യും. ഇങ്ങനെയുള്ള വിഷമങ്ങൾ ഉള്ളതുകൊണ്ടു് മുഖ്യമന്ത്രി ഇതു് ഒരു സെലക്ററുകമ്മിററിക്കയച്ചു്, അവർ ഇതിനെപ്പററി ശരിയായി ഗ്രഹിച്ചു് അഭിപ്രായം രേഖപ്പെടുത്തുന്നതു് നന്നായിരിക്കും.

**Shri A. A. D. Luiz:** I do not quite agree with the remarks made by hon. member Shri Chummar. The object of this bill is not to delete all provisions relating to dividend but it is directed to avoid all refunds of tax, specially to share holders of companies. I am afraid it is not a mere rectification of a mistake. Well, whatever be our attempt, we should always bear in mind that the State can only tax agricultural income and the recent ruling of the Supreme Court that the agricultural income distributed by a Company and in the hands of the share holders of that Company comes under the category of non-agricultural income. This House should bear in mind that the dividend received by a shareholder from an agricultural Company after the Company has paid tax is again added on to the income of the share holder and taxed again by the centrally administered income-tax authorities. This is unfair especially to those in the higher income grades. Let us not venture to bring in laws that do not exist in any other part of the world.

However, I do concede that if the responsibility to pay tax on agricultural income is shifted from the Company to the share holders of that Company, I am afraid that the Government will have no revenue whatsoever from that company. It will be

[Shri A. A. D. Luiz]

quite an ordinary phenomenon that the share holder's income even after including the income derived from the Company by dividend is below the taxable limit. Reliable source of revenue can only be maintained if the taxing is confined to the Company. However, to eliminate completely the possibility of a refund to share holders would be contrary to equity and justice and perhaps even contrary to conventions in other parts of India. Certain restrictions on refund may be created by law but a total denial of refund to the lower income groups—if that be the suggestion of Shri Chummar—involves great danger.

**Shri O. R. Chummar**: I am afraid he has misunderstood my remarks.

**Shri A. A. D. Luiz**: Apart from this, I would like to mention that the Act as in vogue permits officers to tax parties when it suits them ignoring the partnership in existence. Such a loophole should not exist in the Act. Let collection of tax be with fairness and by virtue of rigid provisions. I think we can tide over the legal fiction that encircles the word "Company".

It is the duty of the officers entrusted with the collection of tax to enlighten and assist the tax payer specially in a country like ours where we still have to develop tax-mindedness. Attached to the return form distributed by the Central Income-Tax Authorities, you have instructions. I personally think that these institutions are very valuable and of considerable assistance. Why not have such assistance given to the tax-payer of this State who comes within the purview of agricultural tax? I would also suggest that the presumptions against an assessor who has delayed or who has not presented accounts in a very modern form be mellow. Better results can be had with kindness.

Sir, the Agricultural Income-Tax Amending Bill now before the House involves very many serious and important issues and as such, I would request that the entire bill be referred to a Select Committee thereby giving everybody more time to think over issues in detail. I request the Chief Minister to accept my suggestion.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, കാർഷികാദായനികുതിനിയമം, അതിന്റെ പ്രായോഗികതയിൽ വളരെ വിഷമങ്ങൾ ഉള്ള ഒരു നിയമമാണ്. അതായത്, വളരെ സാങ്കേതികവശങ്ങളുള്ള ഒരു നിയമമാണിതു്. അതുകൊണ്ട് ഗവണ്മെന്റ് കൊണ്ടുവന്ന ഭേദഗതിയിൽ എറണാകുളം മെമ്പർ സൂചിപ്പിച്ചതുപോലെയുള്ള വിഷമങ്ങൾ ഇല്ലായെന്ന് ധൈര്യമായിട്ട് ഞാൻ പറയുന്നില്ല. അതുകൊണ്ട് ഈ ബിൽ കൂടുതൽ പരിശോധനയ്ക്കു വിധേയമാക്കുന്നതിനു സമ്മതമാണ്. ഇതു് ഒരു സെലക്റ്റ് കമ്മിററിക്ക് റഫർ ചെയ്ത് ഇതിൽ ഇനിയും വല്ല കുഴപ്പങ്ങളും മററും ഉണ്ടോയെന്ന് പരിശോധിക്കുന്നതു് നന്നായിരിക്കും. അങ്ങനെ ചെയ്യുന്നതിനുമുമ്പ് ബഹുമാനപ്പെട്ട കോതമംഗലം മെമ്പറും, എറണാകുളം മെമ്പറും ഇവിടെ ഉന്നയിച്ച ഒരു

സംശയത്തെപ്പററി പറയാമെന്നു വിചാരിക്കുന്നു. സർ, ഒരു കമ്പനിയുടെ കാർഷികാദായം ആ കമ്പനിയുടെ കാർഷിക വസ്തുക്കളിൽ നിന്നും കിട്ടുന്ന കാർഷികാദായം അല്ലെന്നു് സുപ്രീംകോടതി പറഞ്ഞിട്ടില്ല.

**Shri. O. R. Chummar:** But the Supreme Court has held that income in the hands of the Agricultural company is agricultural income, but when it passes from the Company into the hands of the shareholders in the shape of dividend, it is not agricultural income.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അപ്പോൾ ഒരു കമ്പനി അതിന്റെ വകയായ കാർഷിക വസ്തുക്കളിൽ നിന്നും സമ്പാദിക്കുന്ന ആദായം കാർഷികാദായമാണെന്നാണു് പറഞ്ഞിരിക്കുന്നതു്. അങ്ങനെ വരുമ്പോൾ അത്തരത്തിലുള്ള ഒരു കമ്പനിയുടെ പേരിൽ കാർഷികാദായ നികുതി ചുമത്താൻ ഒരു സ്റ്റേററിനു് അധികാരമുണ്ടെന്നാണു് എനിക്കു് തോന്നുന്നതു്. സുപ്രീംകോടതി പറഞ്ഞിട്ടുള്ളതും, ബാംബെ ഹൈക്കോടതി മറെറാരു കേസ്സിൽ പറഞ്ഞിട്ടുള്ളതും ഡിവിഡൻറു് കാർഷികാദായ നികുതി അല്ലെന്നാണു്. അങ്ങനെ സുപ്രീംകോടതിയും, മററു കോടതിയും ഒരേ അഭിപ്രായം പറഞ്ഞിട്ടുള്ളതുകൊണ്ടു് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിക്കു് എന്തെങ്കിലുംവിധത്തിലുള്ള ന്യൂനതകളുണ്ടോയെന്നു് പരിശോധിക്കേണ്ടതാണു്. ഭേദഗതിയിൽ പറയുന്നതു് ഒരു കമ്പനിയിൽ നിന്നും ആദായനികുതി ഡിപ്പാർട്ടുമെൻറു് വാങ്ങിക്കുന്നുവെന്നാണു്. അതു കഴിഞ്ഞിട്ടു് ആ കമ്പനിയുടെ ഓഹരിക്കാരൻ പറയുന്നു, തനിക്കു് റീഫണ്ടു തരണമെന്നു്. എന്നാൽ, സുപ്രീംകോടതിയും, ബാംബെ കോടതിയും റീഫണ്ടു് ഇനത്തിനു് അനുകൂലമായല്ല നില്ക്കുന്നതു്. ആ ഭാഗത്തെപ്പററി കൂടുതലായി, അതായതു്, സാങ്കേതികമായ വശങ്ങളെപ്പററി കൂടുതൽ വാദപ്രതിവാദം ചെയ്യണമെന്നു് ഞാനുദ്ദേശിക്കുന്നില്ല. എറണാകുളം മെംബറും മററും ബില്ലിലെ പ്രായോഗിക വൈഷമ്യങ്ങളെപ്പററി എടുത്തു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഈ ബിൽ ഒരു സെലക്ററു് കമ്മിററിക്കു് അയക്കേണ്ടതാണെന്നു് ബഹുമാനപ്പെട്ട ഹോം മിനിസ്റ്ററോടു് ഞാൻ അപേക്ഷിക്കുന്നു.

**Shri A. J. John:** Sir, I move that the Bill be referred to a Select Committee consisting of:

Shri K. T. Thomas,
,, T. P. Sitaraman,
,, D. Anantharaman,
,, O. R. Chummar,
,, K. Narayana Kurup,
,, N. Raghava Kurup,
,, P. Ravindran,
,, Prakkulam Bhasi, and

the Mover; the quorum being four; and the Select Committee to report in ten days.

**Shri Panampilli Govinda Menon:** I second the motion.

**Mr. Speaker**: The question is that the Travancore-Cochin Agricultural Income-tax (Amendment) Bill, 1955 be referred to a Select Committee consisting of:

Shri K. T. Thomas,
,, T. P. Sitaraman,
,, D. Anantharaman,
,, O. R. Chummar,
,, K. Narayana Kurup,
,, N. Raghava Kurup,
,, P. Ravindran,
,, Prakkulam Bhasi, and
the Mover; the quorum being four. The report is to be submitted in ten days.

The motion was put and carried.

## THE TRAVANCORE-COCHIN REQUISITIONING AND ACQUISITION OF PROPERTY BILL, 1955.

*Home Minister* **(Shri A. J. John)**: Sir, I beg to introduce the Travancore-Cochin Requisitioning and Acquisition of Property Bill, 1955.

*Chief Minister* **(Shri Panampilli Govinda Menon)**: I second it.

**Mr. Speaker**: The Bill stands introduced.

**Shri A. J. John**: Sir, I beg to move that the Bill may be referred to a Select Committee.

സർ, തിരുവിതാംകൂർ-കൊച്ചിയിൽ 'പബ്ലിക്ക സേഫ്റ്റി മെഷേഴ്സ് ആക്റ്റ്' എന്നൊരു ആക്റ്റ് നിലവിലുണ്ടായിരുന്നു. 1952-ൽ ഉണ്ടായ ഹൈക്കോടതിയുടെ ഒരു വിധിയനുസരിച്ച് ആ ആക്റ്റിലെ 4, 5, 6, 14, 15 എന്നീ വകുപ്പുകൾ അസാധുവായിത്തീർന്നു. അതിനാൽ ഒരു പുതിയ നിയമം പാസ്സാക്കേണ്ട ആവശ്യം നേരിട്ടതുകൊണ്ടാണു ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. പഴയ പബ്ലിക്ക സേഫ്റ്റി മെഷേഴ്സ് ആക്റ്റനുസരിച്ച് റിക്വിസിഷൻചെയ്ത വസ്തുക്കൾ ഇപ്പോഴും ഉണ്ട്. ആ സ്ഥിതിക്കു ഒരു പുതിയ ബിൽ പാസാക്കിയില്ലെങ്കിൽ പല കുഴപ്പങ്ങളും ഉണ്ടാകും. ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാനപ്പെട്ട വ്യവസ്ഥകൾ ഈ ബിൽ പാസാകുന്ന തീയതി മുതൽ 6 കൊല്ലത്തേയ്ക്കു ഈ ബില്ലിലെ വ്യവസ്ഥകൾ ഊർജ്ജിതത്തിൽ ഇരിക്കും എന്നുള്ളതാണ്. ഈ ബിൽ അനുസരിച്ച് ഗവണ്മെന്റിന്റെ ആവശ്യത്തിലേക്ക്, അതായതു, പൊതു ആവശ്യത്തിലേക്കുവേണ്ടി ഏതെങ്കിലും സ്ഥാവരവസ്തുക്കളൊ ജംഗമവസ്തുക്കളൊ റിക്വിസിഷൻ ചെയ്യേണ്ട ആവശ്യം നേരിടുമ്പോൾ വസ്തുവിന്റെ കൈവശക്കാരനു നോട്ടീസുകൊടുക്കണമെന്നും അതിന്മേൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ 15 ദിവസത്തിനകം അയാൾ ഗവണ്മെന്റിനെ അറിയിക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ റിക്വി

സിഷനെ സംബന്ധിച്ചിടത്തോളം ചില വസ്തുക്കളെ ഒഴിവാക്കണമെന്നും വ്യവസ്ഥയുണ്ട്. അതായത്, ആളുകൾ താമസിക്കുന്ന വീടുകൾ, പള്ളിക്കൂടങ്ങൾ, അനാഥശാലകൾ, പൊതുജനങ്ങളുടെ ആരാധനസ്ഥലങ്ങൾ ഇവ റിക്വിസിഷൻ ചെയ്യാൻ പാടില്ലെന്നും പറഞ്ഞിട്ടുണ്ട്. മാത്രമല്ല, സ്ഥലം എടുക്കുന്നതിനു നോട്ടീസ്സയയ്ക്കുന്ന തീയതിക്കു രണ്ടുമാസത്തിനു മുൻപുമുതൽ ഒരാൾ ഒരു വീട്ടിൽ താമസിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അയാൾക്ക് ആൾട്ടർനേററീവ് അക്കാമെഡേഷൻ കൊടുക്കുന്നതുമായിരിക്കും. വസ്തു എടുത്തശേഷവും റിക്വിസിഷൻചെയ്തശേഷവും വസ്തു ഉപയോഗമില്ലാതെവന്നാൽ ഏതു നിലയിൽ വസ്തു എടുത്തോ ആ നിലയിൽ തിരിച്ചു കൊടുക്കുന്നതായിരിക്കും. എന്നാൽ സ്ഥാവരവസ്തുവോ ജംഗമവസ്തുവോ ഗവണ്മെൻറ കൈവശപ്പെടുത്തിയശേഷം ആ വസ്തുവിൽ സാരമായ തുക ചെലവാക്കി ഏതെങ്കിലും പുതിയ ഭേദഗതികളോ മററോ ചെയ്യുകയാണെങ്കിൽ, ആ വസ്തുവിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു ആവശ്യമുണ്ടെന്നുതോന്നുന്നതായാൽ അക്വയർചെയ്യാനും വ്യവസ്ഥയുണ്ട്. റിക്വിസിഷൻ ചെയ്യുകയാണെങ്കിൽ, സ്ഥാവരവസ്തുക്കളെ സംബന്ധിച്ചിടത്തോളം അതിനു എന്തു പാട്ടം കിട്ടുമോ ആ പാട്ടം കൊടുക്കണമെന്നും അല്ലാത്ത പക്ഷം വിലകൊടുത്ത് എടുക്കണമെന്നാണെങ്കിൽ, ഗവണ്മെൻറും കക്ഷിയുമായിട്ടുള്ള ഒരു എഗ്രിമെൻറുപ്രകാരം വിലയ്ക്ക് എടുക്കുകയും അതിൽ വല്ല തക്കങ്ങളോ മററോ ഉണ്ടായാൽ അതിലേയ്ക്കു ഒരു ആർബിട്രേററെ നിയമിച്ച് വേണ്ടതു ചെയ്യുന്നതിനും ബില്ലിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട്, ഈ ബിൽ ഒരു സെലക്ററുകമ്മിററിക്ക് അയച്ച് റിപ്പോർട്ടുവരുത്തി പാസ്സാക്കണമെന്ന് അപേക്ഷിക്കുന്നു.

താഴെപ്പറയുന്ന അംഗങ്ങളുടങ്ങിയ ഒരു സെലക്ററുകമ്മിററിക്ക് ഈ ബിൽ അയയ്ക്കണമെന്നു ഞാൻ ശുപാർശചെയ്യുന്നു.

ശ്രീ. കെ. എം. ജാർജ്ജ്.
,, പി. ആർ. കൃഷ്ണൻ.
,, ആർ. പൊന്നപ്പനാടാർ.
,, പി. എം. മാർക്കോസ്.
,, തലേക്കര കെ. കൃഷ്ണൻ.
,, ആർ. ശങ്കരനാരായണൻ തമ്പി.
,, ടി. കെ. ദിവാകരൻ.
,, എൻ. ചന്ദ്രശേഖരൻ നായർ.
വകുപ്പുമന്ത്രി.

ഇതിൻെറ കോറം 4 ആയിരിക്കുന്നതാണ്. സാധാരണഗതിയിൽ റിപ്പോർട്ടുചെയ്യേണ്ടതുമാണ്.

**Shri Panampilli Govinda Menon :** I second the motion.

**Mr. Speaker.** The question is that the Travancore-Cochin Requisitioning and Acquisition of Property Bill, 1955 be referred to a Select Committee consisting of :

Shri K. M. George,
,, P. R. Krishnan,
,, R. Ponnappa Nadar,
,, P. M. Markose,

Shri Thalekkara K. Krishnan,
,, R. Sankaranarayanan Tampi,
,, T. K. Divakaran,
,, N. Chandrasekharan Nair, and
the Minister in charge;

the quorum being four and the report to be submitted in due course.

The motion was put and carried.

## THE SPECIAL RIGHTS IN LANDS ABOLITION BILL.—(*Contd.*)

**Mr. Speaker**: The house will now resume discussion on the Special Rights in Lands Abolition Bill. Mr. R. Balakrishna Pillai.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ ബിൽ സെലക്ട് കമ്മിററിക്ക് അയയ്ക്കുന്നതിനുമുൻപ് എനിക്കു ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. കഴിഞ്ഞ സെഷനിൽ ഈ ബില്ലിനെപ്പററിയുള്ള ചർച്ച ആരംഭിച്ച അവസരത്തിൽ ഈ ബില്ലിനെ സംബന്ധിച്ചു സാരമായ ചില വ്യതിയാനങ്ങൾ വരുത്തേണ്ടതാണെന്നും, ആയതിലേയ്ക്കു സെലക്ട് കമ്മിററിയുടെ ഗാഢമായ ശ്രദ്ധയിൽ ഞാൻ ഉന്നയിച്ച ഭേദഗതികൾ പെടുത്തേണ്ടതാണെന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. സർ, ഈ ബിൽ അനുസരിച്ചു ശ്രീപാദം കൊട്ടാരം, ശ്രീപത്മനാഭക്ഷേത്രം, പൂഞ്ഞാർ, വഞ്ഞിപ്പുഴ, ഇടപ്പള്ളി മുതലായ ഇടവകകൾ, ഈ വക വസ്തുക്കളടങ്ങിയ ഏകദേശം 1,67,000 ഏക്കർ ഭൂമിക്കു നഷ്ടപരിഹാരം നിശ്ചയിക്കുകയും അതു് പാട്ടത്തിന്റെ $16\frac{2}{3}$ ഇരട്ടിയെന്നു് ക്ലിപ്തപ്പെടുത്തുകയും ചെയ്തിരുന്നു. വളരെയധികം സ്വത്തുള്ള മേല്പറഞ്ഞ സ്ഥാപനങ്ങളുടെ പ്രത്യേക കൈവശാവകാശം നിറുത്തലാക്കണമെന്നുള്ള വാദം നാട്ടിലൊട്ടാകയും അതുപോലെതന്നെ ഭരണകക്ഷിയിലും ഉള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു നിയമനിർമ്മാണം ഈ രാജ്യത്തു് ഉടലെടുത്തതു്. സാമൂഹ്യനീതിയെപ്പററി വളരെയധികം പ്രസംഗിക്കുകയും ഉച്ചപ്പാടുണ്ടാക്കുകയും ചെയ്യുന്ന ഭരണകക്ഷികൾ സാമൂഹ്യനീതിയുടെ പേരിൽ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എന്തു നിലപാടാണു കൈക്കൊള്ളാൻ പോകുന്നതെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഒരാണ്ടിൽ ആറുലക്ഷം രൂപവരെ നിത്യനിദാനച്ചെലവിനു വേണ്ടി ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലേയ്ക്കു് കൊടുക്കുന്നതുകൂടാതെ ഇനിയും ഒരു വമ്പിച്ച തുകകൂടി നഷ്ടപരിഹാരം ഇനത്തിൽ കൊടുക്കേണ്ടിവരുന്നതു് വളരെ കഷ്ടമാണ്.

ശ്രീപാദം, ശ്രീപത്മനാഭസ്വാമിക്ഷേത്രം ഇവയുടെ അധീനതയിലുള്ള ഭൂമിക്കു് ഒരു ഏക്കറിനു് 75 രൂപ വീതം വളരെക്കൊല്ലങ്ങളായി പിരിച്ചതിനുശേഷം വലിയ ജന്മികളായ ഈ സ്ഥാപനങ്ങൾക്കു് ഇതിൽ പറഞ്ഞിരിക്കുന്നമാതിരി $16\frac{2}{3}$ ഇരട്ടി നഷ്ടപരിഹാരം കൊടുക്കുന്നതു് ഒരു ശരിയായ നടപടിയല്ല. അതുപോലെതന്നെ ഒരു പറനിലത്തിനു എട്ടും പത്തും പറ നെല്ലു ഈടാക്കിക്കൊണ്ടിരുന്ന ചിറയിൻകീഴ് താലൂക്കിലുള്ള പതിനഞ്ചായിരം ഏക്കറോളം ഉള്ള ശ്രീപാദംവക നിലങ്ങളും പുരയിട

ങ്ങളും കൃഷിചെയ്തുകൊണ്ടിരുന്ന കർഷകന്മാരെ അരിച്ചു പിഴിഞ്ഞു കരമായും പാട്ടമായും മററും വളരെ തുക ഈടാക്കിയതിനുശേഷം ഇങ്ങനെയുള്ള അനീതി അവസാനിപ്പിക്കണമെന്നു നിയമം കൊണ്ടുവരുമ്പോൾ ഇത്ര ഇരട്ടി നഷ്ടപരിഹാരം ഉൾക്കൊള്ളുന്ന വ്യവസ്ഥ നിശ്ചയിക്കുന്നതു തീർച്ചയായും കർഷകർക്കു ഉപദ്രവകരമാണു്. ഇങ്ങനെ പാട്ടമായും കരമായും ധാരാളം തുകകൾ കൊടുത്തു കൊടുത്തു് കടബാദ്ധ്യതയിലും കഷ്ടപ്പാടിലും ആയിത്തീർന്നിട്ടുള്ള കർഷകരോടു് ഇതു നീതിയായിരിക്കുകയില്ല എന്നു ഞാൻ ശക്തിയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഇങ്ങനെ മൂന്നരലക്ഷത്തോളം രൂപ പലയിനങ്ങളിലായി ഈ സ്ഥാപിതതാല്പര്യക്കാരായ ജന്മികൾക്കു കൊടുത്തതിനുശേഷം പതിനേഴുകൊല്ലം കഴിഞ്ഞിട്ടു പതിനെട്ടാമത്തെ കൊല്ലത്തിൽ ഇവർക്കു ലഭിക്കുന്നതു ഒരു ലക്ഷം രൂപയാണു്. അങ്ങനെ രണ്ടരലക്ഷം രൂപ ഈ കർഷകർ അവർക്കു കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇങ്ങനെയൊരു വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു് ഈ രാജ്യത്തെ പാവപ്പെട്ട കർഷകരോടുള്ള നീതി ആയിരിക്കുകയില്ല. അതുകൊണ്ടു് ഇങ്ങനെയുള്ള നഷ്ടപരിഹാരം കൂടാതെതന്നെ ഈ ഭൂമികൾ സാധുകർഷകർക്കു കൊടുക്കുവാനുള്ള ഏർപ്പാടു ചെയ്യേണ്ടതാണു്. ഞാൻ ഇതു പറയുമ്പോൾ ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിലെ വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ടു് ഭരണഘടനയിൽ നഷ്ടപരിഹാരം കൊടുക്കാതെ ഭൂമി എടുക്കുവാൻ സാദ്ധ്യമല്ലെന്നു വ്യവസ്ഥചെയ്തിട്ടുണ്ടെന്ന വാദം ഒരുപക്ഷെ ഉന്നയിക്കുമായിരിക്കാം. എന്നാൽപ്പോലും കാർഷികഭൂമിയെ സംബന്ധിച്ചിടത്തോളം ഇതിനെ അവസാനിപ്പിക്കേണ്ടതാണു്.

നഷ്ടപരിഹാരം ഇത്രയെന്നു ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടില്ലാത്തിടത്തോളംകാലം ബേസിക്ക് ടാക്സുമാത്രം അതിനു ചുമത്തി, അതായതു നാമമാത്രമായ ഒരു തുകമാത്രം കൊടുക്കാനുള്ള വ്യവസ്ഥ ചെയ്യുകയാണെങ്കിൽ അതു ഭരണഘടനക്കെതിരായിരിക്കുകയില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ സാധു കർഷകരോടു ഗവണ്മെൻറിനു നന്മചെയ്യുവാൻ സാധിക്കും. അല്ലെങ്കിൽ ഇതു അവതരിപ്പിച്ച ആളുകൾക്കോ അതല്ല, ഇപ്പോൾ ഇതു് പരിഗണിക്കുന്ന ഗവണ്മെൻറിനോ ഈ കാര്യം നടപ്പിൽ വരുത്തുവാൻ എന്തെങ്കിലും ആത്മാർത്ഥതയുള്ളതായി വിശ്വസിക്കാൻ തരമില്ല. ഈ $16\frac{2}{3}$ എന്നുള്ളതിനെ $8\frac{1}{3}$ ആയി കുറക്കുക എങ്കിലും ചെയ്യാമായിരുന്നു. അതിനാൽ ഈ ഭാരിച്ച പ്രതിഫലം ഈ പട്ടക്കുറൻ ജന്മിമാർക്കു കൊടുക്കുവാനുള്ള വ്യവസ്ഥ ബില്ലിൽ നിന്നും എടുത്തുകളയേണ്ടതാണു്. അതുപോലെതന്നെ പ്രത്യേക അവകാശം അവസാനിപ്പിക്കുന്ന ഈ ബില്ലിലെ ഈമാതിരി വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം സെലക്റ്റുകമ്മിററി അവഗാഢമായി ചിന്തിക്കേണ്ടതാണു്. മററൊരുകാര്യം പറയുവാനുള്ളതു് നെയ്യാററിൻകര മുതലായ താലൂക്കുകളിൽ ഗവണ്മെൻറിൻെറ ട്രസ്റ്റിഷിപ്പിലുള്ള അറുപതിനായിരം ഏക്കറോളമുള്ള കാണിപ്പാററ ഭൂമിയെ സംബന്ധിച്ചാണു്. പതിനായിരക്കണക്കിനുള്ള കർഷകരുടെ അധികാരം കയ്യിൽ വച്ചുകൊണ്ടിരിക്കുന്ന സർക്കാരിനു് യഥാർത്ഥത്തിൽ ഇങ്ങനെയുള്ള പ്രത്യേക അവകാശം അവസാനിപ്പിക്കാനുള്ള മര്യാദ അല്ലെങ്കിൽ നീതി ഉണ്ടായില്ല. അതിനാൽ കാണിപ്പാററ ഭൂമിയുംകൂടി ഈ ബില്ലിൻെറ പരിധിയിൽ കൊണ്ടുവരണം. സെലക്റ്റുകമ്മിററിയുടെ ശ്രദ്ധ ഇതിലും പതിയേണ്ടതാണു്. അതുപോലെതന്നെ

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

മററു ജന്മംവക വസ്തുക്കളുമുണ്ട്. അതും ഈ ബില്ലിന്റെ പരിധിയിൽ പെടുത്തിയിട്ടില്ല. അതിനാൽ സ്ഥാപിതതാൽപ്പര്യക്കാരായ ആളുകൾക്കു പ്രതിഫലം കൊടുക്കാതെ ഭൂമി കർഷകർക്കു കൊടുക്കുവാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. ഒ. ബാവ: ഭൂമിയിലുള്ള പ്രത്യേക അവകാശം നിരോധിച്ചുകൊണ്ടുള്ള ഈ ബില്ല് കർഷകർക്ക് ആശ്വാസം നൽകുന്ന ഒന്നായിരിക്കുമെന്ന് ഇതിന്റെ പേർകൊണ്ടുമാത്രമേ ഊഹിക്കുവാൻ സാധിക്കുന്നുള്ളു. ഇന്നും ഇടവക ഭൂമിയുടെ യഥാർത്ഥ അവകാശം അതിന്റെ പട്ടയദാരന്മാരായ കർഷകന്മാർക്കുതന്നെയാണ്. തിരുവിതാംകൂർ-കൊച്ചി സർക്കാർ പിരിച്ചുകൊണ്ടിരിക്കുന്ന കരം ഇടവക ഭൂമികളിൽ അന്യായമായവിധത്തിൽ ഈ നാടുവാഴികൾ ഈടാക്കിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. അങ്ങനെയുള്ള ആ സമ്പ്രദായത്തെ ഇല്ലായ്മചെയ്യത്തക്ക ഒരു വ്യവസ്ഥ ഈ ബില്ലിൽ വരുത്തിയിട്ടില്ല. തിരുവിതാംകൂർ-കൊച്ചിയിലെ സർക്കാർഭൂമികൾക്ക് ഒരു സെന്റിനു കാൽ അണവീതം കരം പിരിക്കുന്ന അവസരത്തിൽ ഇടവക ചീഫുകൾ അന്യായമായ കരം പിരിച്ചുകൊണ്ടിരിക്കുന്നതായി കാണുവാൻ സാധിക്കും. എന്റെ നിയോജകമണ്ഡലത്തിനടുത്തുള്ള ഇടപ്പള്ളി ചീഫ് ഇതുപോലെ വളരെ വൻപിച്ച തോതിലുള്ള ഒരു കരം പിരിച്ചുകൊണ്ടിരിക്കുന്നതായി എനിക്കു നേരിട്ടറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഭൂമിയിൽനിന്നും സർക്കാർ യാതൊരു കരവും ഈടാക്കുന്നില്ല. ബില്ലുകൊണ്ടു കാണുന്നതു് ഈവക ഭൂമികൾ ഗവണ്മെന്റ് കൈവശത്തിൽ കൊണ്ടുവരുന്നു എന്നാണ്. പക്ഷെ അതല്ല ഇന്നു കർഷകനു് ആവശ്യമായിട്ടുള്ളതു്. അങ്ങനെ ചെയ്യുന്നതുകൊണ്ടു കർഷകനു യഥാർത്ഥമായ പ്രയോജനം ലഭിക്കണം. തിരുവിതാംകൂറിലെ പണ്ടാരവക വസ്തുക്കളിലെപ്പോലെ ഈ വസ്തുക്കൾക്കും ബേസിക്‌ടാക്സ് ഈടാക്കാനുള്ള നിയമം കാലാകാലങ്ങളിൽ കൊണ്ടുവരാതിരുന്നതാണ് ഈ കുഴപ്പങ്ങൾക്കു കാരണമായതു്. 1121-ൽ അടിസ്ഥാനനികുതിമാത്രം കൊടുക്കേണ്ട പട്ടയദാരന്മാർതന്നെയാണ് ഈ ഇടവക ഭൂമികളിലെ വസ്തുഉടമസ്ഥന്മാരും. 1121-ൽ സർക്കാർവക ഭൂമികൾക്കുമാത്രം ബേസിക്‌ടാക്സ് ചുമത്തിക്കൊണ്ടും ഇടവക ഭൂമികളെ അതിൽനിന്നും ഒഴിവാക്കിക്കൊണ്ടുമാണ് നിയമം ഉണ്ടായതു്. അതാണു കർഷകർക്ക് ഉപദ്രവകരമായിതീർന്നതു്. ഇടവക ഇല്ലായ്മചെയ്യുകയും അതാതു ചീഫുകൾക്കു ഭൂമിയുടെ അവകാശം ഇല്ലെന്നു സ്ഥാപിക്കുകയും ചെയ്യുന്നതിന് ബേസിക്‌ടാക്സ് ഏർപ്പെടുത്തിയപ്പോൾ വ്യവസ്ഥ ചെയ്യാതിരുന്നതുകൊണ്ടുമാത്രമാണ് കൃഷിക്കാർക്കു വൈഷമ്യങ്ങൾ ഉണ്ടായിട്ടുള്ളതു്. അതുകൊണ്ട് ഇങ്ങനെ ധാരാളം കരം കൊടുത്തുകഴിഞ്ഞിരിക്കുന്ന കർഷകർ നഷ്ടപരിഹാരം കെട്ടാക്കാതെതന്നെ ഭൂമി അവരുടേതാണെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചാൽ മാത്രമെ കർഷകർക്ക് ആശ്വാസം ഉണ്ടാവുകയുള്ളു. കർഷകർക്ക് ആശ്വാസം നൽകുന്ന ഒരു ബില്ലാണ് ഇതെന്ന് അന്നത്തെ മുഖ്യമന്ത്രി ഈ സഭയിലും വെളിയിലും പ്രസ്താവിച്ചു. പക്ഷെ ഈ വിധത്തിൽ ഉള്ള ആശ്വാസം നൽകാതിരിക്കുകയാണ് ഭേദം. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന രീതിയിൽ പതിനേഴ് കൊല്ലം കരം

കൊടുക്കണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അങ്ങനെ നാട്ടുവാഴികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമം കൊണ്ടുവന്നിട്ട പറയുകയാണ്, ഇതു് കർഷകർക്ക് ആശ്വാസം നൽകാനുള്ള ബില്ലാണെന്ന്. ഈ കാര്യം സെലക്റ്റ് കമ്മിറ്റി ഗാഢമായി പരിചിന്തിക്കേണ്ടതാണ്. ഇടപ്പള്ളി, കിളിമാനൂർ, വഞ്ചിപ്പുഴ മുതലായ നാട്ടുവാഴികൾക്കു നഷ്ടപരിഹാരം കൊടുക്കണമെന്നു പറയുന്നതു തീർച്ചയായും പുരോഗമനപരമല്ലെന്നാണ് എന്റെ അഭിപ്രായം. ചില ഭൂമികൾക്ക് ബേസിക്ടാക്സിനേക്കാൾ കുറഞ്ഞ നികുതിയും ഉണ്ട്. അവക്ക് ബേസിക്ടാക്സ് ചുമത്തുമ്പോൾ ജന്മിയിൽനിന്നും ഒന്നും നഷ്ടപരിഹാരം കിട്ടാനുള്ള വ്യവസ്ഥയില്ല. കർഷകരെ സഹായിക്കാനുള്ള ഒരു ബില്ലാണിതെങ്കിൽ ഇന്നത്തെ രീതിയിലുള്ള കരം പതിനേഴു കൊല്ലം കൊടുക്കണമെന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. ഇന്നു ഒരേക്കറിനു പതിനഞ്ചു പറ നെല്ലു പാട്ടം ഇടവക ചീഫുകൾ പിരിച്ചുകൊണ്ടിരിക്കുന്ന ചില വസ്തുക്കൾക്കു കണ്ടെഴുത്തുകാലത്തു് അര പറയാണ് നിശ്ചയിച്ചിരുന്നതു്. കൂടാതെ ഇപ്പോൾ നെല്ലിന്റെ വില ഒന്നേകാൽ രൂപ ആയിരിക്കയും ഇനിയും കുറയാൻ വഴിയുണ്ടെന്നു പ്രതീക്ഷിക്കയും ചെയ്യുമ്പോൾ ബില്ലിന്റെ പ്രയോക്താക്കൾ ഒന്നേകാൽ രൂപ നെല്ലിനു വില കണക്കാക്കി പതിനേഴു കൊല്ലം കരം കൊടുക്കണമെന്നു നിശ്ചയിക്കുന്നതു് അത്ഭുതകരമായിരിക്കുന്നു.

അതുകൊണ്ട് ഈ ചീഫുകൾക്കു നഷ്ടപരിഹാരം കൊടുക്കുന്ന പ്രശ്നം ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ട ആവശ്യംതന്നെ ഇല്ല. നാട്ടുവാഴിക്ക് എന്തെങ്കിലും നഷ്ടപരിഹാരം കൊടുക്കണമെന്നുണ്ടെങ്കിൽ ഗവണ്മെന്റ് അവരുമായി ആലോചന നടത്തി നിശ്ചയിക്കുകയാണ് വേണ്ടതു്. ഒരിക്കലും കൃഷിക്കാരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്ന വ്യവസ്ഥ പാടില്ലാത്തതാണ്. കൃഷിക്കാർ വാസ്തവത്തിൽ നഷ്ടപരിഹാരം കൊടുക്കേണ്ട ആവശ്യമില്ല. കാരണം ഭൂമിയുടമസ്ഥന്മാർക്കുതന്നെയാണ് ഇന്നു് ഭൂമി കൈവശം ഉള്ളതു്. ഇവിടത്തെ റിക്കാർഡുകൾ പരിശോധിച്ചാൽ അതു മനസ്സിലാകും. ഇടപ്പള്ളി ചീഫ് അദ്ദേഹത്തിന്റെ ഭൂമിയിൽ നിന്നും സെന്റിനു കാലണ വീതം ബേസിക് ടാക്സ് ഈടാക്കാനുള്ള അവകാശം കൊടുത്താൽ മതിയെന്ന് സ്വയം സമ്മതിച്ച് ഗവണ്മെന്റിന് എഴുതിയിട്ടുണ്ടെന്നാണ് എന്റെ അറിവ്. അങ്ങനെ സ്വയം സമ്മതിച്ചിട്ടുള്ള ഒരു ചീഫിന് കൂടുതൽ സംഖ്യ കൊടുക്കുന്നതിന് ഒരു ബിൽ എഴുതി ഉണ്ടാക്കാൻ കഴിഞ്ഞ ഗവണ്മെന്റ് ധൈര്യപ്പെട്ടതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. ഞങ്ങളുടെ പ്രദേശത്തുള്ള ആളുകളുടെ മേൽ കൂടുതൽ നികുതി അടിച്ചേല്പിക്കാൻ മാത്രമാണ് ഗവണ്മെന്റ് ഇതു കൊണ്ടുദ്ദേശിക്കുന്നതെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നതു്. ചീഫുകൾക്കു പാവപ്പെട്ടവരിൽനിന്നും കൂടുതൽ സംഖ്യ വാങ്ങിക്കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലാണിതു്. തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാ ഭൂമികളേയും ഒരേ വിധത്തിൽ കണക്കാക്കി നിയമനിർമ്മാണം നടത്തേണ്ടതാണെന്ന് ഞാൻ സെലക്റ്റ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ജി. ചാക്കോ: വസ്തുക്കളുടെ മേലുള്ള പ്രത്യേക അവകാശങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള ബില്ലാണ് ഇതു്. ഇതിനെപ്പറ്റി ചിന്തിക്കുമ്പോൾ ചില പ്രത്യേക തരത്തിലുള്ള അവകാശ

[ശ്രീ. എൻ. ജി. ചാക്കോ]

ങ്ങൾ നിറുത്താൻ മാത്രമെ ഈ ബിൽ ഉപകരിക്കുന്നുള്ളു എന്നാണ് മനസ്സിലാകുന്നതു്. ഈ ബില്ലിന്റെ പരിധിയിൽപ്പെടാത്തതായ ഒട്ടുവളരെ പ്രത്യേക അവകാശങ്ങൾ ഇന്നു് ഈ സംസ്ഥാനത്തു നിലവിലിരിക്കുന്നുണ്ട്. അതിൽ ഏററവും പ്രധാനമായിട്ടുള്ള ഒന്നാണ് തിരുപ്പുവാരപ്പിരിവുസമ്പ്രദായം. ഈ സമ്പ്രദായം വളരെ പഴക്കമുള്ള ഒന്നാണ്. ഏതോ ഭരണാധികാരിക്ക് ആരോടോ ചില പ്രത്യേകത ഉണ്ടായതിന്റെ ഫലമായി ഇങ്ങനെ ഒരേർപ്പാട്ട് ഈ രാജ്യത്തു് നടപ്പിലാക്കിയതാണ്. ഈ തിരുപ്പുവാരപ്പിരിവുസമ്പ്രദായം മദ്ധ്യതിരുവിതാംകൂറിൽ തിരുവല്ലാ താലൂക്കിലും, പത്തനംതിട്ടതാലൂക്കിലെ ചില പകുതികളിലും, തിരുവനന്തപുരം ഡിസ്ട്രിക്ററിലും നിലവിലിരിക്കുന്നുണ്ടെന്നു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സമ്പ്രദായം നിറുത്തലാക്കുന്നതിനുവേണ്ടി ശ്രീ. ടി. കെ. നാരായണപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്തു് ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മിററി അതുസംബന്ധമായി ചില അന്വേഷണങ്ങൾ നടത്തി ഒരു റിപ്പോർട്ട് ഗവണ്മെന്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ട്. ആ കമ്മിററി ഏകാഭിപ്രായമായി ഈ തിരുപ്പുവാരപ്പിരിവുസമ്പ്രദായം എത്രയും വേഗം നിറുത്തലാക്കേണ്ടതാണെന്നു് ശുപാർശ ചെയ്തിട്ടുണ്ട്. കൃഷിക്കാർക്ക് വളരെ ഏറെ വിഷമങ്ങൾക്കും പ്രയാസങ്ങൾക്കും ഇടനൽകുന്ന ഈ തിരുപ്പുവാരപ്പിരിവുസമ്പ്രദായം നിറുത്തലാക്കുന്നതിനുവേണ്ടി ഈ ബില്ലിൽ വേണ്ട വകുപ്പുകൾ ചേർക്കേണ്ടതു് വളരെ ആവശ്യമാണ്. ഇതുസംബന്ധമായി തോവാള മെംബർ ശ്രീ. രാമസ്വാമിയും, കല്ലൂപ്പാറമെംബർ ശ്രീ. എം. എം. മത്തായിയും പ്രസ്താവിച്ചിട്ടുള്ളതിനോട്ട് ഞാൻ യോജിക്കുന്നു. സെലക്ററുകമ്മിററി ഈ തിരുപ്പുവാരപ്പിരിവുസമ്പ്രദായം വസ്തുക്കളുടെമേലുള്ള ഒരു പ്രത്യേക അവകാശമായതുകൊണ്ട് നിറുത്തലാക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യുമെന്നു് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. അതോടു കൂടിത്തന്നെ നിലവിലിരിക്കുന്ന ജന്മിക്കരം ഏർപ്പാടിനെപ്പററിയും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. അതും വസ്തുവിന്മേൽ അനുഭവിക്കുന്ന ഒരവകാശമാണ്. ഈ ജന്മിക്കരം പിരിവുസമ്പ്രദായവും നിറുത്തലാക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഈ ബില്ലിൽ വരുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇക്കാര്യങ്ങളിലേയ്ക്കു് സെലക്ററുകമ്മിററിയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

**Shri T. S. Ramaswami**: Sir, I wish to say a few words about this Bill. It may not be a satisfying reason that it applies to the Sripandaravaka lands and that it is for the benefit of Sripadmanabhaswami temple. This is only a legacy of the old feudal sovereignty. At present it is out of date and it should be abolished. Centuries ago, little chieftains in the State and even Devaswoms exercised sovereignty over our people. It is only a replica of the old out-moded sovereignty. It has been long discussed by responsible people both in the Legislature and in the Committe stages. Three years back the Moniamkaram Enquiry Committee was appointed and they made a searching enquiry. They represented all sections concerned with Thirippuvaram. The Committee consisted of the representative of the Rajpramukh, and representatives

12 Noon

of all the parties in the Legislature. They have submitted to Government a unanimous report. Every party, including the affected party has agreed that it should be abolished, without compensation. Unfortunately this was not included in this Bill. I thought it would have been included in the Land Tax Bill, or in the Special Rights in Lands Abolition Bill. It ought to have been stopped earlier. It continues to be levied from the people of South Travancore. The position of persons who are holding one or two acres of Sripandaravaka lands can very well be imagined. On an acre of land about nine bags of paddy have to be paid yearly. That is the extent of tax. At the same time they are paying basic tax also. The Moniamkaram Enquiry Committee has expressed its opinion regarding the abolition of Thirippuvaram in its report:

> "It has been seen from the discussion in the preceeding Chapter that the general policy of Government in regard to Thiruppuvaram before the Land Tax Proclamation has been that the Thiruppuvaram in excess of the revenue due to Government from the tenant should be paid by the Government until the next Revenue Settlement.
>
> It has already been observed that the general Revenue Settlement as contempleted at that time has not been carried out. Even the enquiries into Thiruppuvaram cases suggested by Shri Nilacanta Pillai and Shri Parameswaran Pillai have not been conducted. At the same time it has been declared in the Land Tax Proclamation that the arrangements therein contemplated and enacted shall be deemed to be a general Revenue Settlement. In Section 8 of that Proclamation, Thiruppuvaram payable in respect of any land has been made payable by the tenants to those entitled to it as before in addition to the basic tax payable to Government. The said provision has to be considered to have been made for a transitional period as suggested in the report on the Scheme for the Introduction of the Basic Land Tax. On this assumption and for the reasons stated in paragraphs 1 and 2 of this Chapter, the Committee is of the view that it is inequitable and against the policy of Government to realise Thiruppuvaram in addition to Basic Tax from holders of Pandarapattom lands charged with Thiruppuvaram to Sree Pandaravaka. Therefore Thiruppuvaram due to Sree Pandaravaka should be paid by Government—Section 8 of the Land Tax Proclamation may be suitably amended."

This has been brought to the notice of the previous Government. The previous Minister for Land Revenue himself was a member of the Enquiry Cammittee which unanimously recommended the abolition of the Thirippuvaram. When he became Minister he got objections against this issue. When he was asked he gave some answer which was not at all helpful.

[Shri T. S. Ramaswami]

Unfortunately, that Minister who used to explain all matters even simple matters refrained from explaining this matter. That is a very sad thing. Again, I brought this matter to the notice of the Ministers concerned, in the present Ministry also. I don't know how they feel about it. But it is the duty of all right thinking men to see that this unanimous report is recognised and implemented.

**Shri A. J. John:** Will the Member be satisfied if Thiruppuvaram is also referred to the Select Committee?

**Shri T. S. Ramaswami:** It will be only dilatory tactics. The Land Revenue Minister himself was there. He himself promised me that a G. O. will be issued. It is long over due. It can be abolished by a G. O. without making it go through all the stages of a Bill.

ശ്രീ. കെ. ടി. തോമസ്: ബില്ലിന്റെ തത്വത്തോട് ഞാൻ യോജിക്കുന്നു. അതേയവസരത്തിൽ സെലക്റ്റ കമ്മിററിയുടെ പര്യാലോചനയ്ക്കുവേണ്ടി ഒന്നുരണ്ടു കാര്യങ്ങൾ പറയണമെന്ന് വിചാരിക്കുന്നു. പൂഞ്ഞാർ ഇടവക ഈ ബില്ലിന്റെ പരിധിയിൽപ്പെടുത്തിയിരിക്കയാണ്. എഴുപതിനായിരം ഏക്കറോളം ഭൂമി പല കൃഷിക്കാരുടെ കൈവശത്തിലായിരിപ്പുണ്ട്. അതിന് ഏകീകൃതമായ ഒരുപാട്ടം നിശ്ചയിച്ചിട്ടില്ല. ഓരോന്നിനും ഓരോ തരത്തിലുള്ള നിരക്കുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ ബിൽ ഇങ്ങനെ പാസ്സാകുകയാണെങ്കിൽ തുടർന്ന് പതിനേഴ് കൊല്ലംകൂടി ഇപ്പോൾ കൊടുക്കുന്ന നിരക്കുതന്നെ കൊടുക്കേണ്ടിവരും. ഈ ബില്ലിൽ നഷ്ടപരിഹാരം കൊടുക്കേണ്ടതു കൃഷിക്കാരനാണ് എന്നാണ് വച്ചിരിക്കുന്നത്. നഷ്ടപരിഹാരം കൊടുക്കണമെന്നുണ്ടെങ്കിൽ അതു ഗവണ്മെന്റാണ് കൊടുക്കേണ്ടത്. അതിനുപകരം കൃഷിക്കാരിൽനിന്നും അടിസ്ഥാനനികുതിമാത്രം ഈടാക്കണം. ഇതിനു വേണ്ട വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്. നഷ്ടപരിഹാരം സംബന്ധിച്ച് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള നിരക്ക് വളരെ കൂടുതലാണ്. അതു പുനഃപരിശോധനചെയ്യേണ്ടതു ആവശ്യമാണ്. രാഷ്ട്രീയ പരിഗണനകൾ വച്ചുകൊണ്ട് ജന്മിമാർക്ക് പതിനാറും മൂന്നിൽ രണ്ടും ഇരട്ടി നഷ്ടപരിഹാരം കൊടുക്കുന്നതു ശരിയാണോ എന്ന് എനിക്ക് സംശയമുണ്ട്. ഇക്കാര്യം സെലക്റ്റ കമ്മിററിയുടെ പ്രത്യേക പരിഗണനയ്ക്കു വിഷയമാക്കണമെന്ന് അപേക്ഷിക്കുന്നു.

എന്റെ നിയോജകമണ്ഡലത്തിൽ എരുമേലിയും പശ്ചിമയും ദേവസ്വത്തിൽപ്പെട്ട വളരെയധികം ഭൂമികളുണ്ട്. വളരെ വളരെ കൊല്ലങ്ങൾക്കു മുമ്പുമുതൽതന്നെ കാടുകൾ വെട്ടിത്തെളിച്ച് സ്ഥിരദേഹണ്ഡങ്ങൾ ചെയ്ത് സ്ഥിരമായി ആളുകൾ അവിടെ താമസിച്ചുവരുന്നുണ്ട്. ഒരു നിശ്ചിത നിരക്ക് ദേവസ്വത്തിന് കൊടുത്തു പണ്ടാരപ്പാട്ടം വസ്തുപോലെ തന്നെ അനുഭവിച്ചുവരുന്ന ഒരിനം ഭൂമികളാണത്. ഈ അടുത്തകാലത്തു ദേവസ്വത്തിൽനിന്നും കർശനമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി അവിടത്തെ കുടിയാന്മാരുടെ അവകാശങ്ങൾ നശിപ്പിക്കുന്ന ചില വ്യവസ്ഥകൾ ചെയ്തുവരുന്നു. വസ്തുക്കളിൽ പുതിയ കെട്ടിടങ്ങൾ വച്ചുകൂടെന്നും വസ്തുക്കൾ ഭാഗിച്ചുകൂടെന്നും മററും വ്യവസ്ഥചെയ്തിരിക്കുന്നു. ഇപ്പോഴുള്ള

ബില്ലനുസരിച്ച് അവർ വെറുംപാട്ട കുടിയാന്മാരായി തരംതാഴുന്നതാണ്. അതുകൊണ്ട് അങ്ങിനെയുള്ളവരേയും ഈ ബില്ലിന്റെ പരിധിയിൽ പെടുത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഇതുംകൂടി സെലക്റ്റ്കമ്മിറ്റിയുടെ പരിഗണനയ്ക്കു് വിഷയമാക്കിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള : സർ, ഭൂനയബില്ലുകളുടെ ഒരു അംശമായിട്ടാണ് ഇതിനെ പരിഗണിക്കേണ്ടതു്. ഇതു് ഒരു പ്രത്യേകാവകാശങ്ങൾ നിരോധന ബില്ലാണോ, പ്രത്യേകാവകാശ നിർമ്മാണ ബില്ലാണോ എന്നു് എനിക്കു് സംശയമുണ്ടു്. പ്രത്യേകാവകാശം നിരോധിക്കുന്ന ഒരു ബില്ല് അല്ല ഇതു് എന്നു് ഇതു വായിച്ചാൽ മനസ്സിലാകുന്നതാണു്.

കൃഷിഭൂമി കൈവശംവച്ചു കൃഷിചെയ്യുന്ന കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം, എന്തു പ്രയോജനമാണ് ഈ ബില്ല് മൂലം ഉണ്ടാകുന്നതു് എന്നു് നോക്കിയാൽ, അവർക്കു് ആനുകൂല്യം നൽകുന്ന വ്യവസ്ഥകൾ ഒന്നും തന്നെ ഈ ബില്ലിൽ ഇല്ലെന്നു കാണാൻ കഴിയും. അതേ സമയംതന്നെ ഈ ബില്ലിന്റെ പരിധിയിൽ വരുന്ന ജന്മികൾക്കു് കുറെ പണം കൂടുതൽ ലഭിക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നു എന്നും കാണാൻ കഴിയും. ഇതല്ലാതെ വേറെ യാതൊരു മെച്ചവും ഇതിൽ ഞാൻ കാണുന്നില്ല.

ബില്ലിന്റെ പേരിൽ കവിഞ്ഞു് പ്രത്യേകാവകാശം നിരോധിക്കുന്നതായി മറ്റൊന്നും ഞാൻ ഇതിൽ കാണുന്നില്ല. 17 കൊല്ലത്തിനു ശേഷം, ശ്രീപാദം വകസ്ഥലം, ശ്രീ പത്മനാഭസ്വാമിക്ഷേത്രം വകസ്ഥലം, ശ്രീപണ്ടാരവകസ്ഥലം, ഇടവകസ്ഥലം യാതൊരവകാശവും ഈ വകവസ്തുക്കളിൽ ഉണ്ടായിരിക്കുന്നതല്ല എന്നൊരു ഒറ്റ വ്യവസ്ഥമാത്രം കൊണ്ടു് ഒരു നിയമം നിർമ്മിച്ചാൽ മതിയായിരുന്നു. ഇപ്പോഴുള്ള നിയമമനുസരിച്ചു് ബേസിക്ടാക്സ് കൂടുതലാണെങ്കിൽ ഭൂമി കൈവശമുള്ള ആൾ കൊടുക്കണം. ബേസിക് ടാക്സ് കുറവാണെങ്കിൽ ഇപ്പോഴുള്ള പാട്ടം തന്നെ 17 കൊല്ലം കൂടി ഗവണ്മെന്റിലേയ്ക്കു് കൊടുക്കണം. കൃഷിക്കാരനു് ഇതുകൊണ്ടു് എന്തു മെച്ചമാണുണ്ടാകാൻ പോകുന്നതു് എന്നാണു് ഞാൻ ചോദിക്കുന്നതു്. കൈവശാവകാശം കൃഷിക്കാരനു് സ്ഥിരപ്പെടുത്തിക്കൊടുക്കുന്നു. അതേ സമയം അയാൾക്കു് കൂടുതൽ ഒന്നുംതന്നെ ലഭിക്കുന്നില്ല. 17 കൊല്ലം കഴിഞ്ഞശേഷം നടക്കാൻപോകുന്ന ഒരു കാര്യത്തിനുവേണ്ടിയാണു് ഇന്നു് ഒരു നിയമം നിർമ്മിക്കാൻപോകുന്നതു്. ശ്രീപാദം, ശ്രീപണ്ടാരവക ഇടവക മുതലായവയുടെ ഗുണത്തിനുവേണ്ടിയാണു് ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നതെന്നു തോന്നുന്നു. കണ്ടുകൃഷി വസ്തുക്കളെ സംബന്ധിച്ചു്, ഇപ്പോഴുള്ള കൈവശാവകാശം സ്ഥിരപ്പെടുത്താൻവേണ്ടി എന്തോ ഒരു ആർഡർ ഉണ്ടാക്കാൻപോകുന്നതായി കല്ലൂപ്പാറ മെംബറുടെ പ്രസംഗവേളയിൽ അന്നത്തെ ലാൻഡു് മിനിസ്റ്റർ പറയുകയുണ്ടായി. കണ്ടുകൃഷി വസ്തുവിൽ മഹാരാജാവിനുണ്ടായിരുന്ന അവകാശം 1124-ലെ വിളംബരം മൂലം ഗവണ്മെന്റിനു സിദ്ധിച്ചിട്ടുണ്ടു്. ദുർവ്വഹമായ കണ്ടുകൃഷിക്കരമാണ് കർഷകൻ സർക്കാരിലേയ്ക്കു് കൊടുത്തുവരുന്നതു്. കൂടാതെ വസ്തുക്കൾ പൊന്നുംവിലയ്ക്കു് എടുക്കുന്ന അവസരത്തിൽ പൊന്നുംവില വസ്തുകൈവശക്കാരനു ലഭിക്കുന്നില്ല. പണ്ടാരപ്പാട്ട

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

വസ്തുക്കൾക്ക് തുല്യമായി കണ്ടുകൃഷിവസ്തുക്കളെ പരിഗണിക്കണം. അതും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. ഈവക കാര്യങ്ങൾ എല്ലാം സെലക്ററകമ്മിററിയിൽ പര്യാലോചിച്ച്, യഥാർത്ഥത്തിലുള്ള ഒരു പ്രത്യേകാവകാശനിരോധനബിൽ ആക്കിത്തീർക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. വിശ്വംഭരൻ: സർ,ഈ ബിൽ സെലക്ററകമ്മിററിക്ക് അയക്കണമെന്നുള്ള ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ഇതു് സെലക്ററകമ്മിററിയിൽ പര്യാലോചിക്കുന്ന അവസരത്തിൽ, കാമ്പൻസേഷന്റെ കാര്യത്തെപ്പററി പ്രത്യേകം പരിഗണിക്കണമെന്നു് എനിക്കു് അഭിപ്രായമുണ്ട്. 16 ഇരട്ടി നഷ്ടപരിഹാരം കൊടുക്കണമെന്നു പറയുന്നതു് വളരെ കൂടുതലാണു്.

സെലക്ററ കമ്മിററിയുടെ പ്രവർത്തനത്തെക്കുറിച്ചു് ഒരു വാക്കുകൂടി പറയണമെന്നാഗ്രഹിക്കുന്നു. ഇതിനുമുമ്പു്, അതായതു് കഴിഞ്ഞ സെഷനിൽ, രണ്ടു ഭൂനയബില്ലുകൾ സെലക്ററ കമ്മിററിക്കു് അയച്ചിട്ടുണ്ടായിരുന്നു. ഇപ്പോഴത്തെ റൂൾ അനുസരിച്ചു് ഒരു ബിൽ സെലക്ററകമ്മിററിക്കു് അയച്ചാൽ, അതു് അടുത്ത സെഷനിൽ റിപ്പോർട്ടു അവതരിപ്പിക്കേണ്ടതാണു്. അതനുസരിച്ചു്, കഴിഞ്ഞ സെഷനിൽ അയച്ച രണ്ടു ബില്ലുകളുടെയും റിപ്പോർട്ടു് ഇവിടെ ഇതേവരെ വന്നിട്ടില്ല. ഇക്കാര്യത്തിൽ ഞാൻ പ്രത്യേകം കുററം പറയുന്നില്ല. കഴിഞ്ഞ സെഷൻ കഴിഞ്ഞതിനുശേഷം വളരെ കുറച്ചു സമയം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവിടെ പല മാററങ്ങളും വന്നു എന്നുള്ള കാര്യങ്ങൾ എനിക്കറിയാം. പക്ഷെ ആ സെലക്ററ കമ്മിററി ഇതേവരെ കൂടിയിട്ടുപോലുമില്ല എന്നു കാണുന്നതു് ഖേദകരമാണു്. ഇന്നു് അധികാരത്തിൽ ഇരിക്കുന്ന കക്ഷിക്കു ഈ ബില്ലു പാസ്സാക്കുന്നതിനു കാലവിളംബം വരുത്തണമെന്നുള്ള ഉദ്ദേശമാണുള്ളതെന്നാണു് എനിക്കു തോന്നുന്നതു്. ഈ ഭൂനയബില്ലുകൾ സെലക്ററകമ്മിററികളിൽ പര്യാലോചിച്ചു്, ഈ സെഷൻ കഴിഞ്ഞു് അടുത്ത സെഷൻ, അതായതു് ആറുമാസം കഴിഞ്ഞു്, കൂടുന്നതുവരെ കാത്തിരിക്കാതെ, ഈ സെഷനിൽത്തന്നെയോ അല്ലെങ്കിൽ ഒരു പ്രത്യേക സെഷൻ വിളിച്ചുകൂട്ടിയോ ഈ ബില്ലുകളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു് പാസ്സാക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

[Deputy Speaker in the Chair]

ശ്രീ. എ. ജെ. ജാൺ: സർ, ഈ ബില്ലിനെ സംബന്ധിച്ചു് സഭയുടെ എല്ലാ ഭാഗത്തുമുള്ള മെംബറന്മാർ സംസാരിക്കുകയുണ്ടായി. പ്രത്യേകിച്ചും പി. എസ്. പി. മെംബർ ശ്രീ. വിശ്വംഭരൻ, കാമ്പൻസേഷൻ തുകയെ സംബന്ധിച്ചുള്ള വ്യവസ്ഥ ഭേദഗതി ചെയ്യണമെന്നു് പ്രസ്താവിക്കുകയുണ്ടായി. ഈ സംഗതി സെലക്ററകമ്മിററിയിൽ പര്യാലോചിക്കുന്നതാണു്. 16 എന്നു വച്ചിരിക്കുന്ന തുകയെപ്പററി സെലക്ററ കമ്മിററി ശരിയായി പര്യാലോചിച്ചു് കാമ്പൻസേഷൻ വ്യവസ്ഥ ഏതുവിധത്തിൽ വേണമെന്നു തീരുമാനിക്കാമെന്നുള്ളതാണു്. സ്പെഷ്യൽ റൈററ്സുള്ള ശ്രീപാദം, പണ്ടാരവക, ഇടവക, ഈ ഭൂമികളിൽ ബേസിക് ടാക്സ് മാത്രമേ

പാട്ടുള്ളു എന്ന് ഇവിടെ പല മെംബറന്മാരും അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ചും സെലക്റ്റകമ്മിററിയിൽ പര്യാലോചിക്കാവുന്നതാണ്. ഇതിനെ സംബന്ധിച്ച് ചില ഇടവക ചീഫുകളുമായിട്ട് ഗവണ്മെൻറ് ആലോചനകൾ നടത്തിവരുന്നുണ്ട്. അതുപോലെ ശ്രീപാദം വസ്തുക്കളെ സംബന്ധിച്ചും ഗവണ്മെൻറ് ആലോചനകൾ നടത്തുകയാണ്.

തിരുപ്പുവാരത്തെ സംബന്ധിച്ച് ശ്രീ. ടി. എസ്. രാമസ്വാമി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. തിരുപ്പുവാരത്തെ സംബന്ധിച്ച് യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ കൊള്ളിച്ചിട്ടില്ല. തിരുപ്പുവാരത്തിന്റെ ഉത്ഭവം എങ്ങിനെയായിരുന്നു എന്നു ക്ലിപ്തമായി മനസ്സിലാകാതെ അതിനെ സംബന്ധിച്ച് ഒന്നും പ്രസ്താവിക്കാൻ നിവൃത്തിയില്ല. ഗവണ്മെൻറിലേയ്ക്ക് പണം കടം കൊടുത്തതിനുള്ള പലിശയാണെന്ന് ചില റിക്കാർഡുകളും കുടിയാനവന്മാർ അന്യംനിന്നതുകൊണ്ട് വസ്തുക്കൾ ഗവണ്മെൻറിലേയ്ക്ക് എസ്ചിയാററ് ചെയ്തതിനാൽ കുടിയാനവൻ ജന്മിക്കു കൊടുക്കുവാനുള്ള പാട്ടം ഗവണ്മെൻറിനു കൊടുക്കുന്നതാണെന്നും വേറെ ചില റിക്കാർഡുകളിലും കാണുന്നുണ്ട്. ഏതായാലും തിരുപ്പുവാരത്തെ സംബന്ധിച്ച് ക്ലിപ്തമായി ഒന്നും പറഞ്ഞുകൂടാ. തിരുപ്പുവാരം പരിപൂർണ്ണമായി നിറുത്തൽ ചെയ്യണമെന്നു പറയുന്നതു് ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഇതിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ ചില തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട്. തിരുപ്പുവാരം കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവണ്മെൻറിനായിരിക്കുമെന്നാണ് വിധികളിൽ കാണുന്നതു്. തിരുപ്പുവാരം ഓരോ സ്ഥലത്തും ഓരോ സർവ്വീസുകൾ ചെയ്യുന്നതിലേയ്ക്കുവേണ്ടി പ്രതിഫലമായി നിശ്ചയിച്ചിട്ടുള്ളതാണെന്നും, ആ സർവ്വീസുകൾ ചെയ്യുന്നില്ലെങ്കിൽ അതു ഉപേക്ഷിക്കുന്നതു ശരിയായിരിക്കുമെന്നും ചില റിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ഏതായാലും ഈ സംഗതി ഒരു സെലക്റ്റകമ്മിററിയിൽ ഗാഢമായി ആലോചിച്ചു തീരുമാനം ചെയ്യാം. ശ്രീപണ്ടാരവക വസ്തുക്കളെ സംബന്ധിച്ചുള്ള തിരുപ്പുവാരത്തെ സംബന്ധിച്ചാണ് ശ്രീ. രാമസ്വാമി പറഞ്ഞതു്. ദേവസ്വങ്ങളിൽ ഓരോവക ആവശ്യങ്ങളും അടിയന്തിരങ്ങളും നടത്തുന്നതിലേയ്ക്കാണ് തിരുപ്പുവാരം നിശ്ചയിച്ചിട്ടുള്ളതു്. അതിനെ സംബന്ധിച്ച്, ഗവണ്മെൻറിൽനിന്നും കൊടുക്കണമോ, കുടിയാനവന്മാർ കൊടുക്കണമോ എന്നുള്ള കാര്യവും ആലോചനയിലിരിക്കുകയാണ്. മണിയംകരം ഗവണ്മെൻറിൽനിന്നും പിരിച്ചുകൊടുക്കുന്ന കാര്യവും ആലോചനയിലിരിക്കുകയാണ്. ഈ കാര്യങ്ങൾ എല്ലാംതന്നെ സെലക്റ്റകമ്മിററിയിൽ ചർച്ചചെയ്തു തീരുമാനിക്കുന്നതായിരിക്കും ഉത്തമം. പക്ഷെ, ശ്രീ. രാമസ്വാമിക്കു അനുകൂലമുള്ളതായി കാണുന്നില്ല. സെലക്റ്റകമ്മിററിക്കയച്ചാൽ കാലതാമസം വരുമെന്നാണു പറയുന്നതു്. ഇപ്പോഴത്തെ റൂൾസ് അനുസരിച്ച് അടുത്ത നിയമസഭ കൂടുന്നതിനു മുൻപ് സെലക്റ്റകമ്മിററി റിപ്പോർട്ട് ഇവിടെ വരുന്നതാണ്. അടുത്ത നിയമസഭ കൂടുമ്പോൾത്തന്നെ ഇതിന്റെ റിപ്പോർട്ടു കിട്ടുന്നതിനുവേണ്ട നടപടികൾ ഗവണ്മെൻറു ഭാഗത്തുനിന്നും എടുക്കുന്നതാണെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

മണിയംകരത്തെ സംബന്ധിച്ചുള്ള വിവരങ്ങളും സെലക്റ്റകമ്മിററിയുടെ പര്യാലോചനയ്ക്കു വയ്ക്കുന്നതിനെപ്പററി പ്രത്യേകിച്ച് തെക്കൻ തിരുവിതാംകൂറിലെ മെംബറന്മാരുടെ അഭിപ്രായം അറിഞ്ഞാൽക്കൊള്ളാമെന്നുണ്ട്.

ശ്രീ. പി. രാമസ്വാമിപ്പിള്ള: ഈ വിഷയവും സെലക്റ്റ്കമ്മിറ്റിയുടെ പര്യാലോചനയ്ക്കു വയ്ക്കുന്നതു് സമ്മതമാണു്.

ശ്രീമതി കെ. ആർ. ഗൗരി: തെക്കൻതിരുവിതാംകൂറിലെ തിരുപ്പുവാരം സംബന്ധിച്ചു് പ്രത്യേകം പറയാൻ കാരണമെന്താണു്?

ശ്രീ. എ. ജെ. ജാൺ: തെക്കൻ തിരുവിതാംകൂറിലാണു് തിരിപ്പുവാരം ഭൂമികൾ അധികമുള്ളതു്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ തിരുപ്പുവാരം സംബന്ധിച്ചു ആവശ്യമായ വ്യവസ്ഥകൾ കൊള്ളിച്ചിട്ടില്ലാത്തതിനാൽ സെലക്റ്റ് കമ്മിറ്റിയുടെ പര്യാലോചനയ്ക്കു് തിരുപ്പുവാരം സംബന്ധിച്ചു കാര്യങ്ങൾകൂടി ഉൾപ്പെടുത്തണമെന്നു് ഒരു ഭേദഗതികൂടി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ഈ സ്റ്റേറ്റിലുള്ള മുഴുവൻ തിരുപ്പുവാരത്തെ സംബന്ധിച്ചും സെലക്റ്റ്കമ്മിറ്റി പര്യാലോചിക്കുമല്ലോ?

ശ്രീ. എ. ജെ. ജാൺ: തിരുവിതാംകൂർ–കൊച്ചിയിലുള്ള എല്ലാ വിഭാഗങ്ങളിലുമുള്ള തിരുപ്പുവാരത്തെ സംബന്ധിച്ചും പര്യാലോചിക്കുന്നതാണു്. കണ്ടുകൃഷിഭൂമികളെ സംബന്ധിച്ചും ഇവിടെ പ്രസ്താവിച്ചുകേട്ടു. കണ്ടുകൃഷി സംബന്ധിച്ചു് അടുത്തകാലത്തു് ഒരു ഗസറ്റ നോട്ടിഫിക്കേഷൻ ഉണ്ടായിട്ടുണ്ടെന്നാണു് എന്റെ ഓർമ്മ. കണ്ടുകൃഷി തനതു വസ്തുവിനു് ഇപ്പോൾ കൊടുക്കുന്ന പാട്ടത്തിന്റെ പതിനാറും മൂന്നിൽ രണ്ടിരട്ടിയും, പാട്ടംവസ്തുവിനു് ഇപ്പോഴത്തെ പാട്ടത്തിന്റെ എട്ടും മൂന്നിലൊന്നു് ഇരട്ടിയും കൊടുത്താൽ പൂർണ്ണാവകാശം ലഭിക്കുമെന്നാണു് നോട്ടിഫിക്കേഷനിൽ വിവരിച്ചിരിക്കുന്നതു്. ഈ പ്രതിഫലത്തെപ്പറ്റിയും സെലക്റ്റ് കമ്മിറ്റിക്കു് ആലോചിക്കാവുന്നതാണു്.

ശ്രീ. വിശ്വംഭരൻ രണ്ടു ബില്ലുകൾ, അതായതു്, ഭൂമി കൈവശാവകാശവും ഉടമയും നിയന്ത്രണബില്ലും, വെറുംപാട്ടംദാർസ് ബില്ലും സെലക്റ്റ് കമ്മിറ്റിക്കയച്ചതിന്റെ റിപ്പോർട്ടു വന്നുകാണാത്തതിനെപ്പറ്റി പറയുകയുണ്ടായി. ചില പ്രത്യേക സാഹചര്യത്താലാണു്, അടുത്ത നിയമസഭയ്ക്കു മുൻപായി സെലക്റ്റ് കമ്മിറ്റി റിപ്പോർട്ടു് ചെയ്യണമെന്നുള്ള നിയമം പാലിക്കാൻ സാധിക്കാതെപോയതെന്നു് അദ്ദേഹത്തിനു ബോദ്ധ്യമുണ്ടെന്നും വ്യക്തമാക്കി; എന്നാൽ ഇതിനകം ഒരു പ്രാവശ്യംപോലും സെലക്റ്റ്കമ്മിറ്റി കൂടിയിട്ടില്ലെന്നുള്ള ആക്ഷേപവും അദ്ദേഹം ഉന്നയിച്ചു. കഴിഞ്ഞ 15-ാംനു- സെലക്റ്റ്കമ്മിറ്റി കൂടുന്നതിനാണു് നിശ്ചയിച്ചിരുന്നതു്. അന്നു വന്നുചേരാൻ സാധിക്കുകയില്ലെന്നു് പ്രതിപക്ഷനേതാവു് ശ്രീ. ടി. വി. തോമസ് ബഹുമാനപ്പെട്ട സ്പീക്കറേയും, സെക്രട്ടറിയേയും അറിയിച്ചിരുന്നു. അതിനുപുറമെ സെലക്റ്റ്കമ്മിറ്റി അംഗങ്ങളായ മുഖ്യമന്ത്രിയും, പൊതുമരാമത്തുവകുപ്പു മന്ത്രിയും അത്യാവശ്യമായ ഏതോ കാര്യം പ്രമാണിച്ചു് തൃശ്ശൂർക്കു് പോയതിനാൽ അവർക്കും വന്നുചേരാൻ സാധിക്കാതെ വന്നു. അങ്ങനെ സെലക്റ്റ്കമ്മിറ്റി കൂടാൻ സാധിക്കാതെ പോയതാണു്.

ശ്രീ. ടി. വി. തോമസ്: 15-ാംനു- ഹാജരാകാൻ നിവൃത്തിയില്ലെന്നും, 18-ാംനു- വൈകീട്ടു് കമ്മിറ്റി കൂടുന്നതിനുവേണ്ട ഏർപ്പാടു ചെയ്യണമെന്നും അറിയിച്ചിരുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: 18-ാംനു- അസംബ്ലി തുടങ്ങുന്ന ദിവസമാണ്. ഇത്ര പ്രാധാന്യമുള്ള ഒരു ബില്ല്, അസംബ്ലിയിൽ സംബന്ധിച്ചശേഷം, വൈകിട്ടുകൂടി ചർച്ച ചെയ്യുന്നതു് അത്ര പ്രയോജനപ്രദമായിരിക്കുകയില്ലെന്നു കരുതി.

ശ്രീ. മഞ്ജുനാഥപ്രഭു: കമ്മിററിക്കു് കോറം നിശ്ചയിച്ചിട്ടില്ലേ, കോറം തികയാത്തതുകൊണ്ടു് മാററിവച്ചതാണോ?

ശ്രീ. എ. ജെ. ജാൺ: വളരെ പ്രാധാന്യമുള്ള ഒരു ബില്, നിവൃത്തിയുള്ളിടത്തോളം എല്ലാ അംഗങ്ങളേയും ഉൾപ്പെടുത്തി ചർച്ച ചെയ്യണമെന്നാണു് വിചാരിക്കുന്നതു്. നാലോ, അഞ്ചോ അംഗങ്ങളെക്കൊണ്ടു കോറം പൂർത്തിയാക്കി ചർച്ച ചെയ്യപ്പെടേണ്ട ഒരു പ്രശ്നമല്ലിതു്.

ശ്രീ. കെ. ടി. തോമസ്: എരുമേലി ദേവസ്വം വസ്തുക്കളെ സംബന്ധിച്ചു് ചില കാര്യങ്ങൾ പറയുകയുണ്ടായി. അതിനെ സംബന്ധിച്ചു് ഈ ബില്ല് മുഖേന യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. എ. ജെ. ജാൺ: ഈ ബിൽ താഴെ പറയുന്ന ഒരു സെലക്ററ കമ്മിററിക്കു് അയക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ അനുവദിക്കണമെന്നപേക്ഷ.

1. ശ്രീ. കെ. പി. ഗോപാല മേനോൻ.
2. ,, എം. എം. മത്തായി.
3. ,, എം. എ. ആൻറണി.
4. ,, പി. രാമസ്വാമിപ്പിള്ള.
5. ,, സി. കൊച്ചുകുഞ്ഞു്.
6. ,, ടി. എസ്. രാമസ്വാമി.
7. ,, ആർ. പ്രകാശം.
8. ,, തോപ്പിൽ ഭാസ്കരൻ പിള്ള.
9. ,, ബി. ബി. പണ്ടാരത്തി.
10. മുഖ്യമന്ത്രി.
11. അവതാരകൻ.

കോറം 5., സാധാരണ ഗതിയിൽ റിപ്പോർട്ടു ചെയ്യണം.

ശ്രീ. ടി. വി. തോമസ്: റിപ്പോർട്ടു് എന്നു വരുത്താനാണു് ആവശ്യപ്പെടുന്നതു്?

ശ്രീ. എ. ജെ. ജാൺ: അടുത്ത അസംബ്ലി കൂടുന്നതിനു മുൻപുതന്നെ റിപ്പോർട്ടു ചെയ്യണമെന്നാണു്.

ശ്രീ. ടി. വി. തോമസ്: ഈ ബില്ലുകളെല്ലാം ഒരേ സെലക്ററ കമ്മിററിക്കയയ്ക്കാൻ കഴിഞ്ഞ അസംബ്ലിയിൽ തീരുമാനിച്ചതാണു്. അതിനു ഇപ്പോൾ വ്യത്യാസം വരുത്താൻ പ്രത്യേകകാരണമെന്തു്?

ശ്രീ. എ. ജെ. ജാൺ : അതു വളരെ കൂടുതൽ അംഗങ്ങൾ ഉള്ള ഒരു കമ്മിററിയായിരുന്നു. സൗകര്യത്തെ ഉദ്ദേശിച്ചുമാത്രം ഇങ്ങനെയൊരു സെലക്റ്റുകമ്മിററി രൂപീകരിച്ചുവെന്നേയുള്ളു.

ശ്രീ. കെ. ബാലകൃഷ്ണൻ : ഇതു സംബന്ധിച്ച റിപ്പോർട്ടു് ഈ സെഷനിൽത്തന്നെ വരുത്തുന്നതു നന്നായിരിക്കും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറു് ഇടവക ഭൂമികളെ സംബന്ധിച്ചും മററും ചില ആലോചനകൾ നടത്തിവരികയാണു്. അതു സഫലമാകുകയാണെങ്കിൽ ഈ ബില്ലുകൂടാതെതന്നെ ഇതിലടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതാണു്. ആലോചന സഫലമാകുമെന്നാണു വിശ്വാസം. അതുകൊണ്ടു് ധൃതിയിൽ ഈ നിയമസഭയിൽത്തന്നെ റിപ്പോർട്ടുചെയ്യണമെന്നു നിർബ്ബന്ധം പിടിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

**Mr. Deputy Speaker** : The question before the House is that the Special Rights in Lands Abolition Bill be referred to a Select Committee consisting of :—

Shri K. P. Gopala Menon,
,, M. M. Mathai,
,, M. A. Antony,
,, P. Ramaswami Pillai,
,, C. Kochukunju,
,, T. S. Ramaswami Pillai,
,, R. Prakasam,
,, Thoppil Bhaskaran Pillai,
,, B. B. Pandarathil,
,, Panampilli Govinda Menon, and the Mover ;

the Quorum being five and the Report to be submitted in due course.

The motion was put and carried.

## THE KANAM TENANCY BILL.

*Home Minister* (**Shri A. J. John**) : I move that the Travancore-Cochin Kanam Tenancy Bill be referred to a Select Committee.

*Minister for Local Self Government* (**Shri K. Kochukuttan**) : I second it.

**Shri A. J. John** : The Cochin Tenancy Act, 1113, confers irredeemability only on kanams created on or before 9-3-1090. According to that Act, renewal fee payable at the time of renewal is 27 1/2 per cent of the Kanam amount and 15 per cent of the Puramkadam, if any, except in cases where the michavaram is less than 12 1|2 per cent of the pattom. There has been a demand to make all kanams irredeemable. The question of the renewal fees payable has also been subjected to severe criticism. The fixation of the renewal fee as a percentage of the premium advanced is considered unsound

in that it has no relation to the profit which the tenant derives from the holding. At any rate, it works hardship in cases where the kanam and the puramkadam amounts are large.

Under the Travancore Jenmi and Kudian Act of 1071, the kanam tenants enjoy absolute fixity and they have been made full owners of land subject only to the payment of Jenmikaram which has been settled.

It was considered that as in the Travancore area, the Kanam tenant in Cochin also may be made the owner of the land subject only to the payment of the dues to the Jenmi. It was also considered that as recommended by the Land Policy Committee the renewal fee may be fixed as one year's michavaram or the renewal fee payable under the Cochin Tenancy Act whichever is less and the claims of the Jenmis may be settled as in the Travancore area and Government may undertake to collect the same for payment to the Jenmi after deducting the collection charges. With this object in view, this Bill is introduced.

I move that the Bill be referred to a Select Committee consisting of :—

1. Shri A. R. Menon,
2. ,, M. V. Cherian,
3. ,, P. K. Abdul Khader,
4. ,, P. Thanulingam Nadar,
5. ,, K. A. Sivarama Bharathi,
6. ,, P. Narayanan Potti,
7. ,, R. Sankaranarayanan Thampi,
8. Sry. K. R. Gouri, and
9. Shri A. J. John, (Mover);

the Quorum being 5 ; the Bill to be reported in due course.

**Mr. Dy. Speaker** : The question is, that the Kanam Tenancy Bill be referred to a Select Committee consisting of: —

1. Shri A. R. Menon,
2. ,, M. V. Cherian,
3. ,, P. K. Abdul Khader,
4. ,, P. Thanulingam Nadar,
5. ,, K. A. Sivarama Bharathi,
6. ,, P. Narayanan Potti,
7. ,, R. Sankaranarayanan Thampi,
8. Sry. K. R. Gouri and
9. the Mover;

the quorum being 5; the Bill to be reported in due course.

The motion was put and carried.

ശ്രീ. ടി. വി. തോമസ്: ഇതിന്റെ റിപ്പോർട്ട് ഈ സെഷനിൽത്തന്നെ സമർപ്പിക്കണമെന്നാണോ ?

**Shri Panampilli Govinda Menon** : If the Select Committee will find time to consider the Bill and report during this Session of the Legislature, it will be all right,

ശ്രീ. ടി. വി. തോമസ്: വകുപ്പുമന്ത്രിയല്ലേ അതു തീരുമാനിക്കേണ്ടതു്?

ശ്രീ. എ. ജെ. ജോൺ: കഴിയുന്നതും ഈ സെഷനിൽതന്നെ റിപ്പോർട്ടുവരുത്താം.

ശ്രീ. കെ. സി. ജോർജ്ജ്: കഴിയുന്നതും ശ്രമിച്ചാൽ പോരാ; അങ്ങനെ തന്നെ വേണമെന്നാണു് ഞങ്ങളുടെ അഭിപ്രായം.

**Shri A. J. John**: Very good. I accept that.

## THE TRAVANCORE-COCHIN PREVENTION OF EVICTION OF KUDIKIDAPPUKARS BILL.

*Home Minister* (**Shri A. J. John**): Sir, I move that the Travancore-Cochin Prevention of Eviction of Kudikidappukars Bill be referred to a Select Committee.

*Minister for Local Self Government* (**Shri K. Kochukuttan**): I second it.

**Shri A. J. John**: With a view to having a uniform law applicable to the whole State relating to Kudikidappukars, the Travancore-Cochin Prevention of Eviction of Kudikidappukars Bill was introduced in the Legislative Assembly. The provisions of the Bill closely follow those of the Travancore Prevention of Eviction Act, 1124. This Bill was circulated by Government, along with the other Bills relating to Land Reforms, for eliciting public opinion. The public have offered valuable suggestions regarding the various provisions proposed in the Bill. These suggestions have been made available to the Members of the House.

It may be seen from the opinions received from the public, that some have suggested to enlarge the scope of the definition of 'Kudikidappukaran' so as to include Vadakacheettukaran and Koolicharthukaran also. Some others have suggested that a Kudikidappukaran should not be evicted in any event. There are also certain suggestions to the effect that no time limit should be fixed for registration and that registration within 6 months as provided in the Bill should not be made a condition precedent to get fixity.

[Mr. Speaker in the Chair.]

Besides the above, suggestions have been made with regard to certain other provisions also in the Bill. All these suggestions can be considered by the Select Committee to which the Bill is to be referred to.

The Select Committee will consist of the following Members:—

1. Shri M. Bhaskaran Nair,
2. „ K. K. Balakrishnan,
3. „ A. Kunjan Nadar,
4. „ T. T. Kesavan Sastry,
5. „ Idiculla Idiculla,

6. Shri A. Achuthan,
7. ,, K. Chandrasekhara Sastry.
8. ,, P. K. Chathan,
9. ,, P. R. Madhavan Pillai ; and
10. The Mover.

The Committee will report within 4 weeks and the quorum will be 5.

**Shri K. Kochukuttan**: I second it.

**Mr. Speaker**: The question is that the Travancore-Cochin Prevention of Eviction of Kudikidappukars Bill be referred to the Select Committee consisting of :—

1. Shri M. Bhaskaran Nair,
2. ,, K. K. Balakrishnan,
3. ,, A. Kunjan Nadar,
4. ,, T. T. Kesavan Sastry,
5. ,, Idiculla Idiculla,
6. ,, A. Achuthan,
7. ,, K. Chandrasekhara Sastry,
8. ,, P. K. Chathan,
9. ,, P. R. Madhavan Pillai, and
10. The Mover.

the quorum being 5 and the Committee to report within 4 weeks.

The motion was put and carried.

ശ്രീ തോപ്പിൽ ഭാസ്കരൻപിള്ള: സർ, ഈ ബില്ലിന്റെ പ്രാധാന്യത്തെ പരിഗണിച്ചുകൊണ്ട് ചില വിവരങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നു ഒഴിപ്പിക്കൽ പ്രശ്നം ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ സജീവമായ ഒരു പ്രശ്നമായി തീർന്നിരിക്കുകയാണ്. പുതിയതായി ഈ ബില്ലിൽ മുമ്പ് നിലവിലിരുന്ന നിയമത്തിൽ കൂടുതലായി ഒന്നും തന്നെയില്ല. ഈ ബില്ലിലുള്ള പോരായ്മകൾ ഏറെക്കുറെ നീക്കിക്കൊണ്ട് പി. എസ്. പി. സർക്കാർ എല്ലാവിധ ഒഴിപ്പിക്കലുകളെയും നിരോധിച്ചുകൊണ്ടുള്ള സംരംഭങ്ങളും കഴിഞ്ഞ അസംബ്ലിയിൽ നടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ പ്രശ്നത്തിന്റെ ഗൗരവം എന്താണെന്നു നിശ്ചയമായും ഈ സഭ മനസ്സിലാക്കുന്നുണ്ട്.

നമ്മുടെ രാജ്യത്തു അങ്ങോളമിങ്ങോളം ഇന്നു വൻതോതിൽ വസ്തു ഒഴിപ്പിക്കലും കുടി ഒഴിപ്പിക്കലും നടക്കുന്നുണ്ട്. ഇതിന്റെപേരിൽ ആയിരക്കണക്കിനു കേസ്സുകൾ ഉണ്ടായിട്ടുണ്ട്. കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുകയുമാണ്. ഒരു യാഥാർത്ഥ്യം പറയുകയാണെങ്കിൽ ഈ സഭയിലെ ഒരു അംഗമായ ഞാൻതന്നെ ഇത്തരം ഒരു കുടിഒഴിപ്പിക്കൽ കേസിലെ പ്രതിയാണ്. ഈ ഭാഗത്തിരിക്കുന്ന എന്റെ സഖാക്കളിൽ പലരും തന്നെ ഇത്തരം കേസുകളിൽ പ്രതികളായിട്ടുണ്ട്. ഇന്നു കുടി ഒഴിപ്പിക്കൽ നിരോധിച്ചുകൊണ്ടുള്ള നിയമം ഉണ്ടെങ്കിലും ആ നിയമം തന്നെ നിഷേധിച്ചുകൊണ്ട് നാട്ടിൻപുറങ്ങളിൽ നാട്ടുപ്രമാണികളായ കാൺഗ്രസ്സ് പ്രവർത്തകർ ഒഴിപ്പിക്കൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ചില ഉദാഹരണങ്ങളും ഞാൻ പറയുകയാണ്.

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

ഈ അടുത്ത കാലത്ത് എന്റെ നിയോജകമണ്ഡലമായ ഭരണിക്കാവു എന്നു പറയുന്ന സ്ഥലത്തു ഒരു പാവപ്പെട്ട മാംകയറത്തൊഴിലാളി കുടുംബത്തെ ദീർഘകാലമായി അവർ താമസിച്ചുകൊണ്ടിരുന്ന പുരയിടത്തിൽ നിന്നും അവിടത്തെ കാൺഗ്രസ്സ് നേതാവായ ഒരു രാമൻപിള്ള ഗുണ്ടാകളുടെ സഹായത്തോടുകൂടി പുരുഷൻ അവിടെ ഇല്ലാതിരുന്ന അവസരത്തിൽ അവിടെ താമസിച്ചിരുന്ന സ്ത്രീയെ പിടിച്ച് നടുറോഡിൽകൊണ്ടുപോയി കളഞ്ഞിട്ട് അവരുടെ കുടി പൊളിച്ചുകളഞ്ഞ് ഇറക്കിവിട്ടു. പക്ഷേ നാട്ടുകാരും അവിടത്തെ കർഷകസംഘവും കർഷകതൊഴിലാളിയൂണിയനും ഇടപെട്ട് ആ കുടി അവിടത്തന്നെ വീണ്ടും കെട്ടിച്ചുകൊടുത്തു. അതേ സംബന്ധിച്ച് അവിടത്തെ മുൻസിഫ്കോടതിയിൽ കേസ് ഫയൽ ചെയ്തു. കോടതിയിൽ നിന്നും അവരെ അവിടെ താമസിക്കാൻ അനുവദിക്കുകയും ചെയ്തു. കുറെ ദിവസം കഴിഞ്ഞ് ആ കുടി വീണ്ടും നശിപ്പിക്കുകയുണ്ടായി. ഒരു രാഷ്ട്രീയപാർട്ടിയുടെ ഇങ്ങിനെയുള്ള പ്രവർത്തനങ്ങൾ—പ്രത്യേകിച്ചും കാൺഗ്രസ്സുകാരുടെ പ്രവർത്തനങ്ങൾ എത്ര നീചമാണ്. ഇതാണോ ആവഡിസോഷ്യലിസം! ആ കാൺഗ്രസ്സ് പ്രമാണി കുറെ ദിവസം കഴിഞ്ഞ് കുറെ ഗുണ്ടാകളെ കൊണ്ടുവന്ന് കുടി നശിപ്പിക്കുകയും അവിടെ നട്ടുപിടിപ്പിച്ചിരുന്ന വാഴ, മരച്ചീനി മുതലായവയെല്ലാം നശിപ്പിച്ചുകളയുകയും ഉണ്ടായി. പക്ഷേ വീണ്ടും അവിടെത്തന്നെ നാട്ടുകാർ എല്ലാംകൂടി ആ സാധുവിന് കുടി കെട്ടി കൊടുത്തു. അതേ സംബന്ധിച്ച് മജിസ്ട്രേട്ട് കോടതിയിൽ ഒരു കേസ്സും കൊടുത്തു. പക്ഷേ ആ കുടിയിൽ നിന്നും എടുത്തുകൊണ്ടുപോയ സാധനങ്ങൾ എല്ലാം പോലീസിനെ കാണിച്ചുകൊടുത്തിട്ടും ആ തൊണ്ടി എടുക്കുന്നതിനോ നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുന്നതിനോ പോലീസ് തയ്യാറായില്ല. നേരെ മറിച്ച് ആദ്യം ഒരു നാല്പതു പേരെ ചേർത്ത് മാവേലിക്കര പോലീസ് ഇൻസ്പെക്ടർ കേസ് എടുക്കുകയാണുണ്ടായത്. ഈ സംഭവങ്ങളെ തുടർന്ന് വേറെ അൻപതുപേരെ ചേർത്ത് ഒരു കേസ്സും എടുത്തു. അതിൽ ഒന്നാംപ്രതിയാണ് ഞാൻ. ആ കേസ്സ് എന്താണെന്നുകൂടി ഈ സഭ ഓർമ്മിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എ. ജെ. ജാൻ: ആ കേസ് ഇപ്പോഴും നിലവിലിരിക്കുകയാണോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതേ. ഞാൻ ഒരു എരുമയുടെ പുറം കുത്തിക്കീറി എന്നാണ് കേസ്. ഇങ്ങനെ ഒരു കേസ് കൊടുക്കുന്നതിൽ നല്ലതു് കാൺഗ്രസ്സുകാരനെ രണ്ടടിച്ചു എന്ന് പറഞ്ഞ് കേസ് എടുത്തെങ്കിൽ മനസ്സിലാക്കാമായിരുന്നു. ഈ അടുത്തദിവസം വീണ്ടും ആ പുര തീവച്ചു നശിപ്പിച്ചു. ഒരു അദ്ധ്യാപകനെ ഭരണിക്കാവിൽ വച്ചു തന്നെ കാൺഗ്രസ്സുകാരായ പ്രമാണികൾ ചേർന്ന് മർദ്ദിക്കുകയുമുണ്ടായി. എന്റെ അറിവ് ശരിയാണെങ്കിൽ ഈ സഭയിലെ ഒരു അംഗമായിരിക്കുന്ന ശ്രീ. ടി. എം. വർഗ്ഗീസിന് ഇതേ സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ അറിയാം. ഈ സംഭവം നടന്ന അവസരത്തിൽ അദ്ദേഹം അവിടെ ഉണ്ടായിരുന്നതായിട്ടാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. പിന്നീട് ഒരു ദിവസം വേറെ രണ്ടാളുകളെക്കൂടി മർദ്ദിക്കുകയുണ്ടായി. അതിൽ ഒരാൾ ആശുപത്രിയിൽനിന്ന് പുറത്ത് വന്നതേയുള്ളു.

ഭരണിക്കാവ് നിയോജകമണ്ഡലത്തിൽപ്പെട്ട പാലമേൽ എന്ന സ്ഥലത്തു് മറെറാരു കോൺഗ്രസ് പ്രമാണി ഒരു റോഡ് വെട്ടുന്നതിന്റെ പേരിൽ—വഴിയില്ലാതിരുന്ന ഒരു സ്ഥലത്തുകൂടി ഒരു വഴിവെട്ടുന്ന ഭാവത്തിൽ—അവിടെയുള്ള കുടികിടപ്പുകാരെ ഇറക്കാൻ ശ്രമിച്ചു. അതു സംബന്ധിച്ചും അവിടത്തെ പോലീസ് ഇൻസ്പെക്ടർ ഈ അനീതിയെ എതിർത്തവരുടെ പേരിൽ ഒരു കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ: ഈ കേസുകൾ ഒക്കെ ചാർജ്ജ് ചെയ്തതു എന്നാണെന്നു പറയാമോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പറയാം. കോൺഗ്രസ് അധികാരത്തിൽ വന്നതിനുശേഷം ഈ കോൺഗ്രസ് പ്രമാണിമാരും പോലീസും ഇരട്ടച്ചങ്ങ വച്ചിരിക്കുകയാണ്. അതൊക്കെ നമുക്കറിയാവുന്ന കാര്യമാണ്. ഇതുപോലെ ഇളിപ്പുകളുണ്ട്. അവരെല്ലാം കോൺഗ്രസുകാരാണെന്നതാണതിശയം.

ശ്രീ. എം. എം. മത്തായി: ആരുടെ പേരിലും കേസ് പാടില്ലെന്നാണോ മെംബർ പറയുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അവിടെ ചെററപ്പുരയ്ക്കു ഉത്തരം വച്ചു ഒരു പ്രമാണി കെട്ടിടം......................

ശ്രീ. ഇടിക്കുള ഇടിക്കുള: ഇതും ആ നിയോജകമണ്ഡലത്തിൽ തന്നെയാണോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: എന്താ—ആവഡിയോ—(കൂട്ടച്ചിരി) സർ, ഇങ്ങനെ നാട്ടുപ്രമാണികൾ മാത്രമല്ല കുടിയിറക്കസംരംഭങ്ങൾ നടത്തുന്നതു്. ഗവൺമെന്റുകൾ തന്നെ ഈ മാതിരി വൃത്തികേടുകൾക്കു് മാതൃക കാണിച്ചുകൊടുക്കുകയാണ്. അതിന്റെ ഏററവും നഗ്നമായ ഒരു ചിത്രമായിരുന്നു ശ്രീ. ശങ്കരനാരായണൻതമ്പി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മുഖ്യമന്ത്രി അവർകളെ കാണിച്ചുകൊണ്ടു് പ്രസംഗിച്ചതു്. ചുനക്കര എന്ന സ്ഥലത്തു് അഞ്ചു് കുടുംബങ്ങൾ ഒരു പുറമ്പോക്കു സ്ഥലത്തു കുടി കിടന്നുവന്നിരുന്നു. അവിടത്തെ ചില പ്രമാണിമാരുടെ ആവശ്യപ്രകാരം മാവേലിക്കര ഇൻസ്പെക്ടറും വില്ലേജധികാരികളും കൂട്ടരുമായി വന്നു ആ സ്ഥലത്തു കായ്ക്കാറായി നിന്നിരുന്ന നാൽപ്പതിൽപരം പ്ലാവും, നാനൂറിൽചില്വാനം വാഴയും അടയ്ക്കാമരവും മററു സാധനങ്ങളും വെട്ടിനശിപ്പിച്ചു. ഇതിന്റെ ഫോട്ടോയാണു് മുഖ്യമന്ത്രിയുടെ കയ്യിൽ ഏൽപ്പിച്ചുകൊണ്ടു സംസാരിച്ചതു്.

കുന്നത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട എടക്കാട്ടു ഒരു കുടിയിറക്കസംരംഭം നടക്കുകയുണ്ടായി. അവിടെ ഇപ്പോൾ എട്ടാമത്തെ പ്രാവശ്യവും മർദ്ദകനായ ഋഷികേശൻ എന്ന പോലീസ് ഇൻസ്പെക്ടർ പുരയ്ക്കു തീവച്ചിരിക്കുന്നു. ആ മർദ്ദകനായ പോലീസ് ഇൻസ്പെക്ടറുടെ ഭീകരമർദ്ദനങ്ങൾക്കു്. അയാളുടെ പേരിൽ നടപടികൾ എടുക്കണമെന്നു് പരാതിപ്പെട്ടിട്ടു് ഇപ്പോഴും അയാൾ അവിടെ തുടർന്നു മർദ്ദനം നടത്തിക്കൊണ്ടിരിക്കുന്നു. മാത്രമല്ല അവിടെയുള്ള പൊതുപ്രവർത്തകന്മാരുടെ പേരിൽ കേസ്സുകൾ ചാർജ്ജുചെയ്തുവരികയുമാണ്. അവിടത്തെ ചില ആളുകളെ ഭയങ്കരമായി മർദ്ദിക്കുകയും ചെയ്യുന്നു.

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

രണ്ടു ദിവസത്തിനു മുമ്പ്, പണ്ടു് ശാന്തിസേന എന്നു് അറിയപ്പെട്ടിരുന്നതും ഇപ്പോൾ സേവാദളം എന്ന പേരിൽ അറിയപ്പെടുന്നതുമായ സംഘത്തിൽപെട്ടവർ അവിടെയുള്ള ഒരു പൊതുപ്രവർത്തകനെ വളരെ ഗൌരവതരമായ രീതിയിൽ വെട്ടിമുറിവേല്പിച്ചു. അദ്ദേഹം ആശുപത്രിയിൽ പ്രവേശിച്ചിരിക്കുകയുമാണ്. ഇങ്ങനെ എല്ലാ സ്ഥലത്തും സാധാരണക്കാരായ ജനങ്ങളെ കുടിയൊഴിപ്പിക്കലിന്റെ പേരിൽ കഷ്ടപ്പെടുത്തുന്നതിനെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഒരു സമനോഭാവം ഗവണ്മെന്റിനുണ്ടെങ്കിൽ നിശ്ചയമായും ഈ മാതിരി പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഗൌരവതരമായ രീതിയിൽ വീക്ഷിക്കുകയും ഈ ഗവണ്മെന്റിന്റെ നിലവിൽ ഇരിക്കുന്ന നിയമങ്ങളെ ലംഘിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കുകയുമാണ് വേണ്ടതു്. ഞാൻ ഒന്നു രണ്ടു് കാര്യങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. ഒരു കോടതിയിൽ നിന്നും ഒരു കേസ്സിനെ സംബന്ധിച്ചു് വേണ്ട ഉറപ്പുകൊടുത്തിരിക്കെ ഇത്തരത്തിൽ അക്രമം പ്രവർത്തിക്കുന്ന, ഇത്തരത്തിൽ കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതിനു് അരുവു നിൽക്കുന്ന സംപ്രദായം ഒരു ഗവണ്മെന്റിനും ഭൂഷണമല്ല. ഇതൊരു പാർട്ടിയെപ്പററി ഞാൻ പ്രത്യേകമായി പറഞ്ഞതല്ല. സന്ദർഭവശാൽ എനിക്കു പറയാൻ ഉള്ളതു് ഞാൻ പറഞ്ഞതാണ്. ഇന്നു അധികാരം നിങ്ങളുടെ കൈവശമിരിക്കുമ്പോൾ നിങ്ങൾ തന്നെ നിങ്ങളുടെ നിയമങ്ങളെ ലംഘിക്കുന്ന സമ്പ്രദായമാണ് നടക്കുന്നതു്. ഇതുസംബന്ധിച്ചിടത്തോളം ഇതിന്റെ ഗൌരവം സദസ്സിനെ എടുത്തുകാണിച്ചുകൊണ്ടു് കഴിഞ്ഞ അസംബ്ലി സമ്മേളനത്തിൽ എന്നല്ല എല്ലാ സമ്മേളനങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടു്. ഇതിനു അടിയന്തിരനിയമങ്ങൾ തന്നെ ഉണ്ടാക്കി പ്രതിവിധിയുണ്ടാക്കണമെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പല പ്രാവശ്യവും പെടുത്തിയിട്ടുള്ളതാണ്. പക്ഷെ ഇതുവരെ ഇങ്ങനെ ഒരു നിയമനിർമ്മാണത്തിനു ഗവണ്മെന്റു് ഒരുമ്പെട്ടില്ല. എന്നാൽ ഇപ്പോൾ ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നതു വളരെ വേഗം അതായതു് നാലു് ആഴ്ചയ്ക്കകം സെലക്ററുകമ്മിററി പരിശോധിച്ചു് അതിന്റെ റിപ്പോർട്ടു് സമർപ്പിക്കണമെന്നു് പറഞ്ഞിരിക്കുന്നതു് നിശ്ചയമായും സ്വാഗതാർഹമാണ്. അങ്ങനെ ഒരു നിർദ്ദേശം മന്ത്രി കൊണ്ടുവന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇതു് ഉടനെ നിയമമാക്കണം.

**Mr. Speaker:** Order, order. We will now adjourn and meet again at 10 a. m. on Monday the 21st March 1955.

The Assembly adjourned at 1 p. m. to meet again at 10 a. m. on Monday the 21st March 1955.